അധികാരം ജനങ്ങളിലേക്ക്



ഒൻപതാം പദ്ധതി ജനകീയ പദ്ധതി



മുടക്കുഴ ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട് 1996

69-2

ആമുഖം

മുടക്കുഴ പഞ്ചായത്ത് വികസന റിപ്പോർട്ട്

ഇന്ത്യയുടെ ആസൂത്രണചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് വഴിതെളിക്കുന്ന നൂതന സംരംഭമാണ് സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകി നടപ്പിലാക്കി വരുന്ന ജനകീയആസൂത്രണപ്രസ്ഥാനം ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കും ജനകീയ ആവശ്യങ്ങൾക്കും അനുസൃതമായി താഴെത്തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു എന്നതാണ് ജനകീയ ആസൂത്രണ പദ്ധതിയുടെ മേന്മ.

ഒരുജനതയുടെ സാമൂഹികവും സാമ്പത്തികവുംസാംസ്ക്കാരികവുമായ പുരോഗതിയാണ് വികസനം. ആഹാരം വസ്ത്രം, പാർപ്പിടം എന്നിവ ഇതിന്റെ ആദ്യപടിയാണ്. കാർഷിക വ്യവസായ മേഖലകളുടെ ദ്രുതഗതിയിലുള്ള വർദ്ധന ഇതിനാവശ്യമാണ്.

വികസനം ഫലപ്രദമാകണമെങ്കിൽ അതിന് ശരിയായ ആസൂത്രണം ആവശ്യമാണ്. ആസൂത്രണം എന്നുപറയുന്നത് സാമൂഹ്യ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രക്രിയകളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും, അതുപ്രകാരം വിഭവങ്ങൾ നീക്കിവയ്ക്കുകയുമാണ്. ഒരു പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ അതിന്റെ ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്ന് മുൻകൂട്ടികാണാൻ കഴിയണം.

നിത്യജീവിതത്തിൽ നമുക്ക് ആവശ്യമായി വരുന്ന എല്ലാവസ്തുക്കളും കമ്പോളത്തിൽ ലഭ്യമാകുന്നതുകൊണ്ട്, ഉൽപ്പാദന മേഖലയോട് മുഖം തിരിക്കുന്ന ഒരു പ്രവണതയാണ് ഇന്ന് വളർന്നുവരുന്നത്. കമ്പോളവൽക്കരണത്തിന്റെ വക്താക്കൾക്കാകട്ടെ ഏതുവിധത്തിലായാലും തങ്ങളുടെ ലാഭംവർദ്ധിപ്പിക്കുകയെന്നതുമാത്രമാണ് ലക്ഷ്യം. സാമൂഹ്യമായ കാഴ്ചപ്പാട് അവർക്ക് ഉണ്ടായിരിക്കുകയില്ല. തന്മൂലം അസമത്വം വർദ്ധിക്കുകയും ദാരിദ്ര്യം രൂക്ഷമാവുകയും ചെയ്യും. വിഭവങ്ങളുടെ ദുർവിനിയോഗവും കാര്യക്ഷമതയില്ലായ്മയും വർദ്ധിക്കും. ഇതിന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം അനിവാര്യമായ ഒരു ഘടകമാണ്.

കഴിഞ്ഞ 8 പഞ്ചവൽസര പദ്ധതികളെല്ലാം ഒരു പരിധി വരെ വികസനത്തെ സഹായിച്ചിട്ടുണ്ട്. പക്ഷെ ഇതിന് ചെലവഴിച്ച തുകയുടെ 30% പോലുംജനങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടില്ല എന്നത് മറച്ചുവയ്ക്കാനാകാത്ത സത്യമാണ്. കേന്ദ്ര സർക്കാരിന്റെ കണക്കുകൾ പ്രകാരം 1 രൂപ കേന്ദ്രഗവൺമെന്റ് ചെലവഴിക്കുമ്പോൾ 15 പൈസയും, സംസ്ഥാനസർക്കാർ ചെലവഴിക്കുമ്പോൾ 35 പൈസയും മാത്രമേ ജനങ്ങളിൽ എത്തിച്ചേരുന്നുള്ളു. ജനപങ്കാളിത്തമില്ലായ്മയാണ് ഇതിന് കാരണം. ജനകീയ ആസൂത്രണം ഇതിന് പരിഹാരമാണ്.

ഭൂ പ്രകൃതിയുടെ സാദ്ധ്യതകൾ, ജനങ്ങളുടെ ആവശ്യങ്ങൾ എന്നിവ കണക്കിലെടുത്ത് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ വിവിധ മേഖലകളുടെ പരസ്പര ബന്ധം മനസിലാക്കാം. വികസനത്തിന് ആവശ്യമായി പ്രാദേശിക വിഭവങ്ങൾ സമാഹരിക്കാൻ കഴിയും. ജനപങ്കാളിത്തവും സേവന സന്നദ്ധതയും ഉണ്ടെങ്കിൽ മിക്ക രംഗങ്ങളിൽനിന്നും ഇടത്തട്ടുകാരെ ഒഴിവാക്കാനും അഴിമതി നിർമാർജനം ചെയ്യാനും കഴിയും.

ഈ പദ്ധതിയുടെ വിജയത്തിനായി ജില്ലാ പരിശീലനത്തിന് സർവ്വ ശ്രീ. എ. കെ. മത്തായി (പ്രസിഡൻറ് മുടക്കുഴ കോ. ഓപ്പറേറ്റീവ് ബാങ്ക്)
കെ. എം. ഐസക്ക് (റിട്ടേ. ഹെഡ്മാസ്റ്റർ)
എ. ജെ. പൗലോസ് (റിട്ടേ. അധ്യാപകൻ)
കെ. വി. സുകുമാരൻ (കൃഷി വകുപ്പ്)
എൻ. നാരായണൻ (K S R T C സെലക്ഷൻ ഗ്രേഡ് ക്ലാർക്ക്)
പി.പി. തമ്പി (സാക്ഷരതാ കോ. ഓർഡിനേറ്റർ)
കെ. ആർ. ശിവശങ്കരൻ(തൊഴിലാളി വിദ്യാഭ്യാസ ബോർഡ് റൂറൽ എഡ്യുക്കേറ്റർ)
പി. രാജപ്പൻ നായർ (റിട്ടേ. അധ്യാപകൻ)
എന്നിവരെ പഞ്ചായത്ത് കമ്മറ്റി നിയോഗിച്ച് കൂടാതെ ജനപ്രതിനിധികളായ T. K. സന്തോഷ് (പഞ്ചായത്ത് പ്രസിഡൻറ്)
പി. കെ. ശിവദാസ് (V I C C പ്രസിഡൻറ്)
കെ. കെ. ചെറിയാൻ (സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ)

വി. പി മാത്യു (മെമ്പർ)
എം. സി. ഓമന (മെമ്പർ)
സോമി പൗലോസ് (മെമ്പർ)
മേഴ്സി ജോസ് (മെമ്പർ)
എന്നിവരും ഉദ്യോഗസ്ഥ തലത്തിൽ നിന്നും കെ. യു. സുലോചന (പഞ്ചായത്ത് സെക്രട്ടറി) സി. എസ്. ഷൈല (കൃഷി ഓഫീസർ) എന്നിവരും ജില്ലാ പരിശീലനത്തിൽ പങ്കെടുത്തു.

ഗ്രാമസഭകൾ 29_9_96 ൽ ആരംഭിക്കുകയും 13_10_96 ൽ അവസാനിക്കുകയും ചെയ്തു. ഗ്രാമസഭകളിൽ 6 ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടന്നു. ഗ്രൂപ്പ് ചർച്ചകൾക്ക് ജില്ലാ പരിശീലകരും, പഞ്ചായത്ത് പരിശീലകരും നേതൃത്വം നൽകി.

ഗ്രാമസഭ വിലയിരുത്തൽ

വാർഡ് നമ്പർ	യോഗം ചേർന്ന തീയതി	പങ്കെടുത്തവരുടെ എണ്ണം സ്ത്രീ	പു	ആകെ	പങ്കെടുത്ത ഉദ്യോഗസ്ഥൻമാരുടെ എണ്ണം	SC/ST അംഗങ്ങളുടെ എണ്ണം
I	2_10_96	8	97	105	13	14
II	13_10_96	6	123	129	4	15
III	2_10_96	5	66	71	7	17
IV	13_10_96	2	65	67	8	12
V	29-9_96	3	109	112	2	21
VI	2_10_96	15	108	123	4	31
VII	29_9_96	2	57	59	10	16
VIII	6_10_96	19	106	125	3	15
IX	6_10_96	21	84	105	3	25
		81	815	896	54	166

ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങൾ, ദ്വിതീയ സ്ഥിതി വിവരകണക്കുകൾ, പഠന പര്യടനം, കാരണവർചർച്ചതൽ, ഗ്രന്ഥവരികൾ, അച്ചടി മാദ്ധ്യമങ്ങൾ, പുരാവസ്തുക്കൾ സ്മരണികകൾ,എന്നിവയെല്ലാംപ്രയോജനപ്പെടുത്തിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്.

പൊതുവിവരങ്ങളും ഭരണപരമായ ചരിത്രങ്ങളും

പഞ്ചായത്തിന്റെ പേര്	:	മുടക്കുഴ
റവന്യൂ വില്ലേജ്	:	വേങ്ങൂർ വെസ്റ്റ്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	മുടക്കുഴ ഡിവിഷൻ
ബ്ലോക്ക് പഞ്ചായത്ത്	:	കൂവപ്പടി
താലൂക്ക്	:	കുന്നത്തുനാട്
ജില്ല	:	എറണാകുളം
അസംബ്ലി മണ്ഡലം	:	പെരുമ്പാവൂർ
പാർലമെന്റ് മണ്ഡലം	:	മുകുന്ദപുരം
പഞ്ചായത്തിന്റെ വിസ്തീർണ്ണം	:	9.321 Sq. മൈൽസ്
വാർഡുകളുടെ എണ്ണം	:	9
ജനസംഖ്യ	:	15346 (1991 സെൻസസ്)
അതിരുകൾ	:	

വടക്ക്: വേങ്ങൂർ പഞ്ചായത്തും കൂവപ്പടി പഞ്ചായത്തും

പടിഞ്ഞാറ്: കൂവപ്പടി പഞ്ചായത്ത്

തെക്ക്: രായമംഗലം പഞ്ചായത്തും അശമന്നൂർ പഞ്ചായത്തും

കിഴക്ക്: അശമന്നൂർ പഞ്ചായത്തും വേങ്ങൂർ പഞ്ചായത്തും

പ്രസിഡന്റ്: റവ. കെ. സന്തോഷ്

വൈസ് പ്രസിഡന്റ്: പി. കെ. ശിവദാസ്

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ : കെ. കെ. ചെറിയാൻ

ഭരണസമിതി അംഗങ്ങൾ:

വാർഡ് ഒന്ന്	:	എം. സി. ഓമന
,, രണ്ട്	:	മേഴ്സി ജോസ്
,, മൂന്ന്	:	കെ. കെ. ചെറിയാൻ
,, നാല്	:	റവ. കെ. സന്തോഷ്
,, അഞ്ച്	:	സോമി പൗലോസ്
,, ആറ്	:	വി. പി. മാത്യു
,, ഏഴ്	:	വി. കെ. രാധാകൃഷ്ണൻ
,, എട്ട്	:	എ. കെ. സുരേഷ്
,, ഒൻപത്	:	പി. കെ. ശിവദാസ്

പെരിയാറിന്റെ തീരത്തുനിന്നും ഏകദേശം 2 കി. മീ. തെക്കുമാറി വ്യാപിച്ചു കിടക്കുന്ന ഇളമ്പകപ്പിള്ളി, ചുണ്ടക്കുഴി, മീമ്പാറ, മുടക്കുഴ എന്നീ ചെറുഗ്രാമങ്ങളും പ്രസിദ്ധ ജൈനക്ഷേത്രമായ കല്ലിൽ ക്ഷേത്രത്തിൽ നിന്നും ഏകദേശം 8 കി. മീ. വടക്ക് വ്യാപിച്ചു കിടക്കുന്ന തുരുത്തി, പ്രളയിക്കാട് എന്നീ ചെറുഗ്രാമങ്ങളും കൂട്ടിച്ചേർത്ത് 1962 ജനുവരി 1-ാംതീയതി G O (RT)7862/59 നമ്പർപ്രകാരം മുടക്കുഴ പഞ്ചായത്ത് രൂപീകൃതമായി. ഇതിനുമുമ്പ് ഈ പ്രദേശങ്ങളെല്ലാം വേങ്ങൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. രൂപീകരണവേളയിൽ 6 വാർഡുകളാണ് ഉണ്ടായിരുന്നത്. ചുണ്ടക്കുഴി മണ്ഡലം ദ്വയാംഗ മണ്ഡലമായിരുന്നു. 1963 ഡിസംബറിൽ ആദ്യ തെരഞ്ഞെടുപ്പു നടന്നു. എൻ. വി ദാമോദരൻ ഇളയത്, വി. പി. മത്തായി, എ. കെ. ജോസഫ്, എ. പരമേശ്വരൻകുഞ്ഞി, റവ. വി. ചോതി, ഡോ. ഇ. ഇട്ടൂപ്പ്, കെ. നാരായണൻനായർ എന്നിവരായിരുന്നു ആദ്യ ഭരണസാരഥികൾ. ജനുവരി 15-ാം തീയതി എൻ. വി. ദാമോദരൻ ഇളയതിനെ പ്രസിഡന്റായി തെരഞ്ഞെടുത്തു. തുടർന്ന് എ. കെ. ജോസഫ്, എൻ. പി. ജോർജ്, റവ. ജോസഫ് എന്നിവർ പ്രസിഡന്റുമാരായി സേവനമനുഷ്ഠിച്ചിട്ടുള്ളവരാണ്.

വില്ലേജാഫീസ്, കൃഷിഭവൻ രണ്ടു മൃഗാശുപത്രികൾ, പ്രൈമറി ഹെൽത്ത് സെന്റർ, ആയുർവേദാശുപത്രി, മൂന്ന് ഗവ. എൽ. പി. സ്കൂളുകൾ, ഒരു യു. പി. സ്കൂൾ, ഒരു ഹയർസെക്കണ്ടറി സ്കൂൾ, രണ്ട് വി.ഇ.ഒ.ഓഫീസുകൾ, തുടങ്ങിയ സർക്കാർസ്ഥാപനങ്ങളും ഒരു സ്വകാര്യ യു. പി. സ്കൂളും ഇവിടെയുണ്ട്. കൂടാതെ മുടക്കുഴ സർവ്വീസ് സഹകരണ ബാങ്ക്, തുരുത്തി പട്ടികജാതി വികസന സഹകരണസംഘം, മീമ്പാറ ആഗ്രോ സർവ്വീസ്സെന്റർ, 4 പാൽ സംഭരണ സഹകരണ സംഘങ്ങൾ(മിൽമ) എന്നീ സഹകരണസംഘങ്ങളും തുരുത്തിയിൽ ഫെഡറൽബാങ്കിന്റെ ഒരു ശാഖയും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

1 ചരിത്ര സാംസ്കാരിക പശ്ചാത്തലം

ഒരു ജനതയുടെ യഥാർത്ഥ ചരിത്രം അവരുടെ സാംസ്കാരിക ചരിത്രമാണ്. രാഷ്ട്രീയ, സാമ്പത്തീക, സാമൂഹിക ജീവിതത്തിന്റെ പരിണത ഫലമാണ് ഏതൊരു ജനതയുടേയും സംസ്കാരം. ജീവിത നിഷ്യാന്ദിയായ നിരവധി ഘടകങ്ങളുടെ ആസ്പന്ദന പ്രത്യാസ്പന്ദനങ്ങളുടെ ഫലമായി ഒരു ജനതയുടെ ചരിത്രവും രൂപംകൊള്ളുന്നു. സാംസ്കാരവും പൈതൃകത്തിന് മൂല്യച്യുതി സംഭവിക്കുന്ന ഈകാലഘട്ടത്തിൽപ്പോലും ആര്യ–ദ്രാവിഡ സാംസ്കാരത്തിന്റെ ക്ഷയിച്ചുതുടങ്ങിയ അവശിഷ്ടങ്ങൾ മുടക്കുഴ ഗ്രാമത്തിൽ ദർശിക്കാൻകഴിയും.

വേണാടിന്റെ ഭാഗമായിരുന്ന മുടക്കുഴ പെരുമാക്കൻമാരുടെ കാലശേഷം രാജഭരണം തുടങ്ങിയപ്പോഴും ഈ പ്രദേശങ്ങളെല്ലാം വടവൂർ രാജാവിന്റെ ആധിപത്യത്തിലായിരുന്നു. കാലത്തിന്റെ കൈകളിൽ വടവൂർ രാജവംശം അന്യം നിന്നും പോവുകയും പിന്നീടും ഈ ഭൂപ്രദേശം കൊച്ചി രാജ്യത്തിന് അവകാശപ്പെട്ടതാണെങ്കിലും കർത്താക്കൻമാർ എന്നറിയപ്പെട്ടിരുന്ന നാട്ടുപ്രഭുക്കൾ ഈ പ്രദേശം കൊച്ചിരാജ്യത്തേക്ക് ചേർക്കാതെ സ്വയം ഭരിച്ചുകൊണ്ടിരുന്നു. ഒടുവിൽ മാർത്താണ്ഡവർമ്മ ഈ സ്വതന്ത്ര പ്രദേശങ്ങളെ തിരുവിതാം കൂറിനോട് ചേർത്തു.

സ്ഥലനാമങ്ങൾ

A D 9-ാം നൂറ്റാണ്ടിൽ ഈ ഭാഗമെല്ലാം തമിഴകത്തിന്റെ ഭാഗമായിരുന്നു. കൊടും തമിഴായിരുന്നു ഇവിടുത്തെ സംസാരഭാഷ. ആയതിനാൽ ഇവിടുത്തെ സ്ഥലനാമങ്ങളെല്ലാം തമിഴുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രാചീന തമിഴർ ചേരം, ചോളം, പാണ്ഡ്യം എന്നീ 3 നാടുകളും ഉൾപ്പെട്ടിരുന്ന തമിഴകത്തെ 4 തരം തിണകളായി (നിലങ്ങളായി) തിരിച്ചിരുന്നു.
1) കുറിഞ്ചി (മലപ്രദേശം) 2) മുല്ല (വനപ്രദേശം) 3) മരുതം (കാർഷീകമേഖല) 4) നെയ്തൽ (കടൽതീരം) എന്നിവയായിരുന്നു. അതുപോലെ തന്നെ ഭൂമിശാസ്ത്രപരമായ കിടപ്പനുസരിച്ച് സ്ഥലങ്ങളെ കുഴി കുളം, കയം, കട്ടം, ചിറ്റെ, തടം എന്നിങ്ങനെ തിരിച്ചിരുന്നു.

മുടക്കുഴ ഗ്രാമം പ്രാചീനകാലത്ത് നിബിഡവനമായിരുന്നുവെന്നതിനും ഇവിടം കാട്ടുമൃഗങ്ങളുടെ ആവാസകേന്ദ്രമായിരുന്നുവെന്നതിനും മതിയായ തെളിവുകളുണ്ട്. അകനാടുള്ള കടുവള്ളച്ചാൽ എന്ന പ്രദേശത്ത് കടുവയുടെ ഗുഹ (അള്ള്) ഇപ്പോഴും കാണാൻ കഴിയും.

വനപ്രദേശം എന്നർത്ഥം വരുന്ന തമിഴ് പദമായ 'മുല്ല' പിന്നീട് ഇതേ അർത്ഥംവരുന്ന ഗ്രാമഭാഷയായ 'മുടി' യായിപരിണമിച്ചു കൂടാതെ മുടക്കഴക്കു ചുറ്റുമുള്ള മലയാറ്റൂർ മലനിരകളേക്കാൾ താഴ്ന്നപ്രദേശമായിരുന്നതിനാൽ താഴ്ന്ന പ്രദേശം എന്നർത്ഥം വരുന്ന കുളം (തമിഴ്പദം) മുടി എന്ന പദത്തോട് കൂട്ടിച്ചേർത്ത് 'മുടിക്കുളം' എന്ന് ഈ പ്രദേശത്തെ വിളിച്ചിരിന്നിരുക്കണം. പിൽക്കാലത്ത് ഇതായിരിക്കാം മുടക്കഴയായി പരിണമിച്ചത്.

ഒരു കാലത്ത് ഈ പ്രദേശം ജൈനൻമാരുടെ ആവാസ കേന്ദ്രമായിരുന്നുവെന്നതിന് തെളിവുകളേറെയുണ്ട്. തിരുനെൽവേലിയിൽ നിന്ന് മൂന്നാർ ദേവീകുളം പർവതപ്പിളർപ്പുകളിലൂടെ നേര്യമംഗലം കോതമംഗലം വഴി കുറുപ്പുംപടിയിൽ എത്തി അവർ അവിടെ സ്ഥിരതാമസമാക്കി. പ്രസിദ്ധമായ 'കല്ലിൽക്ഷേത്രം' ജൈന വസ്തുശില്പ ചാരുതയുടെ ഉദാഹരമാണ്. ഇപ്പോഴും മലയാറ്റൂർ കുരിശുംമുടി എന്നറിയപ്പെടുന്ന പ്രദേശങ്ങളും, ജൈനരുടെ കേന്ദ്രമായിരുന്നുവെന്നതിന് ചരിത്രത്തിന്റെ പിൻബലമുണ്ട്. ജൈനൻമാർ മുടക്കുഴ, അകനാട് എന്നീ പ്രദേശങ്ങളിലൂടെയാണ് ഈ രണ്ട് ജൈനകേന്ദ്രങ്ങളിലേക്ക് സഞ്ചരിച്ചിരുന്നത്. ഈ വഴിയാണ് ഇന്നത്തെ കീഴില്ലം കുറിച്ചിലക്കോട് റോഡ്. ഈ രണ്ട് ജൈനമത ആരാധനാലയങ്ങളുടെ ഇടയ്ക്കുള്ളപ്രദേശംഎന്ന നിലക്കായിരിക്കണം 'അകനാട്' എന്ന സ്ഥലഗ്രാമമുണ്ടായത്. അതുപോലെതന്നെ ഇന്ന് മുടക്കുഴ എന്നറിയപ്പെടുന്ന പ്രദേശങ്ങളിൽ 'മുടക്കായ' എന്ന ഔഷധസസ്യം നിബിഡമായി വളർന്നിരുന്നു. അതിനാൽ ഈ പ്രദേശത്ത് 'മുടക്കുഴ' എന്നഗ്രാമം ലഭിച്ചെതെന്നും പഴമക്കാരുടെ മതം. മുടക്കുഴ എന്ന സ്ഥലനാമത്തിന് ചുണ്ടക്കുഴി എന്നും പറഞ്ഞിരുന്നതായി കേരളോഷ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കേരള സ്ഥലനാമകോശത്തിൽ പറയുന്നു. എന്നാൽ ഇന്നു ചുണ്ടക്കുഴിഎന്നറിയപ്പെടുന്ന പ്രദേശത്തിന്റെ വടക്കൻ താഴ്വരയിൽ 'ആനച്ചുണ്ട' എന്ന സസ്യം ധാരാളമുണ്ടായിരുന്നതായും അതുകൊണ്ടാണ് ഈ പ്രദേശത്തിന് 'ചുണ്ടക്കുഴി' എന്ന് പേർ ലഭിച്ചെതെന്നും കാരണവൻമാർ പറയുന്നു.

മുടക്കുഴയുടെ തെക്കുഭാഗത്തുള്ള പെട്ടമലഎന്ന ഉയർന്ന പ്രദേശത്തിന്റെ കിഴക്കുഭാഗം പ്രളയ്ക്കാട് എന്നറിയപ്പെടുന്നു. ഇവിടെ വളരെ പഴക്കംചെന്ന മൂന്നു ക്ഷേത്രങ്ങളും കാണാൻ കഴിയും. കരിങ്കല്ലിൽ മാത്രം നിർമ്മിച്ചിട്ടുള്ള 'വടൂർ തൃക്ക' ക്ഷേത്രം ശിലായുഗത്തെ അനുസ്മരിക്കുന്ന ഒരു ചരിത്ര സത്യമാണ്.

പ്രളയിക്കാട് ശിവക്ഷേത്രത്തിലെ കൊത്തുപണികളും തൃശ്ശൂർമംഗലം മരാശാരിമാരുടെ കൈവിരുതിന് ഉദാഹരണമാണ്. അവരുടെ പിൻമുറക്കാർ ഈ ഭാഗങ്ങളിൽ ഇപ്പോഴും സ്ഥിരതാമസക്കാരാണ്. ഇരുമ്പ് ലഭ്യമാകാതിരുന്ന കാലങ്ങളിൽപ്പോലും ഇവിടുത്തെ പരമ്പരാഗത തൊഴിലാളികളും മണ്ണുകുഴിച്ചുരിച്ച് ഉലയിലൂതി 'ഊത്തിരുമ്പ്' ഉണ്ടാക്കിയിരുന്നു എന്നതിന് തെളിവായി അതിന്റെ അവശിഷ്ടമായ 'എണ്ണക്കീടൻ കല്ലുകളും' പലഭാഗങ്ങളിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്.

മുടക്കുഴ ആനന്ദാനത്തു ഭഗവതി ക്ഷേത്രം നിലനിൽക്കുന്ന പ്രദേശം നിബിഡവനമായിരുന്നുവെന്ന് ആദ്യം സൂചിപ്പിച്ചുവല്ലോ. 'ആനന്ദം' വനത്തിൽ കാവ് എന്നത് ലോപിച്ചാണ് 'ആനന്ദാനത്ത്' കാവായി മാറിയത്. പ്രാകൃത ഗോത്ര സമുദായത്തിൽ ദേവിയെ ആരാധിച്ചിരുന്നു. മനുഷ്യൻ നവീനശിലായുഗത്തിലേക്കു പ്രവേശിക്കുകയും കൃഷിയിൽ ആദ്യകാൽവയ്പ് നടത്തുകയും ചെയ്തപ്പോഴും ദേവിയുടെ പ്രാധാന്യം വർദ്ധിച്ചു. അടുത്തകാലത്ത് ഈ ക്ഷേത്രത്തിലെ സമീപ പ്രദേശത്തുനിന്നും യാദൃശ്ചികമായി കുഴിച്ചെടുക്കപ്പെട്ടിട്ടുള്ള അവശിഷ്ടങ്ങളും വിരൽ ചൂണ്ടുന്നത്. ഈ ക്ഷേത്രം പുരാതനഗോത്രവർഗ കാലത്തോളം പഴക്കമുള്ളതാണെന്നാണ്. ഈ അവശിഷ്ടങ്ങളും ഇപ്പോഴും ക്ഷേത്രത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ നാലാം വാർഡിലുള്ള 'കളരിക്കുടി' എന്ന സ്ഥലത്ത് പഴയകാലങ്ങളിൽ 'ആയുധാഭ്യാസം' പരിശീലിപ്പിച്ചിരുന്നുവെന്ന് പറയപ്പെടുന്നു. കളരിത്തറയും ഇതുമായി ബന്ധപ്പെട്ട അവശിഷ്ടങ്ങളും ഇപ്പോഴും അവിടെ കാണാൻ കഴിയും. ഇന്ന് ഈ പ്രദേശം പഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നു.

സഹോദര പ്രസ്ഥാനം

ചാതുർവർണ്ണ്യ വ്യവസ്ഥിതിക്കും ജാതിനശീകരണത്തിനും വേണ്ടി ചെറായിയിൽ ആരംഭിച്ച ഒരു മഹത്തായ പ്രസ്ഥാനമാണ് സഹോദര പ്രസ്ഥാനം. ഈ പ്രസ്ഥാനത്തിന്റെ ആശയങ്ങളും മുദ്രാവാക്യങ്ങളും മുടക്കുഴ ഗ്രാമത്തിന്റെഹൃദയഭാഗങ്ങളിൽ മാറ്റൊലിക്കൊള്ളുകയും അനേകമാളുകളും ഈ പ്രസ്ഥാനത്തിന്റെ വിജയത്തിനായി പ്രവർത്തിക്കുകയും ചെയ്തു.

കർഷക പ്രസ്ഥാനം

ഇന്ത്യൻ സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പുതന്നെ ആദ്യം മലബാറിലും തുടർന്ന് കൊച്ചിയിലും തിരുവിതാംകൂറിലും കർഷക പ്രസ്ഥാനം ഉടലെടുത്തിരുന്നു. കേരള രൂപീകരിച്ചതോടുകൂടി കേരള കർഷക സംഘം നിലവിൽ വന്നു. 1956 ൽ പൊർണ്ണൂറിലും 1957 ൽ കാലടിയിലും 1959 ൽ പെരുന്തൽമണ്ണയിലും വച്ച് കേരള കർഷകസംഘത്തിന്റെ ഒന്നും രണ്ടും മൂന്നും സമ്മേളനങ്ങൾ നടന്നു. അതിന്റെ അലയൊലികൾ ഈ കൊച്ചു ഗ്രാമത്തിന്റെ വയലേലകളിൽ മാറ്റത്തിന്റെ ശംഖൊലി നാദം മുഴക്കി ഈ ഗ്രാമത്തിലെ കൃഷിഭൂമികളിൽ മുന്തിയ പങ്കും കർത്താക്കൻമാരുടെയും ബ്രാഹ്മണരുടെയും കൈവശത്തിലായിരുന്നു. 1969 ൽ കേരള നിയമസഭ പാസാക്കിയ ഭൂപരിഷ്ക്കരണ ബില്ല് 1970 ജനുവരി 1-ാംതീയതി നിയമമായി പ്രാബല്യത്തിൽ വന്നതോടുകൂടി കേരളത്തിൽ ജന്മികുടിയാൻ സമ്പ്രദായം തകർന്നു വീണു. ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യയിലടിച്ചേൽപ്പിച്ച 3 കെടുതികളിൽ ഒരെണ്ണം അതോടെ കേരള മണ്ണിൽ നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. 'കൃഷിഭൂമി കർഷകന്', എന്ന മുദ്രാവാക്യം അക്ഷരാർത്ഥത്തിൽ പ്രായോഗികതലത്തിൽ എത്തിക്കാൻ കഴിഞ്ഞു. കൂടാതെ തലചായ്ക്കാൻ ഒരടി മണ്ണുപോലും കൈവശമില്ലാതിരുന്ന കർഷക തൊഴിലാളികൾക്ക് കൂരവയ്ക്കാൻ അവർ കാവൽ കിടന്നിരുന്ന ഒരു തുണ്ട് ഭൂമിയെങ്കിലും സ്വന്തമായി ലഭിച്ചു. ഇത്തരത്തിൽ ജനാധിപത്യ പരിഷ്ക്കാരങ്ങളുടെ കാര്യത്തിൽ പുതിയ ഒരധ്യായം എഴുതിച്ചേർത്തുകൊണ്ട് കേരളം ഇന്ത്യയ്ക്ക് മാർഗദർശിയായി.

വിദ്യാഭ്യാസം

ആദ്യകാലത്ത് അക്ഷരാഭ്യാസം വരേണ്യ വർഗത്തിന്റെ മാത്രം അവകാശമായിരുന്നു. അക്ഷരംപഠിക്കുന്നതിൽ നിന്നും പിന്നോക്ക വിഭാഗങ്ങളെ അകറ്റി നിറുത്തിയിരുന്നു. ആദ്യകാലങ്ങളിൽ ഈ ഗ്രാമത്തിൽ വിദ്യാലയങ്ങളും ഉണ്ടായിരുന്നില്ല. പകരം കുടിപള്ളിക്കൂടങ്ങളും ആണ് നിലവിലിരുന്നത്. വീടുകളിൽ നടത്തിയിരുന്ന

കുടിപള്ളിക്കൂടങ്ങളിൽ പഠിപ്പിച്ചിരുന്നവരെ 'നിലത്തെഴുത്താശാൻമാർ' എന്നു വിളിച്ചുപോന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി മുടക്കുഴ പഞ്ചായത്തിൽ വിദ്യാലയങ്ങൾ ആരംഭിച്ചു. മുടക്കുഴ യു. പി. സ്ക്കൂളാണ് ഇവിടുത്തെ ആദ്യത്തെ വിദ്യാലയം. ഇപ്പോൾ ഹയർ സെക്കൻറി സ്ക്കൂളുൾപ്പെടെ 5 ഗവ. വിദ്യാലയങ്ങളും ഒരു സഹകാര്യ വിദ്യാലയവും പഞ്ചായത്തിലുണ്ട്. യാത്രസൗകര്യം കണക്കിലെടുത്ത് ഗ്രാമങ്ങളിലെ വിദ്യാർത്ഥികളിൽ നല്ലൊരു ഭാഗവും സമീപപ്രദേശത്തുള്ള മറ്റു വിദ്യാലയങ്ങളെ ആശ്രയിക്കുന്നു. സമീപപ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ ആവിർഭാവം ഈ ഗ്രാമത്തിലെ മലയാളം സ്ക്കൂളുകളെ സാരമായി ബാധിച്ചിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനം നിരക്ഷരരായ ഗ്രാമവാസികൾക്ക് അല്പമെങ്കിലും അക്ഷരജ്ഞാനവും സാമൂഹിക പരിജ്ഞാനവും പകർന്നുനൽകുന്നതിൽ വിജയിച്ചിട്ടുണ്ട്. ഇപ്പോൾ തുരുത്തി, തൃക്കേപ്പാറ, ചുണ്ടക്കുഴി എന്നിവിടങ്ങളിൽ ജനവിദ്യാ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

സാംസ്കാരികം

പ്രാചീന ഗോത്ര സംസ്കാരത്തിന്റെയും ആധുനിക സാംസ്കാരത്തിന്റേയും കെട്ടുപിണഞ്ഞ സാംസ്കാരിക അംശങ്ങൾ മുടക്കുഴ ഗ്രാമത്തിന്റെ മുഖമുദ്രയാണ്. വ്യത്യസ്ത മത വിഭാഗങ്ങൾ ജാതി-മത രാഷ്ട്രീയ വ്യത്യാസമില്ലാതെ ഒരുമയോടെ കഴിഞ്ഞു കൂടുന്ന ഒരു പ്രദേശമാണിത്. ഹിന്ദു-ക്രൈസ്തവൻ മത മൈത്രിയുടെ പ്രതീകങ്ങളായി ക്ഷേത്രങ്ങളും ക്രൈസ്തവൻ ആരാധനാലയങ്ങളും തൊട്ടുരുമ്മി നിലകൊള്ളുന്നു. ദ്രാവിഡ സംസ്കാരത്തിന്റെ ഊരും പെരുമയും വിളിച്ചോതുന്ന പരിചകളി, തുടികൊട്ടും, കുടകളി, വടിതല്ലൽ തുടങ്ങിയ പ്രാചീന കലാരൂപങ്ങൾ നാമമാത്രമായി നിലനിൽക്കുന്നു.

അനേകം കലാസമിതികളും സാംസ്കാരിക സംഘടനകളും 4 വായനശാലകളും ഈ ഗ്രാമത്തിൽ പ്രവർത്തിച്ചുവരുന്നു.

പ്രശസ്ത വ്യക്തികൾ

റവ. എം. ഐസക് സ്വാതന്ത്ര്യ സമരമുഖങ്ങളിൽ മുടക്കഴയുടെ പ്രതിനിധ്യം വിളിച്ചോതുന്ന മഹത് വ്യക്തിയാണ്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായ് തുരുത്തിയിൽ ഐസക് മൈതാനം നിലകൊള്ളുന്നു. തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിയ വിപ്ലവ വീരൻമാരിൽ പലരും ജനഹൃദയങ്ങളിൽ ഇന്നും കുടിയിരിക്കുന്നു. പി. എൻ. നമ്പൂതിരി, താണിമൂട്ടിൽ ശങ്കരൻ തുടങ്ങിയവർ ഇവരിൽ ചിലരുമാത്രം.

ആരോഗ്യം

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യരംഗത്ത് വളരെ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. രോഗ പ്രതിരോധ നടപടികളും സ്വീകരിക്കുന്ന കാര്യത്തിൽ ഈ നാട്ടുകാർ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നുണ്ടെങ്കിലും പരിസരശുചീകരണ കാര്യത്തിൽ വളരെ പിന്നിലാണ്. ചിക്കൻപോക്സ് ഒഴികെയുള്ള മറ്റുപകർച്ച വ്യാധികളൊന്നും തന്നെ ഈ ഗ്രാമത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നിരുന്നാലും 80% പുരുഷൻമാരും മദ്യപാനം, പുകവലി തുടങ്ങിയവക്ക് അടിമകളാണ്.

പാർപ്പിടം

കേരള ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയതോടുകൂടി ഈ ഗ്രാമത്തിലെ നിരവധി ജനങ്ങൾക്ക് ഒരു തുണ്ടു ഭൂമിയെങ്കിലും ലഭിക്കുണ്ടായി. സ്വന്തമായി ഒരു പാർപ്പിടം എന്ന സ്വപ്നം സഫലീകരിക്കാൻ കഴിയാത്തവർ അനേകം. ലക്ഷംവീട് പദ്ധതിയുടേയും ഇതര സർക്കാർ സഹായങ്ങളിലൂടേയും പാർപ്പിടം ഉണ്ടായെങ്കിലും ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരും ഇടത്തട്ടുകാരും ഇന്നും ഈ കാര്യത്തിൽ വിഷമതയനുഭവിക്കുന്നു. അതേ സമയം കെട്ടിടങ്ങൾക്കു വേണ്ടി 8 ഉം 10 ഉം ലക്ഷം രൂപ ചെലവഴിക്കുന്നവരും ഇവിടെ കുറവല്ല. പാർപ്പിടം പഞ്ചായത്തിന്റെ ഒരു വലിയ പ്രശ്നമായി അവശേഷിക്കുന്നു. അതുപോലെതന്നെ സ്വന്തമായിക്കക്കൂസില്ലാത്തവരും അനവധിയാണ്.

ഗതാഗതം

ഗതാഗതസൗകര്യം ഈ പഞ്ചായത്തിൽ വളരെ കുറവാണ്. പഞ്ചായത്തിലാകെ 61 കി. മീ. ടാർ ചെയ്ത റോഡും 74 കി. മീ. ചെമ്മൺ റോഡുകളുണ്ട്. കൂടാതെ 17 കി. മീ. പെരിയാർ വാലി റോഡുകളും ഉണ്ട്. ഒരു നോട്ടിഫൈഡ് റോഡ് ഉണ്ടെങ്കിലും ഇവിടെ ഒരു KSRTC ബസും സർവ്വീസില്ല.

മൊത്തത്തിൽ സാമൂഹിക ക്ഷേമരംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഉൽപ്പാദനമേഖല മുരടിച്ചുനിൽക്കുന്നു. തൊഴിലില്ലായ്മയും സ്ത്രീകളോടുള്ള അവഗണനയും പുതിയ രൂപത്തിൽ വളർന്നുകൊണ്ടിരിക്കുന്നു.

III ഭൂപ്രകൃതിയും വിഭവങ്ങളും

ക്ഷോൽപ്പാദനത്തിൽ കേരളം വളരെ പിന്നിലാണ്. കൃഷിയിടങ്ങൾ വ്യവസായ സ്ഥലങ്ങളായി മാറുകയും ഉൽപ്പാദനക്ഷമത കുറഞ്ഞതുമാണ് ഇതിനു കാരണം. നെല്ല്, മരച്ചീനി തെങ്ങ്, കുരുമുളക്, കൊക്കൊ, ഇഞ്ചി, ജാതി കവുങ്ങ്, റബ്ബർ എന്നിവയാണ് ഇവിടുത്തെ മുഖ്യ കൃഷികൾ.

ഭൂപ്രകൃതി

നിലമുഴുവുന്നതിന് ഭൂരിപക്ഷംപേരും ടില്ലർ ഉപയോഗിക്കുന്നു. അശാസ്ത്രീയമായ കൃഷി സമ്പ്രദായമാണ് ഇവിടുത്തെ കൃഷിക്കാർ അവലംബിച്ചു പോരുന്നത്. ജൈവവളത്തെ പൂർണ്ണമായും അവഗണിച്ചിരിക്കുന്നു എന്നു തന്നെ പറയാം. കർഷകർ തമ്മിലുള്ള നിസഹകരണം കാർഷീക മേഖലയിലെ ഉൽപ്പാദനക്ഷമതയെ സാരമായി ബാധിച്ചിട്ടുണ്ട്.

മുടക്കുഴ പഞ്ചായത്തിനെ ഭൂപ്രകൃതിയനുസരിച്ച് 4 ആയി തരം തിരിക്കാം. കുന്നുകൾ ചെരിഞ്ഞപ്രദേശം, സമതലം, നെൽപ്പാടം. 3-ാം വാർഡിലെ പെട്ടമല. 4-ാം വാർഡിലെ കണ്ണഞ്ചിരിമുകൾ, 5-ാം വാർഡിലെ ചൂരമുടി, 6-ാം വാർഡിലെ ചുണ്ടക്കുഴി തുടങ്ങിയ പ്രദേശങ്ങൾ കുന്നുകളും ചെരിവുകളുമാണ്. 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്നതും സമുദ്രനിരപ്പിൽ നിന്ന് 800 അടി ഉയരമുള്ളതുമായ ചൂരമുടിയാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. 1, 3, 4, 7, 8, 9 തുടങ്ങിയ വാർഡുകളെ സ്പർശിച്ചുകൊണ്ട് കടന്നുപോകുന്ന മുടക്കുഴ തോടിന്റെ അവസാനഭാഗമായ ഇളമ്പകപ്പിള്ളിയാണ് ഏറ്റവും താഴ്ന്ന പ്രദേശം ചെരിവുകളിലും സമതലങ്ങളിലും ചെങ്കൽ കലർന്ന 'പശിമരാശി മണ്ണ്' കാണപ്പെടുന്നു. നെൽപ്പാടങ്ങളിൽ പ്രധാനമായും കണ്ടുവരുന്നത്. കളിമണ്ണുനിറഞ്ഞ പശിമരാശി മണ്ണാണ്.

കുന്നിൻപ്രദേശങ്ങളിലും ചെരിവുകളിലും റബ്ബർ കൃഷി ധാരാളമായുണ്ട്. സമതലങ്ങളിൽ തെങ്ങുകൃഷിയും കൊക്കൊ, ജാതി തുടങ്ങിയ കൃഷിയും ചെയ്തുവരുന്നു. കുന്നിൻപുറങ്ങളിലെ റബ്ബർ കൃഷിയേയും സമതലങ്ങളിലെ വാഴകൃഷിയേയും കാറ്റ് സാരമായി ബാധിക്കാറുണ്ട്. കൂടാതെ കുന്നുകളും ചെരിവുകളും മണ്ണൊലിപ്പിന് വളരെ സാധ്യതയുള്ള പ്രദേശമാണ്.

കാലാവസ്ഥ

മുഖ്യമായും പഞ്ചായത്തിലെ കാലാവസ്ഥയെ 3 ആയി തരംതിരിക്കാം. മഞ്ഞുകാലം, വർഷക്കാലം, വേനൽക്കാലം. ഡിസംബർ, ജനുവരി, ഫെബ്രുവരി മഞ്ഞുകാലവും, ഫെബ്രുവരി, മെയ് വേനൽക്കാലവും, മെയ് മുതൽ നവംബർ വരെ വർഷക്കാലം.

മെയ് മുതൽ സെപ്തംബർ വരെയുള്ള കാലവർഷത്തിൽ 340 cm. മഴയും സെപ്തംബർ മുതൽ നവംബർ വരെയുള്ള തുലാവർഷത്തിൽ 35 cm. മഴയും വേനൽ മഴയായി 5 cm. മഴയും ലഭിക്കുന്നു. ഇത്തരത്തിൽ ആകെ 380 cm. മഴ നമുക്ക് ലഭിക്കുന്നു.

ജലലഭ്യത

പെരിയാർവാലിയെയും മഴയെയും ചെറിയ ജലനിർഗമന സ്രോതസുകളെയുമാണ് നമ്മുടെ കൃഷിക്കാർ ആശ്രയിക്കുന്നത്. തെക്കുകിഴക്കുഭാഗത്തുനിന്നും വടക്കുപടിഞ്ഞാറു ഭാഗത്തേക്കാണ് പഞ്ചായത്തിലെ നീരൊഴുക്ക്. 1, 3, 4. 7, 8, 9. വാർഡുകളിലൂടെ കടന്നുപോകുന്ന മുടക്കുഴ തോടിനെ ആശ്രയിച്ച് തോടിന്റെ ഇരുപുറവുമുള്ള കർഷകർ കൃഷി ചെയ്യുന്നു. ഈ തോട് കർഷകർക്ക് ഒരനുഗ്രഹമാണെങ്കിലും പാർശ്വഭിത്തികൾ ഇടിഞ്ഞുവീണ് നികന്നുകൊണ്ടിരിക്കുന്ന തോട് വർഷക്കാലത്ത് കർഷകന്റെ ശാപമാണ്. കുന്നിൻപ്രദേശങ്ങളിലെ കൃഷിക്ക് ജലലഭ്യത തീരെ കുറവാണെന്നുതന്നെ പറയാം സമതലങ്ങളിൽ കൃഷി ചെയ്യുന്നത് പെരിയാർ വാലി കനാലുകളെ ആശ്രയിച്ചാണ്.

ഭൂവിനിയോഗം

പഞ്ചായത്തിലാകെ 2075 ഹെക്ടർ ഭൂമിയാണുള്ളത്. ആദ്യകാലങ്ങളിൽ പുരയിടവും നിലവും തമ്മിൽ വിസ്തീർണ്ണത്തിൽ വലിയ വ്യത്യാസമുണ്ടായിരുന്നില്ല. എന്നാൽ പിൽക്കാലത്ത് കരഭൂമിയിലെ നെൽപ്പാടങ്ങളും പുരയിടങ്ങളായി മാറിയതുകൊണ്ടും പാടശേഖരങ്ങളും മണ്ണിട്ടു നികത്തി കരഭൂമിയാക്കിയതുകൊണ്ടും പുരയിടത്തിന്റെ വിസ്തീർണ്ണം നിലത്തിന്റെ വിസ്തീർണ്ണത്തിൽ നിന്നും മൂന്നിരട്ടി വർദ്ധിക്കയുണ്ടായി. ഭൂവിനിയോഗം താഴെപ്പറയുന്ന രീതിയിലാണ്.

ഇനം	വിസ്തീർണ്ണം
നിലം	481 ഹെക്ടർ
പുരയിടം	1494 ഹെക്ടർ
പുറമ്പോക്ക്	50 ഹെക്ടർ
കൃഷിയോഗ്യ തരിശ്	20 ഹെക്ടർ
കൃഷിയോഗ്യമല്ലാത്ത തരിശ്	30 ഹെക്ടർ
ആകെ	2075 ഹെക്ടർ

ജൈവസമ്പത്ത്

വർഷങ്ങൾക്കുമുമ്പ് ഇവിടം ഒരു നിബിഡ വനമായിരുന്നുവെന്ന് ആദ്യം സൂചിപ്പിച്ചുവല്ലോ. പക്ഷേഅന്നുണ്ടായിരുന്ന വൃക്ഷങ്ങളെല്ലാം അപ്രത്യക്ഷമായിരിക്കുന്നു. മീമ്പാറ ഭാഗത്തുള്ള ചൂരമുടി മലയിൽ അപൂർവ്വമായി ചന്ദനവും ചൂരലും കണ്ടുവരുന്നു. മീമ്പാറ,മുക്കുഴി,ചുണ്ടക്കുഴി ഭാഗങ്ങളിൽ തമ്പകം, മഹാഗണി തുടങ്ങിയ വൃക്ഷങ്ങളും ധാരാളമായുണ്ട്. അടുത്തകാലത്ത് തേക്കിൻ തൈകളും വച്ചുപിടിപ്പിക്കുന്നകാര്യത്തിൽ ജനങ്ങളും താല്പര്യം കാണിക്കുന്നു. പത്തിരുപതു വർഷങ്ങൾക്കുമുമ്പ് കൃഷിക്ക് 'ചവറായി' ഉപയോഗിച്ചിരുന്ന വളക്കൊന്ന നമ്മുടെ നാട്ടിൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.

മനുഷ്യവിഭവം

ഒരു നാടിന്റെ വികസനം ആപ്രദേശത്തെ ഏറ്റവും വലിയ വിഭവമായ മനുഷ്യസമ്പത്തിനെക്കുറിച്ച് അറിഞ്ഞാൽ മാത്രമേ സാധ്യമാകയുള്ളു. ശരിയായ രീതിയിൽ ജനനമരണനിരക്ക് ലഭിക്കാൻ മാർഗങ്ങളില്ല. ജനങ്ങൾ പലപ്പോഴും ഗ്രാമത്തിനുപുറത്തുള്ള ആശുപത്രികളിലായിരിക്കും. ജനന നിരക്ക് വർദ്ധിക്കുന്നില്ല എന്നത് ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. 10 വയസിനും 50 വയസിനും മധ്യേ പ്രായമുള്ളവരിൽ 90% പേരും പ്രാഥമിക വിദ്യാഭ്യാസം നേടിയവരാണ്. 16 നും 35 നും മധ്യേ പ്രായമുള്ളവരിൽ 65% ലധികം പേരും S S L C പാസായവരാണ്. 20 നും 40 നും മധ്യേ പ്രായമുള്ളവരിൽ 50%ത്തിലധികം സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ബിരുദമുള്ളവരോ ബിരുദാനന്തര ബിരുദമുള്ളവരോ ആണ്. തൊഴിലില്ലാത്തവരെക്കുറിച്ച് വ്യക്തമായ ചിത്രം നമുക്ക് ലഭിക്കുന്നില്ല. ഇതു ലഭ്യമാകുന്നതിന് ശരിയായ രീതിയിലുള്ള സാമൂഹിക-സാമ്പത്തിക സർവ്വെ നടത്തേണ്ടത് അത്യാവശ്യമാണ്. അതിനുവേണ്ടിയുള്ള ചെലവ് പഞ്ചായത്ത് വഹിക്കണം.

മറ്റു സ്ഥലനാമങ്ങൾ:

1. **തുരുത്തി:-** പഞ്ചായത്തിലെ ഒന്നാം വാർഡായ ഈ പ്രദേശം തെക്ക് കിഴക്കെഅറ്റത്ത് സ്ഥിതി ചെയ്യുന്നു. നാലുവശങ്ങളും നെൽപ്പാടങ്ങളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു തുരുത്തായതുകൊണ്ട് ഈ പ്രദേശത്തിന് തുരുത്തി എന്ന പേർ ലഭിച്ചു എന്നുപറയപ്പെടുന്നു.
2. **ചൂരമുടി:-** പഞ്ചായത്തിന്റെ വടക്കുകിഴക്കുമൂലയിൽ സ്ഥിതി ചെയ്യുന്നതും ഏറ്റവും ഉയരം കൂടിയതുമായ മലയാണ് ചൂരമുടി. ഒരു കാലത്ത് ഈ ഭാഗങ്ങളിൽ ധാരാളം ചൂരലുണ്ടായിരുന്നു. 'മുടി' എന്ന പദത്തിന് ഉയരമുള്ള പ്രദേശമെന്നും 'വനം' എന്നർത്ഥമുണ്ട്. ഇത്തരത്തിൽ ചൂരലുള്ളമുടിയാണ് ചൂരമുടിയായി പരിണമിച്ചത്.
3. **പെട്ടമല:-** പഞ്ചായത്തിലെ 3-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കരിങ്കല്ല് ധാരാളമുള്ള പ്രദേശമാണിത്. വൃക്ഷങ്ങളും ഇല്ലാതിരുന്ന സ്ഥലങ്ങളെ 'പെട്ട' എന്നുവിളിച്ചിരുന്നതായി പറയപ്പെടുന്നു. വൃക്ഷങ്ങളില്ലാത്ത മലയായിരിക്കണം ഇത്തരത്തിൽ 'പെട്ടമല'യായത്.
4. **തൃക്ക:-** തൃക്ക എന്നറിയപ്പെടുന്ന പ്രദേശത്ത് പുരാതനമായ ശ്രീകൃഷ്ണസ്വാമിക്ഷേത്രമുണ്ട്. 'തൃക്കോവിൽ' എന്ന പദം ലോപിച്ചാണ് 'തൃക്ക'യായത്.
5. **ആനകല്ല്:-** 4-ാം വാർഡിന്റെ വടക്കുഭാഗത്ത് ആനയോടു സാദൃശ്യമുള്ള ഒരു പാറയുള്ളതുകൊണ്ട് ഈ ഭാഗത്തിന് 'ആനകല്ല്' എന്നുപേരുവന്നു. ഇതിനോടു ചേർന്ന് 'കോട്ടേക്കുടി'എന്ന അതിപുരാതനമായ ഒരു ക്ഷേത്രവുണ്ട്.

പ്രാഥമികമേഖല

കൃഷിയും ജലസേചനവും

കാർഷീക ചരിത്രം:-

ഏകദേശം 2075Ha വിസ്തൃതിയുള്ള നമ്മുടെ പഞ്ചായത്തിൽ 40 വർഷങ്ങൾക്കു മുൻപ് 1700Ha സ്ഥലത്തുമാത്രമേ കൃഷി ചെയ്തിരുന്നുള്ളു. അതിപുരാതന കാലംമുതൽ നമ്മുടെ പഞ്ചായത്തിൽ വിവിധയിനം കൃഷികൾ ചെയ്തുവന്നിരുന്നു. ഭൂരിപക്ഷം കൃഷിയിടങ്ങളും ചെറുകിട വൻകിട ജന്മി മാരുടേയും ക്ഷേത്രങ്ങളുടേയും ക്രിസ്ത്യൻപള്ളികളുടേയും അധീനതയിലായിരുന്നു. സമഗ്ര ഭൂപരിഷ് കരണ നിയമം നടപ്പിലായതുമുതലാണ് കൃഷിഭൂമി യഥാർത്ഥ കർഷകന്റെ കൈകളിൽ വന്നുചേർന്നത്. കാർഷീകവൃത്തിയിൽ ഏർപ്പെട്ടിരുന്നവർക്ക് വേതനമായി നൽകിയിരുന്നത് കാർഷീക ഉൽപ്പന്നങ്ങളായി രുന്നു. കൃഷിയിടവും കർഷകന്റെ വീടും വളരെ അകലമുണ്ടായിരുന്നതിനാൽ കാട്ടുമൃഗങ്ങളുടെ ശല്ല്യം കൃഷിയിൽ വ്യാപകമായി ഉണ്ടായിരുന്നു. ഇവയിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനുവേണ്ടി കൃഷിയിടങ്ങളിൽ 'കാവൽ' ജോലി നിലനിന്നിരുന്നു. നെൽപാടങ്ങളിലെ കാവൽക്കാരന് പ്രതിഫലമായി 'കാവൽഭാഗം' (രണ്ടോ, മൂന്നോ ചുരുട്ട്മാത്രം) നൽകിയിരുന്നു. ഈ സമ്പ്രദായം ചില ഭാഗങ്ങളിൽ അപൂർവ്വമായി ഇന്നും നിലനിൽക്കുന്നു.

നാടൻ കാർഷീക ഉപകരണങ്ങളാണ് അറുപതുകളുടെ അവസാനം വരെ ഉപയോഗിച്ചിരുന്നത്. കാളകളെയും പോത്തിനെയും ഉപയോഗിച്ചാണ് നിലമുഴുതിരുന്നത്.

അറുപതുകളുടെ അവസാനംവരെ സമൃദ്ധിയായി കൃഷിചെയ്തിരുന്ന ഇഞ്ചിപ്പുല്ല്, മരച്ചീനി, കശുമാവ്, വെളുത്തചേമ്പ്, നീലച്ചേമ്പ്, കൊന്തവാഴച്ചേമ്പ്, കൂവ, ചെറുകിഴങ്ങ്, ചോനാടൻപുല്ല്, മുതിര, തുവരപ്പയർ, ചാമ, തിന, കാച്ചിൽ, മധുരക്കിഴങ്ങ് എന്നിവ നാമാവശേഷമായി. അന്നത്തെ പ്രധാന കൃഷികളായിരുന്ന കശുമാവ്, കുരുമുളക്, എള്ള്, പച്ചക്കറികൾ എന്നിവ നാമമാത്രമായി കൃഷിചെയ്യുന്നു.

നമ്മുടെ പഞ്ചായത്തിലെ കർഷകരിൽ ഭൂരിഭാഗവും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ള നാമമാത്ര കർഷകരാണ്. ഇവർ 2886ഓളം വരും. 170 ചെറുകിട കർഷകരും 34 വൻകിട കർഷകരും പഞ്ചായത്തിലുണ്ട്.

ഇന്നത്തെ വിളചേരുവ

പഞ്ചായത്തിലെ മുഖ്യ വിളകൾ നെല്ല്, തെങ്ങ്, റബ്ബർ, കൊക്കോ, ജാതി, വാഴ, കുരുമുളക്, പൈനാപ്പിൾ, പച്ചക്കറികൾ, വെറ്റില, എള്ള് തുടങ്ങിയവയാണ്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉല്പാദന ക്ഷമത (Ha)
നെല്ല് (ഒന്നാം വിള)	381 ഹെ.	838.2 ടൺ	2200 Kg./Ha
നെല്ല് (രണ്ടാം വിള)	381 ഹെ.	685.8 ടൺ	1800 Kg./Ha
നെല്ല് (മൂന്നാം വിള)	370 ഹെ.	682 ടൺ	2000 Kg./Ha
തെങ്ങ്	550 ഹെ.	46,75000 Nos	8500 Nuts/Ha
റബ്ബർ	620 ഹെ.	2170 ടൺ	3500/Ha(ഒരു വർഷം)
വാഴ	50 ഹെ.	100 ടൺ	8 Kg./വാഴ 1ന്
മരച്ചീനി	12 ഹെ.	4 ടൺ	48ടൺ/Ha
കുരുമുളക്	6 ഹെ.	18 ടൺ	2Kg /ഒരുമരത്തിന്
പൈനാപ്പിൾ	25 ഹെ.	262.5 ടൺ	10.5 ടൺ/ഹെ.
പപ്പായ	0.5 ഹെ.	18.7 ടൺ	37.5 ടൺ/ഹെ.
പച്ചക്കറി	10 ഹെ.	600 Kg.	60 Kg./Ha
കൊക്കോ	110 ഹെ.		
അടയ്ക്ക	10 ഹെ.		500 Nuts/tree

നെൽകൃഷി

പഞ്ചായത്തിൽ 9 പാടശേഖരങ്ങളിലായി 381 Ha സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. വിരിപ്പും, മുണ്ടകനും, 381Ha വീതവും പുഞ്ച 370 ഹെക്ടറിലും ചെയ്തുവരുന്നു. മൂന്നു പൂ കൃഷിചെയ്യുന്നതിൽനിന്നും ആകെ ലഭിക്കുന്നത് 2206 ടൺ നെല്ലാണ്. ശരാശരി ഹെക്ടറിൽനിന്നും 2000 Kg. നെല്ല് ലഭിക്കുന്നു. ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ഭക്ഷണത്തിന് 1697 ടൺ അരി ഒരു വർഷത്തിൽ ആവശ്യമാണ് ആകെ അരി ഉല്പാദനം 1602 ടൺ ആകയാൽ ബാക്കി വേണ്ടിവരുന്ന അരി, റേഷൻകടകളിൽ നിന്നും മറ്റു വ്യാപാര സ്ഥാപനങ്ങളിൽനിന്നും വാങ്ങേണ്ടിയിരിക്കുന്നു. നെല്ലുൽപ്പാദനത്തിന്റെ ഏകദേശം 25% മറ്റു പ്രദേശങ്ങളിലേക്ക് കയറ്റിപ്പോകുന്നുണ്ട്.

എൺപതുകൾവരെ നമ്മുടെ പഞ്ചായത്തിൽ 600 ഹെ. ഓളം സ്ഥലത്ത് നെൽകൃഷിയുണ്ടായിരുന്നു. മ്യാൽനിലങ്ങളിലും പുരയിടങ്ങളിലും ചെയ്തിരുന്ന നെൽകൃഷി ഇപ്പോൾ ഇല്ല. മേൽപ്പടി സ്ഥലങ്ങളിൽ റബ്ബറും, തെങ്ങും, കൊക്കോയും, ജാതിയും, പൈനാപ്പിളും കൃഷിചെയ്തുതുടങ്ങി. 1960 വരെ മഴയെ ആശ്രയിച്ചാണ് നെൽകൃഷി ചെയ്തിരുന്നത്. 60ന് ശേഷം പെരിയാർ വാലിജലം ഉപയോഗിക്കാൻ തുടങ്ങി.

1960 വരെ, ചെമ്പാവ്, ആര്യൻ, ചീര, തവളക്കണ്ണൻ. കൂട്ടുമുണ്ടകൻ, രാജമേനി, ഇട്ടിക്കണ്ടപ്പൻ തുടങ്ങിയ വിത്തുകളാണ് ഉപയോഗിച്ചിരുന്നത്. ഇപ്പോൾ ഉപയോഗിക്കുന്ന നെൽവിത്തുകൾ ജ്യോതി, ത്രിവേണി, അന്നപൂർണ്ണ, അശ്വതി, ഭാരതി, ലക്ഷ്മി, രശ്മി, പവിഴം, ആകാശനീല മുതലായവയാണ്. ഇവയെല്ലാം അത്യുൽപ്പാദനശേഷിയുള്ളവയാണ്.

നെൽകൃഷി ചിലവും വരവും ഹെക്ടറിന്

ചിലവ്	Rs	വരവ്	Rs.
ഉഴവ്	1000	നെല്ലിൽനിന്ന്	8250
വിത്ത്	600	വൈക്കോലിൽനിന്ന്	1000
നിലമൊരുക്കൽ, വിത	250		
ജൈവവളം, രാസവളം, കുമ്മായം	1175		
കീടനാശിനി	500		
കള നശീകരണം	400		
ജലസേചനം	200		
പലവക	850		
ആകെ	9075	ആകെ	9250

ഒരു ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് സാധാരണയായി 9075 രൂപ ചിലവാകുന്നുണ്ട് എന്നാൽ നെല്ലും വയ്ക്കോലും വിറ്റുകിട്ടുന്നതിലൂടെ ലഭിക്കുന്നത് 9250 രൂപയാണ്. പ്രകൃതിക്ഷോഭം, കീടരോഗബാധ എന്നിവ മൂലം വിളവ് കുറയുന്നതുകൊണ്ട് കൃഷി സാധാരണയായി നഷ്ടത്തിൽ കലാശിക്കുകയാണ് പതിവ്. കൃഷിക്കാരന്റെ മേൽനോട്ടം, മുടക്കുമുതലിന്റെ പലിശ എന്നിവ കൂടി കണക്കാക്കിയാൽ നെൽകൃഷി ഇന്നത്തെ രീതിയിൽ തുടർന്നുകൊണ്ടുപോകുവാൻ സാധിക്കുകയില്ല. തൻമൂലം നിലങ്ങൾ നികത്തി മറ്റു കൃഷികൾ ചെയ്യുന്നതിന് ഉപയോഗിക്കുന്നു.

1995ലും 1996ലും ലഭിച്ച മഴയുടെ വിവരം

മാസം	1995	1996
ജനുവരി	NIL	57.2
ഫെബ്രുവരി	NIL	16.6
മാർച്ച്	104.6 M. M	NIL
ഏപ്രിൽ	198.1 M. M.	202.4
മെയ്	412.6 M M.	65.6 M. M
ജൂൺ	562.9 M. M.	620.1 M. M.
ജൂലൈ	882. M. M.	642.7 M. M
ആഗസ്റ്റ്	163. M. M.	362.8 M. M.
സെപ്തമ്പർ	205. M. M.	611.00 M. M
ഒക്ടോബർ	266. M. M.	275.2 M. M.
നവംബർ	NIL	NIL
ഡിസംബർ	NIL	NIL

സംസ്ഥാനത്തിന്റെ ശരാശരി ഉൽപ്പാദനത്തേക്കാൾ വർദ്ധിച്ച ഉൽപ്പാദനമാണ് നെൽകൃഷിയുടെ മേഖലയിൽ നമുക്കുള്ളത്.

പ്രശ്നങ്ങൾ:-

1. രോഗങ്ങളും, കീടങ്ങളും മൂലമുള്ള വിളനഷ്ടം.
2. ഉൽപാദനചിലവിലുള്ള വർദ്ധനവ്.
3. നെല്ലിന്റെ വില മറ്റ് ഉൽപന്നങ്ങളെ അപേക്ഷിച്ച് കുറവ്.
4. വിത്ത്, വളം, കീടനാശിനി, കുമിൾനാശിനി എന്നിവയുടെ താങ്ങാനാകാത്ത വില.
5. കൃഷിയിറക്കുന്ന സമയത്ത് കർഷകന് അനുയോജ്യമായ വിത്ത് ലഭിക്കായ്ക.
6. അശാസ്ത്രീയമായ വളപ്രയോഗം.
7. കർഷകത്തൊഴിലാളികളുടെ അഭാവം.
8. പാടങ്ങൾ പുരയിടങ്ങളാക്കി വിൽപ്പന നടത്തുമ്പോൾ ലഭിക്കുന്ന അമിതലാഭം.
9. നാണ്യവിളകളുടെ കടന്നുകയറ്റം.
10. കാർഷീകേതര മേഖലയിൽ തൊഴിലാളികൾക്ക് ലഭിക്കുന്ന കൂടിയ വേതനം.
11. തക്കസമയത്ത് ജലം ലഭിയ്ക്കായ്ക.
12. കറ്റ കൊണ്ടുവരുന്നതിനുള്ള അസൗകര്യം.

പരിഹാരനിർദ്ദേശങ്ങൾ:-

1. അത്യുൽപാദനശേഷിയുള്ള പുതിയ ഇനം വിത്തുകൾ തക്കസമയത്ത് നൽകുക.
2. മൂന്നു വർഷം കൂടുമ്പോൾ പാടശേഖരങ്ങളിൽ വിത്ത് മാറി കൃഷി ചെയ്യുക.
3. പൊതുഞാറ്റടികൾ (Community Nursery) സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കുക.
4. പാടശേഖരസമതികൾ കാര്യക്ഷമമാക്കുക.

5. പാടശേഖരസമതി മുഖേന കക്ക, വളം, വിത്ത്, കീടനാശിനി, കുമിൾനാശിനി എന്നിവ യഥാസമയം സബ്സിഡിയായി വിതരണം ചെയ്യുക.
6. ഗ്രൂപ്പ് ഫാമിങ് ശക്തിപ്പെടുത്തുക.
7. കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ദരുടെ സേവനം യഥാസമയം കർഷകർക്ക് ലഭ്യമാക്കുക.
8. ജൈവ വളപ്രയോഗം പ്രോത്സാഹിപ്പിക്കുക.
9. കർഷകത്തൊഴിലാളികളുടെ വേതനം മറ്റ് മേഖലയുമായി താരതമ്യപ്പെടുത്തി നിർണ്ണയിക്കുക.
10. നടവരമ്പുകൾ സ്ഥാപിക്കുക
11. മണ്ണുപരിശോധന യഥാസമയം നടത്തി പ്രശ്നപരിഹാരം കാണുക.
12. പാടശേഖരാടിസ്ഥാനത്തിൽ ഫാം ഹൗസുകൾ സ്ഥാപിക്കുക.
13. ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.
14. നെല്ലിന് താങ്ങുവില പ്രഖ്യാപിക്കുക.
15 നെൽകൃഷിക്കാർക്ക് ഇന്നു നൽകുന്ന ഉൽപാദന പ്രോത്സാഹന ബോണസ് ഹെക്ടറിന് 2000/– രൂപയാക്കി വർദ്ധിപ്പിക്കുക.
16. നെൽകൃഷിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന കർഷകർക്ക് പെൻഷൻ നൽകുക.
17 കാർഷിക ഉപകരണങ്ങൾ പാടശേഖര സമതികൾക്ക് 50% സബ്സിഡി നിരക്കിൽ നൽകുക.
18. കാർഷികവൃത്തിയ്ക്ക് 'മാന്യത' നൽകുന്നതിന് വേണ്ട ബോധവൽക്കരണം നടത്തുക.
19. വളവും കീടനാശിനിയും നെൽകൃഷിയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ 50% വിലയ്ക്ക് റേഷൻ അടിസ്ഥാനത്തിൽ വിതരണം ചെയ്യുക.

തെങ്ങ്കൃഷി:–

നമ്മുടെ സംസ്ഥാനത്തിന് കേരളമെന്ന പേര് വരാൻ തന്നെ കാരണമായ കൽപ്പവൃക്ഷമായ തെങ്ങ് വളരെ വർഷങ്ങൾക്ക് മുൻപ് മുതൽ നമ്മുടെ പഞ്ചായത്തിലെ മിക്കവാറും പ്രദേശങ്ങളിൽ കൃഷി ചെയ്തുപോരുന്നവയാണ്. 1980 വരെ, നെൽകൃഷി കഴിഞ്ഞാൽ, നമ്മുടെ പ്രധാനകൃഷി തെങ്ങായിരുന്നു. 80ന് ശേഷം തെങ്ങ്കൃഷിക്ക് മാന്ദ്യം സംഭവിക്കുകയും ആ സ്ഥാനത്ത് റബർ കൃഷി സ്ഥാനം പിടിക്കുകയും ചെയ്തു. നിലവിൽ ഇവിടെ 550 ഹെക്ടർ സ്ഥലത്ത് തെങ്ങ്കൃഷിയുണ്ട്. ആകെയുള്ള തെങ്ങുകൾ 93500 എണ്ണമാണ്. വർഷത്തിലെ തേങ്ങ ഉൽപാദനം 4675000 എണ്ണമാണ്. ഒരു തെങ്ങിൽ നിന്നും ശരാശരി 50 തേങ്ങകൾ ലഭിക്കുന്നു.

ഏകദേശം 220 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിക്ക് ജലസേചന സൗകര്യം ഉണ്ട്. 330 ഹെക്ടർ സ്ഥലത്തെ കൃഷി മഴയെ ആശ്രയിക്കുന്നു.

നാടൻ ഇനം തെങ്ങിൻ തൈകളാണ് 90 ശതമാനവും ഇവിടെ കൃഷി ചെയ്യുന്നത്. T×D, D×T യും നാമമാത്രമായി കൃഷി ചെയ്യുന്നുണ്ട്. ഗൗളിതെങ്ങ്, പതിനെട്ടാംപട്ട, കോമാടൻ എന്നീയിനങ്ങൾ ഒറ്റപ്പെട്ട കൃഷിയാണ്.

തെങ്ങുകൃഷിക്ക് വളരെ അനുയോജ്യമായ മണ്ണും, കാലാവസ്ഥയുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. എന്നിരുന്നാലും തെങ്ങുകർഷകരിൽ വ്യാപകമായ മുരടിപ്പും, നിരാശയും കണ്ടുവരുന്നു. ഇതിനു പ്രധാന കാരണങ്ങൾ നാളികേരത്തിന്റെ വിലക്കുറവും കാറ്റുവീഴ്ചരോഗം മൂലമുള്ള തെങ്ങുകൃഷി നാശവുമാണ്. 1898–ൽ കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ടയിൽ ആദ്യമായി കണ്ടെത്തിയ തെങ്ങിലെ കാറ്റുവീഴ്ചരോഗം 100 വർഷങ്ങൾക്കുള്ളിൽ തിരുവനന്തപുരം ജില്ല മുതൽ തൃശൂർ ജില്ല വരെ ബാധിച്ചു കഴിഞ്ഞു. നമ്മുടെ പഞ്ചായത്തിലെ ഏകദേശം 50% തെങ്ങുകൾ ഈ രോഗം ബാധിച്ചവയാണ്. തെങ്ങിനെ ബാധിക്കുന്ന മറ്റു പ്രധാന രോഗങ്ങളും കീടങ്ങളും മഞ്ഞളിപ്പ്, കൂമ്പുചീയൽ, ചെന്നിവൊലിപ്പ്, ചെംചെല്ലി, കൊമ്പൻചെല്ലി, മീലിബഗ്, കോറിഡ്ബഗ്, ഓലപ്പുഴു തുടങ്ങിയവയാണ്.

1952 വരെ തെങ്ങുകൃഷിക്ക് വളമായി ഉപയോഗിച്ചിരുന്നത് പ്രധാനമായും, ചാണകം, ചവറ് (പച്ചില), എല്ലുപൊടി, എന്നീ ജൈവവളങ്ങളാണ്. 52ന് ശേഷം ക്രമേണ രാസവളം ഉപയോഗിക്കാൻ തുടങ്ങി. 80ന് ശേഷം ജൈവവളപ്രയോഗം തീരെ ഇല്ലായെന്നുതന്നെ പറയാം.

പ്രശ്നങ്ങൾ:-

1. രോഗകീടബാധ മൂലമുള്ള തെങ്ങുകൃഷി നാശം.
2. ഉൽപ്പാദന മുരടിപ്പ്
3. തേങ്ങയുടെ വിലക്കുറവ്
4. റബ്ബർകൃഷിയുടെ കടന്നുകയറ്റം.
5. വെളിച്ചെണ്ണ ഇറക്കുമതി.
6. രാസവളങ്ങളുടെ അമിതവില.
7. ജൈവവളങ്ങളുടെ ലഭ്യതക്കുറവ്.
8. മരുന്നുതളി ഉപകരണങ്ങളുടെ ലഭ്യതക്കുറവ്.

പരിഹാരമാർഗ്ഗങ്ങൾ:-

1. കാറ്റുവീഴ്ച രോഗംമൂലം കേടുവന്ന തെങ്ങുകൾ പൂർണ്ണമായും വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ നഷ്ടപരിഹാരം നൽകുക. പുതിയ തൈകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
2. രോഗ പ്രതിരോധ ശേഷിയുള്ള തെങ്ങിനങ്ങൾ വിതരണം ചെയ്യുക.
3. നാളികേരത്തിന് ന്യായമായ താങ്ങുവില നിശ്ചയിക്കുക.
4. 50% സബ്സിഡി നിരക്കിൽ മരുന്നുകളും സ്പ്രെയറുകളും സമിതി മുഖേന നൽകുക.
5. പഞ്ചായത്തുതലത്തിൽ തെങ്ങിന് മരുന്നു തളിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
6. കേരസമിതികൾ കാര്യക്ഷമമാക്കുക.
7. കാർഷിക വിദഗ്ദ്ധരുടെ സേവനം യഥാസമയം തെങ്ങുകൃഷിക്കാർക്ക് ലഭ്യമാക്കുക.
8. വളം വിതരണം യഥാസമയം നടത്തുക.
9. പഞ്ചായത്തുതലത്തിൽ കൊപ്ര സംഭരണ സംസ്ക്കരണ ശാല സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.
10. രോഗ, കീടബാധ നിർമാർജ്ജനത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
11. പുതിയതായി തെങ്ങുകൃഷി ചെയ്യുന്ന കർഷകർക്ക് ഇന്നു നൽകുന്ന സബ്സിഡി പുതുക്കി യഥാസമയം നൽകുക.
12. മരുന്നുതളിക്കുന്നതിന് കർഷകർക്ക് പരിശീലനം നൽകുക.
13. തെങ്ങുകൃഷിക്കാർക്ക് ആവശ്യമുള്ള മോട്ടറുകൾ 50% സബ്സിഡിയായി അനുവദിക്കുക.

റബർ:-

നമ്മുടെ പഞ്ചായത്തിൽ 1980 വരെ വിസ്തൃതിയിൽ മൂന്നാം സ്ഥാനത്തു നിന്നിരുന്ന റബർകൃഷി ഇന്ന് ഒന്നാം സ്ഥാനത്താണ്. 620 ഹെക്ടർ സ്ഥലത്ത് ഇവിടെ റബ്ബർ കൃഷിയുണ്ട്. ഹെക്ടറിൽനിന്ന് വർഷത്തിൽ ശരാശരി ഉൽപാദനം 3500 Kg ആണ്. നമ്മുടെ പഞ്ചായത്തിലെ വാർഷീക റബ്ബർ ഉൽപാദനം 2170 ടൺ ആണ്.

കൃഷി ചെയ്യുന്ന ഇനങ്ങൾ.—

RRII-105, RRIM-600 എന്നീയിനങ്ങളാണ് ഇവിടെയുള്ളത്. റബ്ബർകൃഷിയിൽ 80%വും RRII-105 ഇനമാണ്. റബ്ബർകൃഷി മുഖ്യകൃഷിയായി വളരാനുള്ള കാരണം ഉൽപാദനച്ചെലവിന് ആനുപാതികമായി വില മറ്റു വിളകളെ അപേക്ഷിച്ച് ലഭിക്കുന്നു എന്നുള്ളതാണ്. ഇന്ന് നിലവിലുള്ള ഉദാരമായ ആനുകൂല്യങ്ങളും റബ്ബർകൃഷിക്ക് ഉത്തേജനം നൽകുന്നു.

പ്രശ്നങ്ങൾ:-

1. റബ്ബർ ഇറക്കുമതി
2. പട്ടമരപ്പ്, ചീക്ക്, കൂമ്പുചീയൽ, എന്നീ രോഗങ്ങളുടെ ബാധ.
3. ചില സീസണിൽ റബ്ബർ ഉൽപന്നങ്ങളുടെ വിലക്കുറവ്.
4. പ്രകൃതിക്ഷോഭം മൂലമുള്ള റബ്ബർ മരങ്ങളുടെ നാശം.

പ്രശ്നപരിഹാര നിർദ്ദേശങ്ങൾ:-

1. റബ്ബർ ഇറക്കുമതി നിർത്തലാക്കുക.
2. രോഗകീടബാധകളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക.
3. റബ്ബർപാൽ സംസ്ക്കരണ കേന്ദ്രം ആവശ്യമുള്ളയിടങ്ങളിൽ സ്ഥാപിക്കുക.
4. റബ്ബർ ടാപ്പിങ്ങിൽ ശാസ്ത്രീയ പരിശീലനം നൽകുന്നതിന് പഞ്ചായത്തുതലത്തിൽ ട്രൈനിങ് കേന്ദ്രം ആരംഭിക്കുക.
5. റബ്ബർകൃഷിക്കുള്ള സബ്സിഡി കാലാനുസൃതമായി വർദ്ധിപ്പിക്കുക.
6. പ്രകൃതിക്ഷോഭ ധനസഹായം വർദ്ധിപ്പിച്ച് യഥാസമയം നൽകുക.
7. റബ്ബറധിഷ്ഠിത വ്യവസായം പഞ്ചായത്തുതലത്തിൽ ആരംഭിക്കുക.
8. റബ്ബർകർഷകർക്ക് റബ്ബർറോളറും പുകപ്പുരയും നൽകുന്നതിന് സബ്സിഡി ഏർപ്പെടുത്തുക.

കൊക്കോ:-

നമ്മുടെ പഞ്ചായത്തിൽ 1980കളുടെ ആരംഭത്തിൽ കൃഷിചെയ്യുവാൻ തുടങ്ങിയ കൊക്കോ ഇന്ന് പ്രധാന കൃഷിയായി വളർന്നിട്ടുണ്ട്.

പ്രശ്നങ്ങൾ

1. കീടശല്യം
2. രോഗബാധ
3. സീസണിൽ വിലയില്ലായ്മ
4. കൊക്കോകുരു സംസ്ക്കരണത്തിന് സൗകര്യമില്ലായ്മ

പരിഹാരങ്ങൾ:-

1. അണ്ണാൻ, എലി തുടങ്ങിയവയിൽനിന്നും കൊക്കോ കൃഷി സംരക്ഷിക്കുന്നതിന് എലിക്കെണികളും സബ്സിഡിനിരക്കിൽ വിതരണം ചെയ്യുക.
2. കൊക്കോകൃഷി പരിചരണത്തെക്കുറിച്ച് ബോധവൽക്കരണം
3. രോഗങ്ങൾക്ക് എതിരായി പ്രയോഗിക്കേണ്ട മരുന്നുകളും യഥാസമയം സബ്സിഡി നിരക്കിൽ നൽകുക.
4. കാര്യക്ഷമമായ വളപ്രയോഗത്തിന് വളം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
5. കൊക്കോ സംസ്ക്കരണ കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക
6. കൊക്കോകൃഷിക്ക് പ്രോത്സാഹന ബോണസ് ഏർപ്പെടുത്തുക
7. കൊക്കോക്കുരുവിന് താങ്ങുവിലനിശ്ചയിക്കുക

വാഴ:-

പ്രാചീനകാലം മുതൽ നമ്മുടെ പഞ്ചായത്തിൽ കൃഷി ചെയ്തിരുന്ന പ്രധാന വിളകളിൽ ഒന്നാണ് വാഴകൃഷി മുപ്പതോളം ഇനങ്ങളും ഇവിടെ വ്യാപകമായി കൃഷിചെയ്തിരുന്നു. മഴയെ ആശ്രയിച്ചും, മറ്റു രീതിയിൽ ജലസേചനം നടത്തിയും വാഴകൃഷി ചെയ്തിരുന്നു. ഏത്തവാഴ, പാളയങ്കോടൻ, ഞാലിപ്പൂവൻ, പൂവൻ, കണ്ണൻ, ചുണ്ടില്ലാക്കണ്ണൻ, കദളി, ചോരപ്പൂവൻ, പടറനി, ചാരപ്പടറനി എന്നീയിനങ്ങളായിരുന്നു മുഖ്യമായി കൃഷി ചെയ്തിരുന്നത്. 1965 വരെ ഏത്തവാഴയിൽ നനച്ച് കൃഷി ചെയ്യുന്ന ഇനം മാത്രമാണ് ഉണ്ടായിരുന്നത്. 65ന് ശേഷം, വേനൽവാഴ കൃഷി ചെയ്യാൻ തുടങ്ങി. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 50 ഹെക്ടറിൽ കൂടുതൽ വാഴകൃഷിയുണ്ട്. 100 ടൺ വിള വർഷത്തിൽ ലഭിക്കുന്നു. ശരാശരി ഉൽപാദനം ഒരു വാഴയിൽ നിന്നും 8Kg. ആണ്. ഇപ്പോൾ ഇവിടെ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത്. വേനൽവാഴയും,ചെറുവാഴകളുമാണ് വാഴകൃഷിക്ക് അനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണ് ഇവിടെയുള്ളത്. സാധാരണയായി സെപ്റ്റമ്പർ-ഒക്ടോബറിലും, ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിലുമാണ് വാഴകൃഷി ചെയ്യുന്നത്. വാഴകൃഷിയോടുള്ള താൽപ്പര്യം ഏറിവരുന്നുണ്ട്.

പ്രശ്നങ്ങൾ -

1. വർദ്ധിച്ച തോതിലുള്ള കുറുനാമ്പ് രോഗം (കുറ്റില)
2. വാഴച്ചെല്ലിയുടെ രൂക്ഷമായ ആക്രമണം.
3. രോഗങ്ങളുടെ ക്രമാതീതമായ കടന്നാക്രമണം.
4. പ്രകൃതിക്ഷോഭം കൊണ്ടുള്ള കൃഷിനാശം.
5. സീസണിൽ വിലയില്ലായ്മ.
6. വാഴ കന്നുകളുടെ ലഭ്യതക്കുറവ്.

പ്രശ്നപരിഹാരങ്ങളും നിർദ്ദേശങ്ങളും:-

1. കുറുനാമ്പുരോഗത്തിനെതിരെ പ്രവർത്തിക്കാൻ ബോധവൽക്കരണം നടത്തുക.
2. കീടനാശിനി സബ്സിഡി നിരക്കിൽ നൽകുക.
3. മേൽത്തരം വാഴക്കന്നുകളും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
4. പ്രകൃതിക്ഷോഭ ധനസഹായം യഥാസമയം നൽകുക.
5. വാഴത്തോട്ടം ഇൻഷ്വർ ചെയ്യുന്ന നടപടി ത്വരിതപ്പെടുത്തുക.
6. കായ് വിപണനരംഗത്തെ ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുവാൻ നടപടികളും സ്വീകരിക്കുക,
7. ഇൻഷൂർ ചെയ്ത വാഴകളും പ്രകൃതിക്ഷോഭത്താൽ നശിച്ചുപോകുന്നതിന് നഷ്ടപരിഹാര ധനസഹായം കാലതാമസമില്ലാതെ കർഷകന് ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുക.
8. വാഴകൃഷിയെക്കുറിച്ച് കർഷകന് സാങ്കേതിക വിജ്ഞാനം ലഭിക്കാനുതകുന്ന പരിശീലനം നൽകുക.

പൈനാപ്പിൾ:-

വളരെ വർഷങ്ങൾക്ക് മുൻപ്മുതൽ നമ്മുടെ പഞ്ചായത്തിലെ കർഷകരുടെ പുരയിടങ്ങളിലെ അതിരുകളോട്ചേർന്ന് നാടൻ ഇനം പൈനാപ്പിൾ ചെറിയതോതിൽ കൃഷി ചെയ്തിരുന്നു. കാര്യമായ പരിചരണമുറകളും ചെയ്ത് വിളവ് മെച്ചപ്പെടുത്താൻ കർഷകർ ശ്രദ്ധിച്ചിരുന്നില്ല എന്നാൽ 1985നുശേഷം നമ്മുടെ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൈനാപ്പിൾകൃഷി തോട്ടാടിസ്ഥാനത്തിൽ ചെയ്തുവരുന്നുണ്ട് കർഷകർക്ക് പൈനാപ്പിൾ കൃഷിയിൽ വർദ്ധിച്ച ഉൽസാഹം ഇപ്പോൾ കണ്ടുവരുന്നുണ്ട്. വിപണനസൗകര്യവും, ന്യായമായ വിലയും ലഭിക്കുന്നതിനാൽ പൈനാപ്പിൾകൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കുവാൻ സാദ്ധ്യതയുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഏകദേശം 25 ഹെക്ടർ സ്ഥലത്ത് പൈനാപ്പിൾകൃഷി നിലവിലുണ്ട്. ആകെ പഞ്ചായത്തിൽ പൈനാപ്പിൾഉൽപ്പാദനം 262500 കിലോഗ്രാമാണ്. ഹെക്ടറിന് 10500 കിലോഗ്രാമാണ് ശരാശരി ഉൽപ്പാദനം.

പ്രശ്നങ്ങൾ:-

1. നല്ലയിനം വിത്തു(കാനി)കളും ലഭിക്കുന്നതിനുള്ള ബുദ്ധിമുണ്ട്.
2. വിസ്തൃതമായ തോട്ട കൃഷിക്കുള്ള സ്ഥലദൗർലഭ്യം.
3. സീസണിൽ ന്യായമായ വില ലഭിക്കാത്ത സാഹചര്യം.
4. അത്യുൽപ്പാദനശേഷിയുള്ള പുതിയ ഇനങ്ങളുടെ ലഭ്യതക്കുറവ്
5. പൈനാപ്പിൾകൃഷിക്ക് വായ്പ ലഭിക്കാത്ത സാഹചര്യം.

പ്രശ്നപരിഹാരങ്ങൾ:-

1. നല്ലയിനം അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ കർഷകർക്ക് കൃഷിചെയ്യുന്ന സമയത്ത് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
2. പൈനാപ്പിൾകൃഷിക്ക് വായ്പാ സൗകര്യം ഏർപ്പെടുത്തുക.
3. പൈനാപ്പിൾ കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും, കൃഷിപരിചരണമുറകളെക്കുറിച്ചും ബോധവൽക്കരണം നടത്തുക

പച്ചക്കറി കൃഷികൾ:-

മുൻകാലങ്ങളിൽ (1970 വരെ), നമ്മുടെ പഞ്ചായത്തിലെ മിക്കവാറും കർഷകകുടുംബങ്ങളിൽ വിവിധയിനം പച്ചക്കറികൾ വ്യാപകമായി കൃഷി ചെയ്തിരുന്നു. വിപണന ആവശ്യത്തിനായി കൃഷി ചെയ്തിരുന്നില്ലായെങ്കിലും വീട്ടാവശ്യത്തിന് പച്ചക്കറികൾ സുലഭമായി ലഭിച്ചിരുന്നു. നമ്മുടെ പഞ്ചായത്തിൽ സാധാരണ കൃഷി ചെയ്തിരുന്ന ഇനങ്ങൾ പാവൽ, പടവലം, വഴുതന, വെള്ളരി, വെണ്ട, കുമ്പളം മത്ത, മുളക്, ചീര, നിത്യവഴുതന, വാളങ്ങ, പച്ചച്ചീര, പയർ മുതലായവയാണ്.

എന്നാൽ കൃഷിസ്ഥലത്തിന്റെ അപര്യാപ്തതയും, രോഗകീടം മൂലമുള്ള വ്യാപകമായ കൃഷിനാശവും കാരണം പച്ചക്കറികൾ ഇന്ന് നാമമാത്രമായിട്ടെ കൃഷി ചെയ്യുന്നുള്ളു. നമുക്കാവശ്യമുള്ള പച്ചക്കറികളിൽ ഭൂരിഭാഗവും മറ്റു സംസ്ഥാനങ്ങളിൽനിന്നും, സമീപപ്രദേശങ്ങളിൽ നിന്നും വരുന്നവയാണ്.

നമ്മുടെ സംസ്ഥാനത്തിന് ആവശ്യമുള്ള പച്ചക്കറികൾ വാങ്ങിക്കുന്നതിന് നാം ഏകദേശം 400 കോടി രൂപ ചിലവാക്കേണ്ടിവരുന്നുണ്ട്. ഇവ അന്യ സംസ്ഥാനങ്ങളിലേക്കാണ് പോകുന്നത് എന്ന് നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്.

പച്ചക്കറികൃഷി ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഏകദേശം 10 ഹെക്ടർ സ്ഥലത്ത് ചെയ്യുന്നുണ്ട്.

വിവിധ വിളകളാണ് 10 ഹെക്ടറിൽ കൃഷി ചെയ്യുന്നത് എന്നതിനാൽ വിളവു ഹെക്ടറിന് തിട്ടപ്പെടുത്താൻ ബുദ്ധിമുട്ടാണ് എന്നിരുന്നാലും ഏകദേശം 9000Kg വിളവ് 1 ഹെക്ടറിൽ നിന്ന് ലഭിക്കുന്നതായി കണക്കാക്കാവുന്നതാണ്.

നമ്മുടെ പുരയിടങ്ങളിലും, മുറ്റത്തിനോടും ചേർന്ന് കിടക്കുന്ന സ്ഥലത്തും നാം ആത്മാർത്ഥമായി ശ്രമിച്ചു കൃഷിചെയ്താൽ മിക്കവാറും കുടുംബങ്ങൾക്കാവശ്യമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുവാൻ നമുക്ക് കഴിയും.

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായി ഇന്ന് കൃഷിചെയ്യുന്ന പച്ചക്കറികൾ-പയർ, പാവൽ, പടവലം, ചീര, വഴുതന, വെണ്ട മുതലായവയാണ്.

പച്ചക്കറികൃഷിയെ നേരിടുന്ന പ്രശ്നങ്ങൾ:-

1. ഫലഭൂയിഷ്ടതയുള്ള കൃഷി സ്ഥലത്തിന്റെ അപര്യാപ്തത.
2. നല്ലയിനം വിത്തുകളുടെ ലഭ്യതക്കുറവ്
3. ജലസേചന സൗകര്യക്കുറവ്
4. വായ്പാ സൗകര്യങ്ങൾ ലഭിക്കാത്ത സാഹചര്യം.
5. രോഗകീടമൂലമുള്ള വ്യാപകമായ വിളനാശം
6. ഉല്പന്നങ്ങൾക്ക് സീസണിൽ വിലക്കുറവ്
7. വിപണനത്തിനുള്ള സൗകര്യമില്ലായ്മ
8. ഇടത്തട്ടുകാരുടെ ചൂഷണം

പ്രശ്നപരിഹാരങ്ങൾ:-

1. നല്ലയിനം അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ യോജിച്ച സമയത്തിന് കർഷകന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
2. രോഗം, കീടം ഇവബാധിച്ച് നാശം സംഭവിക്കുന്ന വിളകൾ ഇൻഷുർചെയ്തത് അവക്ക് ധനസഹായം നൽകുവാൻ നടപടികൾ സ്വീകരിക്കുക.
3. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സബ് സിഡി നൽകുക.
4. വിത്തും വളവും തക്കസമയത്ത് സൗജന്യനിരക്കിൽ വിതരണ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുക.
5. വിപണനരംഗത്തെ ചൂഷണം അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുക.
6. പഞ്ചായത്തുതലത്തിൽ പച്ചക്കറി സ്റ്റാൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിച്ച് കർഷകൻ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സംഭരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
7. പഴം പച്ചക്കറി മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുക.

സെൻട്രൽ നഴ്സറി:-

ഈ പഞ്ചായത്തിൽ ഉല്പാദനോപാതികളുടെ പ്രത്യേകിച്ച് നടീൽവസ്തുക്കളുടെ ഉല്പാദനത്തിന് ഒരു സെൻട്രൽ നഴ്സറി സ്ഥാപിക്കേണ്ടതാണ്. ഒട്ടുതൈകൾ മുതൽ അലങ്കാരചെടികളും ഉൾപ്പെടെ എല്ലാ ഇനം തൈകളും ഈ പഞ്ചായത്തിൽതന്നെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യേണ്ടതാണ്. ഇതിന് ആവശ്യമായ മാതൃചെടികൾ കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ ലഭ്യമാക്കുകയും ഉല്പാദനത്തിന്റെ സാങ്കേതികമായ വശങ്ങൾ കൃഷിവകുപ്പിൽനിന്നും നൽകേണ്ടതുമാണ്. വിതരണവസ്തുക്കളുടെ വില പഞ്ചായത്തും കൃഷിവകുപ്പും ചേർന്ന് നിശ്ചയിക്കേണ്ടതും ഇത് നടത്താൻ തയ്യാറുള്ള കർഷകന് 5000 രൂപ വാർഷിക ഗ്രാന്റ് അനുവദിക്കേണ്ടതുമാകുന്നു.

എള്ള്, മരച്ചീനി

എള്ള്, മരച്ചീനി എന്നീ കൃഷികളും മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. ഈ വിളകളും നാമമാത്രമായി കൃഷി ചെയ്യുവാനുള്ള കാരണം സ്ഥലപരിമിതിയാണ്. മരച്ചീനി കൃഷിക്കും, എള്ള് കൃഷി ചെയ്യുന്നതിനും നീക്കി വെച്ചിരുന്ന കൃഷി സ്ഥലങ്ങളും ഇന്ന് ഇല്ല എന്നുതന്നെ പറയാം. നമ്മുടെ പഞ്ചായത്തിൽ മേൽപറഞ്ഞ കൃഷികളും വൻതോതിൽ ഉണ്ടായിരുന്നതാണ്. മുൻകാലങ്ങളിൽ നമ്മുടെ ആഹാരക്രമത്തിൽ രണ്ടാംസ്ഥാനം മരച്ചീനിക്കായിരുന്നു.

കമുക്:-

1970–കളും വരെ നമ്മുടെ പഞ്ചായത്തിലെ പ്രധാനകൃഷികളിൽ ഒന്നായിരുന്നു കമുക് കൃഷി; ഗുരുതരമായി കമുകിന് രോഗംബാധിച്ച് നാശങ്ങളും സംഭവിച്ചതിനാൽ കമുക് കൃഷിയിൽ നിന്നും കർഷകർ പിൻതിരിയുകയുണ്ടായി എന്നാൽ വിലയിൽ സാരമായ മാറ്റം കണ്ടുതുടങ്ങിയ സാഹചര്യത്തിൽ കമുക്കൃഷിയിലേക്ക് കർഷകരുടെ ശ്രദ്ധ തിരിയുന്നുണ്ട്.

ഗുരുതരമായ മഹാളിരോഗം തടഞ്ഞ് കമുക് കൃഷിയെ രക്ഷിക്കാൻ മുന്നോട്ടുവന്നാൽ കർഷകർക്ക് വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്.

കമുക്കൃഷിയിലെ പ്രശ്നങ്ങൾ:-

1. ഗുരുതരമായ മഹാളി, മഞ്ഞളിപ്പ് രോഗങ്ങളും.
2. അനുയോജ്യമായ കൃഷിസ്ഥലങ്ങളുടെ അപര്യാപ്തത
3. സീസണിൽ ഉല്പന്നങ്ങൾക്ക് വിലക്കുറവ്.
4. രോഗപ്രതിരോധ ഇനങ്ങളുടെ ലഭ്യതക്കുറവ്.
5. കമുക്കൃഷി ചെയ്യുവാൻ ധനസഹായം ലഭിക്കാത്ത സാഹചര്യം.

പ്രശ്നപരിഹാരങ്ങൾ:-

1. നല്ലയിനങ്ങളായ മംഗള, ശ്രീമംഗള, മോഹിത് നഗർ, കർണ്ണാടക ലോക്കൽ എന്നീ ഇനം സൗജന്യനിരക്കിൽ വിതരണം ചെയ്യുവാൻ നടപടികളും സ്വീകരിക്കുക.
2. മാരകരോഗങ്ങളായ മഹാളി, അടക്കപൊഴിച്ചിൽ, മഞ്ഞളിപ്പ് എന്നീ രോഗങ്ങൾക്കെതിരെ പ്രതിരോധമരുന്നുകളും തളിക്കുന്നതിന് മരുന്നും, മരുന്നുതളി ഉപകരണങ്ങളും സബ്സിഡിനിരക്കിൽ അനുവദിക്കുക.
3. അടക്കാവിപണനം സുഗമമായി നടത്തുന്നതിന് നടപടികളും സ്വീകരിക്കുക.
4. കമുക് കർഷകർക്ക് കൃഷി വായ്പാ സൗകര്യം ഏർപ്പെടുത്തുക.

ജാതി:-

ജാതികൃഷി നമ്മുടെ പഞ്ചായത്തിൽ വ്യാപകമായിട്ടുണ്ട്. ജാതിക്കായുടെ വിലക്കുറവ് മൂലം ജാതി കർഷകർ നിരാശയിൽ ആണ്ടിരിക്കയാണ്. ഏകദേശം 17 ഹെക്ടർ സ്ഥലത്ത് ജാതികൃഷിയുണ്ട്.

ശരാശരി ഒരു മരത്തിൽനിന്നും 200 കായ്കളും ലഭിക്കുന്നുണ്ട്.

ജാതി കൃഷിക്കാരുടെ പ്രശ്നങ്ങൾ:-

1. ഉല്പന്നത്തിന്റെ വിലക്കുറവ്
2. ജാതിക്കാ പൊഴിച്ചിൽ രോഗം
3. വിപണന സൗകര്യമില്ലായ്മ
4. ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത

പ്രശ്നപരിഹാരങ്ങൾ:-

1. ന്യായമായ വില ഉറപ്പുവരുത്തുവാൻ താങ്ങുവില പ്രഖ്യാപിക്കുക
2. രോഗകീടബാധക്കെതിരെ ബോധവൽക്കരണം നടത്തുക
3 വിപണനസൗകര്യം ഏർപ്പെടുത്തുക
4. ജലസേചന സൗകര്യം വിപുലപ്പെടുത്തുക

കുരുമുളക്:-

കറുത്തപൊന്ന് എന്നറിയപ്പെടുന്ന കുരുമുളക് കൃഷി നമ്മുടെ പഞ്ചായത്തിൽ ഇന്ന് മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ 60 ഹെക്ടർ സ്ഥലത്തു മാത്രമെ ഇപ്പോൾ കുരുമുളക് കൃഷി ചെയ്യുന്നുള്ളു. മൊത്തം ഉല്പാദനം 28,800 കിലോഗ്രാമാണ്. ഒരു മരത്തിൽനിന്നും ശരാശരി ഉല്പാദനം 2Kg. ഉണക്ക കുരുമുളകാണ്.

കുരുമുളകിനെ ബാധിക്കുന്ന വാട്ടരോഗങ്ങളും സ്ഥിരതയില്ലാത്ത വിലയും, റബ്ബർകൃഷി വ്യാപനത്തിന്റെ ഫലമായി കൃഷിഭൂമിയുടെ അപര്യാപ്തതയുമാണ് കുരുമുളകു കൃഷി വളരെയധികം കുറയുവാൻ കാരണമായത്.

കുരുമുളകുകൃഷിയിലെ പ്രശ്നങ്ങൾ:-

1. ഗുരുതരമായ രോഗങ്ങളും
2. ഉല്പന്നങ്ങളുടെ വിലക്കുറവും, സ്ഥിരതയില്ലായ്മയും
3. വായ്പസൗകര്യങ്ങളുടെ അപര്യാപ്തത
4. സ്ഥലപരിമിതി

പ്രശ്നപരിഹാരങ്ങൾ:-

1. രോഗ, കീടബാധ നിയന്ത്രിക്കുവാൻ സൗജന്യമായി മരുന്നുതളി ഏർപ്പെടുത്തുക.

2. കുരുമുളക് കർഷകർക്ക് ബോധവൽക്കരണ ക്ലാസ്സ് നടത്തുക.
3. നിലവിലുള്ള കുരുമുളക് സമിതി കാര്യക്ഷമമാക്കുക.
4. കുരുമുളകിന് ന്യായമായ വില ഉറപ്പുവരുത്തുക.

കൃഷിയടിസ്ഥാനത്തിൽ ചെയ്തിരുന്നില്ലായെങ്കിലും നമ്മുടെ പഞ്ചായത്തിലെ മിക്കവാറും പുരയിടങ്ങളിൽ ഉണ്ടായിരുന്ന ഫലവൃക്ഷങ്ങളാണ് പ്ലാവ്, മാവ്, പേര, ചാമ്പ, ആത്ത എന്നിവ. മുരിങ്ങയും, കറിവേപ്പിലച്ചെടിയും വളരെ വ്യാപകമായി ഉണ്ടായിരുന്നു

ചക്കയും, മാങ്ങയും മുൻകാലങ്ങളിൽ ധാരാളം ഉണ്ടായിരുന്നതിനാൽ ഭക്ഷണകാര്യത്തിൽ ഒരു മുതൽക്കൂട്ടായിരുന്നു. റബ്ബർ, തെങ്ങ് കൃഷി വ്യാപനത്തോടെ പ്ലാവും, മാവും പുരയിടങ്ങളിൽ വളരെയധികം കുറഞ്ഞ സാഹചര്യമാണ് നിലവിലുള്ളത്.

കടച്ചക്കയും, പേരക്കയും, ചാമ്പക്കയും. ആത്തക്കായും സുലഭമായി ഉണ്ടായിരുന്ന കർഷക പുരയിടങ്ങളിൽ ഇന്ന് വിരളമായെ ഇവകാണാൻ കഴിയുന്നുള്ളു

ഇഞ്ചി:-

കൃഷി ആരംഭിച്ച കാലം മുതൽ മുടക്കുഴ പഞ്ചായത്തിൽ ഇഞ്ചികൃഷി ചെയ്തിരുന്നു. പ്രധാന കൃഷികളിൽ ഒന്നായിരുന്നു 1980വരെ നമ്മുടെ പഞ്ചായത്തിൽ ഇഞ്ചികൃഷി. റബ്ബർകൃഷി വ്യാപനത്തോടെ ഇഞ്ചികൃഷി കുറഞ്ഞുവരികയാണ് പഞ്ചായത്ത് പരിധിയിൽ.

സാധാരണയായി കൃഷി ചെയ്തിരുന്നത് "കുറുപ്പംപടി" എന്ന ഇനവും തൊടുപുഴ പ്രദേശത്തുനിന്നുള്ള നാടൻ ഇനവും ആയിരുന്നു.

ചുക്കിനായിട്ടാണ് പ്രധാനമായും ഇഞ്ചികൃഷി ചെയ്തുവരുന്നത്. ശരാശരി 2000Kg. ചുക്ക് ഒരു ഹെക്ടറിൽ നിന്ന് ലഭിക്കുന്നു. രോഗ കീടബാധ വ്യാപകമായി ഇഞ്ചികൃഷിയെ ബാധിക്കുന്നതിനാൽ ഇഞ്ചി കർഷകർ ഇന്നും തീർത്തും നിരാശരാണ്.

ഇഞ്ചികൃഷിയിലെ പ്രശ്നങ്ങൾ:-

1. രോഗംമൂലമുള്ള വിളനാശം
2. വർദ്ധിച്ച ഉല്പാദനച്ചിലവ്
3. അനുയോജ്യമായ സ്ഥലത്തിന്റെ ദൗർലഭ്യം
4. നല്ലയിനം വിത്തുകളുടെ ലഭ്യത.
5. തക്കസമയത്ത് വായ്പ ലഭിക്കാത്ത സാഹചര്യം.
6. സീസണിൽ വിലയില്ലായ്മ.

പ്രശ്നപരിഹാരങ്ങൾ:-

1. രോഗം ബാധിച്ച് നശിക്കുന്ന വിള ഇൻഷൂർ ചെയ്ത് അവക്ക് ഉല്പാദനച്ചിലവ് നഷ്ട പരിഹാരമായി നൽകുക.
2. വായ്പ ധനസഹായം യഥാസമയം നൽകുക.
3. അത്യുല്പാദനശേഷിയുള്ള വിത്തുകൾ ലഭ്യമാക്കുക.
4. രോഗകീടബാധക്കെതിരെ ബോധവൽക്കരണം നടത്തുക.
5. സീസണിൽ വില ഉറപ്പുവരുത്തുന്നതിന് ചുക്കിന് താങ്ങുവില പ്രഖ്യാപിക്കുക.

നമ്മുടെ പഞ്ചായത്തിലെ രാസവള, കീട, കുമിൾനാശിനി ഉപയോഗം-(വർഷത്തിൽ)

സ്ഥാപനത്തിന്റെ പേര്	രാസവളം	കീടനാശിനി		കുമിൾനാശിനി	
		ദ്രവം	ഖരം	ദ്രവം	ഖരം
S. C. 693 മുടക്കുഴ	25 ടൺ	32 ലി.	150 Kg.	32 ലി.	26 Kg.
പഞ്ചായത്തിലെ വ്യക്തിഗത സ്ഥാപനങ്ങളിൽനിന്ന്	21 ടൺ	22 ലി.	60 Kg.	17 ലി.	21 Kg.
പുറം പ്രദേശത്തെ സ്ഥാപനങ്ങളിൽനിന്നും	13 ടൺ	40 ലി	18 Kg.	26 ലി.	24 Kg.
ആകെ	59 ടൺ	94 ലി.	228 Kg.	75 ലി.	71 Kg.

ജൈവവള ഉപയോഗം

പച്ചില/കരിയില	ചാണകം	വേപ്പിൻ പിണ്ണാക്ക്	കോഴികാഷ്ടം
950 ടൺ	2500 ടൺ	40 ടൺ	600 ടൺ

1995–96ൽ കൃഷിവകുപ്പിൽ നിന്നും ഈ പഞ്ചായത്തിൽ ചെലവാക്കിയ വിഹിതം

1.	പ്രത്യേക ഘടക പദ്ധതി	57411 00
2.	ഊർജ്ജിത സുഗന്ധവിള വികസന പദ്ധതി	14800 ...
3.	കുരുമുളക് പുനരുദ്ധാരണ പദ്ധതി	6975 ...
4.	സമ്പൂർണ്ണ തെങ്ങ്വികസന പദ്ധതി	254150 ...
5.	രജിസ്റ്റർചെയ്ത വിത്തുൽപ്പാദന പദ്ധതി	2800 ...
6.	പ്രത്യേക തൊഴിൽദാന പദ്ധതി	16000 ...
7.	സ്ക്കൂൾ തോട്ടങ്ങൾ	500 ...
8.	പൊതുജന പങ്കാളിത്ത പരിപാടി	3000 ...
9.	ഊർജ്ജിത ധാന്യ വികസിത പദ്ധതി	2000 ...
10.	പ്രത്യേക തൊഴിൽദാന യുവജന കാർഷിക പദ്ധതി	16600 ...
11.	കൊക്കോവികസന പദ്ധതി	8000 ...
12.	പ്രകൃതിക്ഷോഭ സഹായ പദ്ധതി	106020 ...
13.	നെല്ലുല്പാദന ബോണസ് (3 പൂവിലുംകൂടി)	298600 ...
14.	പുതുതായി തെങ്ങുകൃഷിക്കുള്ള ആനുകൂല്യം	3173 ...

1996–97ൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി

1.	നെല്ലുല്പാദന ബോണസ്സ്	81884 ...
2.	സമ്പൂർണ്ണ തെങ്ങുവികസന പദ്ധതി	217500 ...
3.	കുരുമുളക് പുനരുദ്ധാരണ ,,	30000 ...
4.	ഊർജ്ജസുഗന്ധവിള വികസന പദ്ധതി	15250 ...
5.	പ്രത്യേക ഘടക പദ്ധതി (ഫാം ഹൗസ്)	50000 ...
6.	പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി	9765 ...
7.	രജിസ്ട്രേഡ് വിത്തുല്പാദക ,,	2Ha
8.	വെറ്റില വികസന പദ്ധതി	1750 ...

നിലവിലുള്ള കാർഷികപദ്ധതിയുടെ അവലോകനം

1.	പ്രത്യേക ഘടക പദ്ധതി	ഉപഭോക്താക്കളുടെ എണ്ണം
	വളം	465 ,,
	ഭൂവികസന പ്രവർത്തനം	9 ,,
2.	സുഗന്ധവിള കൃഷി പദ്ധതി	77 ,,
3.	ഊർജ്ജിത തെങ്ങുകൃഷി പദ്ധതി	
	കിണർ	50 Nos.
	പമ്പുസെറ്റ്	50 ,,
	വളം കിറ്റുകൾ	750 ,,
	രോഗബാധിത തെങ്ങുമുറിക്കൽ	269 ,,
4.	വിത്തുല്പാദന പദ്ധതി	2 സമിതി
5.	സ്ക്കൂൾ ഗാർഡൻ	1 No
6.	പൊതുജന പങ്കാളിത്തത്തോടെയുള്ള പദ്ധതി	6 Nos.
7.	പ്രത്യേക തൊഴിൽദാന പദ്ധതി	7 ,,
8.	കൊക്കോവികസന പദ്ധതി	10 ,,
9.	പ്രകൃതിക്ഷോഭ സഹായം	64 ,,
10	നെല്ലുല്പാദക സബ്സിഡി	2960 ,,
11.	പുതുതായി തെങ്ങുവയ്ക്കൽ	8 ,,

പഞ്ചായത്തിലെ ജലസ്രോതസ്സുകളും ജലസേചനസൗകര്യങ്ങളും ജലനിർഗ്ഗമനവും

മുടക്കുഴ പഞ്ചായത്തിൽ മഴയിൽനിന്ന് ലഭിക്കുന്ന ജലത്തിന്പുറമെ കൃഷിക്ക് ഉപകരിക്കുന്ന ജലസ്രോതസ്സുകൾ താഴെ പറയുന്നവയാണ്.

1. കിണറുകൾ
2. കുളങ്ങൾ
3. ചിറകൾ
4. കനാലുകൾ
5. ലിഫ്ട് ഇറിഗേഷൻ
6. തോടുകൾ

1.	കിണറുകളുടെ എണ്ണം	1460
2.	കുളങ്ങൾ	21 എണ്ണം
3.	ചിറകൾ	3 ,,
3(a)	പമ്പുസെറ്റുകൾ	410 ,,
4.	കനാലുകൾ	7 ,,
5.	തോടുകൾ	13 ,,

6. കനാലുകളുടെ ആയക്കെട്ട് പ്രദേശം
7. തോടുകളുടെ നീളം—33Km. [943 ഹെക്ടർ]
8. കനാലുകളുടെ നമ്മുടെ പഞ്ചായത്തു പരിധിയിലെ ആകെ നീളം 33.5 കിലോമീറ്റർ

പ്രകൃതിദത്ത മഴയെ ആശ്രയിച്ചാണ് 1950കൾ വരെ നമ്മുടെ പഞ്ചായത്തിൽ കൃഷിചെയ്തിരുന്നത്. 50കളുടെ ആരംഭത്തോടെ പമ്പുസെറ്റുകൾ സ്ഥാപിച്ചു ജലസേചനം നടത്തുന്നരീതി ആരംഭിച്ചു. കിണറുകളിൽ നിന്നും, ചിറകളിൽ നിന്നും, കുളങ്ങളിൽ നിന്നും തേകിയും വെള്ളം തിരിച്ചുവിട്ടും കൃഷിക്ക് ഉപയോഗിച്ചിരുന്നു. മനുഷ്യശ്രേഷി കൂടാതെ കാളകളേയും തേകാനായി ഉപയോഗിച്ചിരുന്നു. 1960കളുടെ അവസാനം മുതൽ കനാൽ ജലം ഉപയോഗിച്ച് കൃഷിചെയ്യുവാൻ തുടങ്ങി. ആയക്കെട്ട് പ്രദേശമായി വരുന്ന 943 ഹെക്ടർ സ്ഥലം കനാൽജലം ഉപയോഗിച്ച് കൃഷിചെയ്യുന്നുണ്ട്. തെങ്ങ്, നെല്ല്, കൊക്കോ, വാഴ, പച്ചക്കറികൾ, ജാതി മുതലായവയാണ് ജലസേചനം നടത്തി പ്രധാനമായും കൃഷി ചെയ്യുന്നത്. മറ്റ് കൃഷികൾ പ്രധാനമായും മഴയെ ആശ്രയിച്ചാണ് ചെയ്യുന്നത്.

പ്രധാന തോട് മുടക്കുഴ തോടാണ്. ഇവ ആരംഭിക്കുന്നത് തലപുഞ്ച എന്ന സ്ഥലത്തുനിന്നാണ്. അവസാനിക്കുന്നത് പെരിയാറിൽ പ്ലാമുടി പാലത്തിന് 1½ കിലോമീറ്റർ താഴെ ഭാഗത്തായിട്ടാണ്. 2–ാമത്തെ പ്രധാനതോട് വാണിയപ്പിള്ളി തോടാണ്. വേങ്ങൂർ പഞ്ചായത്തിലെ വക്കുവള്ളിയിൽനിന്നാരംഭിച്ച് പെരിയാറിൽ മലയാറ്റൂർ പള്ളിയുടെ സമീപം കാവുസ്ഥലത്തു ചെന്നവസാനിക്കുന്നു. മുടക്കുഴ തോട് 17 കിലോമീറ്ററും, വാണിയപ്പിള്ളി തോട് 5 കിലോമീറ്ററും നമ്മുടെ പഞ്ചായത്തിൽക്കൂടി ഒഴുകുന്നു.

ഇന്നുള്ള ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്.

പുതിയതായി അനുവദിച്ചു തഴ്ത്തേണ്ട കിണറുകൾ ആകെ പഞ്ചായത്തിൽ–220 പഴയകിണറുകൾ പുതുക്കേണ്ടവ–250 ഇലക്ട്രിക് പമ്പുസെറ്റുകൾ–300 ഇവകൂടാതെ നിലവിലുള്ള തോടുകൾ വികസിപ്പിച്ചും, പുതിയവ നിർമ്മിച്ചും, പെരിയാർവാലി ജലസേചനചാലുകൾ പഴയവ പുതുക്കിയും, പണിതീരാത്തവ പൂർത്തീകരിച്ചും, ലിഫ്റ്റ് ഇറിഗേഷൻ ആരംഭിച്ചും, ചിറകൾ, കുളങ്ങൾ എന്നിവ പുനരുദ്ധരിച്ചും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. (ഇവയുടെ വിശദമായ വിവരം താഴെ ചേർത്തിരിക്കുന്നു).

1. ഗ്രാമസഭയിൽനിന്നും ഉയർന്നുവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും:–

ജലസേചനതോട്ടകൾ

a) മുടക്കുഴ വലിയതോട് സൈഡുകെട്ടി ബലപ്പെടുത്തൽ.

തുരുത്തിയിൽനിന്നാരംഭിച്ച് III, IV, VII, VIII. IX വാർഡുകളിൽക്കൂടി കടന്നുപോകുന്ന മുടക്കുഴ വലിയതോട് ആഴവും, വീതിയുംകൂട്ടി സൈഡ്കെട്ടി നെൽകൃഷിയെ രക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

b) ചെറിയ തോടുകൾ ആഴവും വീതിയുംക്കൂട്ടി സൈഡ്കെട്ടി ബലപ്പെടുത്തൽ

1. എടമ്പാടം കൈത്തോട് വലിയതോടുവരെ 1.5 കിലോമീറ്റർ നീളം
2. വടയകുളം ചെറിയതോട് വീതികൂട്ടി വലിയതോട്ടിൽ എത്തിക്കുക. 750 മീറ്റർ നീളം
3. വടയക്കുളം കണ്ണാനിലം തോട്
4. പനിയേലിപ്പൊട്ട തോട്
5. കോച്ചേരിപ്പാടം തോട്
6. വട്ടുപ്പാടം സൗത്ത് തോട്
7. വട്ടുപ്പാടം നടുത്തോട്
8. വിരിപ്പാടം മണലോടിപ്പാടം തോടുകൾ
9. കൈപ്പിള്ളി–ചൂരമുടി–മൂഴിക്കത്തോട്
10. മധുരപ്പുഴ വാണിയപ്പിള്ളിതോട്
11. വാരിക്കാട്ടുചാൽ—മീമ്പാറതോട്

12. കണിച്ചാട്ടുപാടത്ത്–മൂഴിക്കത്തോട്
13. ചുണക്കുഴിപാടം– വാണിയപ്പിള്ളിത്തോട്
14. കൊക്കാമറ്റം കാവുങ്ങപ്പാടംതോട്
15. അകനാട്തോട്–മാങ്കോട്തോട്
16. കാഞ്ഞിരക്കോട്–കൊളമ്പ്തോട്
17. ഇളമ്പകപ്പിള്ളി ചെമ്പകശ്ശേരിപാടം തോട്
18. അമാലപ്പൊട്ട-മുടക്കുഴതോടുമായി ബന്ധിക്കുന്ന ചെറിയ തോട്
19. കാഞ്ഞിരക്കോട്ട്–മുടക്കുഴ ചെറിയ തോട്
20. ആറ്റക്കുളം തോട്
21. അകനാട്–കാവുങ്ങപ്പാടം തോട്
22. കൊരുമ്പുശ്ശേരിപ്പാടം തോട്

2. ക്രോസ്ബാറുകളും ഫിഡിങ്ങ് ചാനലുകളും:–

1. കോച്ചേരിതോട് ക്രോസ്ബാറിന്റെ ലിഡിംങ്ങ് ചാനൽ കളത്തിനിലം വരെ എത്തിക്കുക.
2. പൂത്തുരുത്തി ക്രോസ്ബാർ മെയിൻറനൻസ് നടത്തി സംരക്ഷിക്കുക.
3. കോച്ചേരിപ്പാടം ക്രോസ്ബാറിന്റെ സൈഡ് കെട്ടി സംരക്ഷിക്കുക.
4. നമ്പൂരിപ്പാലം ക്രോസ്ബാർ മെയിൻറനൻസ് നടത്തി സൈഡ് കെട്ടുക.
5. നമ്പൂരിപ്പാലം ക്രോസ് ലിഡിംങ്ങ് ചാനൽ കണ്ണനിലം വരെ എത്തിക്കുക. (750 മീറ്റർ)
6. നമ്പൂരിപ്പാലം ലിഡിംങ്ങ് ചാനൽ ഇടമ്പാടം വരെ എത്തിക്കുക.
7. വിരിപ്പാടം മണവോടിപാടത്ത് ക്രോസ്ബാർ നിർമ്മിക്കുക.
8. പനോളിച്ചിറ – ക്രോസ്ബാർ മെയിൻറനൻസ് നടത്തി ഷട്ടർ ഇടുക.
9. മുപ്പത്തിപ്പാടം ക്രോസ്ബാറിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുക.
10. ആരംകുഴി ഭാഗത്ത് ക്രോസ്ബാർ നിർമ്മിക്കുക.
11. തട്ടേക്കാട്ട്ചിറയുടെ സൈഡ് ഉയർത്തിക്കെട്ടി കോൺക്രീറ്റ് ചെയ്ത് മെറ്റൽഷട്ടർ ഘടിപ്പിക്കുക.
12. മൂഴിത്തോട്ടിൽ ആവശ്യമുള്ള രണ്ട് പോയിൻറുകളിൽ ക്രോസ്ബാർ നിർമ്മിക്കുക.
13. ചുണക്കുഴിപ്പാടം തോടിന്റെ ചുണക്കുഴിക്കുളം ഭാഗത്ത് ക്രോസ്ബാർ നിർമ്മിക്കുക.
14. ഇളമ്പകപ്പിള്ളി-അകനാട് – ക്രോസ്ബാറിൽ നിന്നും1500 മീറ്റർ നീളത്തിൽ ലിഡിംഗ് ചാനൽ കെട്ടുക.
15. തട്ടേക്കാട്ട് ക്രോസ്ബാറിൽനിന്നും ലിഡിംഗ് ചാനൽ പുതിയതായി 1500മീറ്റർ നിർമ്മിക്കുക.
16. ആലക്കട ക്രോസ്ബാറിൽനിന്ന് ലിഡിംഗ് ചാനൽ നിർമ്മിക്കുക.
17. മുടക്കുഴ തോട്ടിൽ തറക്കാട്ഭാഗത്ത് ക്രോസ് ബാർ നിർമ്മിക്കുക 1500 മീറ്റർ.
18. മുടക്കുഴ തോട്ടിൽ ഇളമ്പകപ്പിള്ളി പാടത്ത് ക്രോസ്ബാർ കെട്ടി (1000 മീറ്റർ ലിഡിംഗ് ചാനൽ 2 വശവും).

3. കനാലുകളും അനുബന്ധ (കാട) തോട്ടകളും

1) പുഴുക്കാട്, തുരുത്തികനാലുകളിൽ ടെയിൽ എൻറുവരെ വെള്ളമെത്തിക്കാൻ നടപടി സ്വീകരിക്കുക. (മെയിൻറനൻസ് നടത്തുക)
2 P. V. I. P (കാഡ) തുരുത്തി ബ്രാഞ്ച് കനാലിൽ നിന്നും നിലവിലുള്ള മുഴുവൻ സ്ക്കെയ്സിൽ നിന്നും ഫിൽഡ് ചാനൽ നിർമ്മിക്കുക.
3. പ്രളയക്കാട് പെരിയാർ വാലി ബ്രാഞ്ചുകനാൽ മെയ്ൻറനൻസ് ചെയ്യുക.
4. പ്രളയക്കാട് ബ്രാഞ്ച് കനാലിലുള്ള മുഴുവൻ സ്കയിസിൽനിന്നും ഫിൽഡ് ചാനൽ നിർമ്മിക്കുക
5. വട്ടുപ്പാടം ബ്രാഞ്ച് കനാൽ മെയിൻറനൻസ് ചെയ്യുക.
6. പാണിക്കാട് ബ്രാഞ്ച് കനാൽ മെയിൻറനൻസ് ചെയ്യുക.
7. മുണ്ടൻതുരുത്ത് ഫീൽഡ്ചാനൽ പൂർത്തീകരിക്കുക. (വെട്ടിയേരിപ്പാടം വരെ)
8. പൂഞ്ചോളിപ്പാടം ഫിൽഡ്ചാനൽ പൂർത്തീകരിക്കുക.
9. മുടക്കുഴ ബ്രാഞ്ച് കനാലിലുള്ള സ്ലൂയിസിന്റെ അറ്റകുറ്റപണികളും നടത്തി, ഫിൽഡ്ചാനലുകളും നിർമ്മിക്കുക.
10 കനാലുകളും മെയിൻറനൻസ് നടത്തുക
11. കനാൽ പുറമ്പോക്കുകളും നിലനിർത്തുക.
12. നിലവിൽ പൂർത്തീകരിക്കാത്ത ഫിൽഡ് ചാനലുകളും പൂർത്തീകരിക്കുക.
13. കനാലുകളുടെ മെയിൻറനൻസും, സ്ലൂയിസ് അറ്റകുറ്റപണികളും യഥാസമയം നടത്തുക.
14 മുടക്കുഴ ഈസ്റ്റ് ബ്രാഞ്ച്കനാലിലുള്ള സ്ലൂയിസുകളിൽനിന്നും ഫിൽഡ്ചാനൽ നിർമ്മിക്കുക. (മുടക്കുഴ പാടശേഖരത്തേക്ക്)
15. പെരിയാർവാലി കനാലിൽനിന്നും കൊക്കമറ്റം സ്ലൂയിസിൽനിന്നും ഫിൽഡ്ചാനൽനിർമ്മിക്കുക.
16. പെരിയാർവാലി മുടക്കുഴ ഈസ്റ്റ് ബ്രാഞ്ച് കനാലിന്റെ ടെയിൽ എൻറുവരെ വെള്ളമെത്തിക്കുന്നതിന് നടപടികളും സ്വീകരിക്കുക.
17. ആര്യമ്പാടം കനാൽ താഴ്ത്തി ടെയിലെൻറവരെ വെള്ളമെത്തിക്കുക.
18. ആര്യമ്പാട് കനാലിലുള്ള സ്ലൂയിസുകളുടെ അറ്റകുറ്റപണികളും നടത്തി ഫിൽഡ്ചാനലുകളും നിർമ്മിക്കുക.

4. പാലങ്ങളും ഫാം റോഡുകളും

1. ത്രിവേണി - അകനാട് റോഡിൽ ഇളമ്പകപ്പിള്ളിയുമായി ബന്ധിപ്പിക്കുന്ന പാലം പണിയുക

2. ആര്യമ്പാടം, കനാൽബണ്ട്, മുത്തംകുളം ഫാം റോഡ്–മുത്തംകുളംവരെ പണിയുക(1000മീറർ)
3. ഇളമ്പകപ്പിള്ളി അമ്പലംപടിയിൽനിന്നും ഇളമ്പകപ്പിള്ളി പാടത്തേക്ക് ഫാം റോഡ് നിർമ്മിക്കുക. (7600 മീറർ)
4 അകനാട്–ഇളമ്പകപ്പിള്ളിറോഡിൽ കരിയാട്ടിപ്പാടം ഫാംറോഡ് നിർമ്മിക്കുക. (1500 മീറർ)
5. ത്രിവേണി–അകനാട് റോഡിൽനിന്നും കരിയാട്ടിപ്പാടം ഫാംറോഡ് നിർമ്മിക്കുക.
6. തൃക്കേപ്പടി തട്ടേക്കാട് ഫാംറോഡ് നിർമ്മിക്കുക.
7. കുറുക്കൻപൊട്ട–താണിക്കോട് ഫാം റോഡ് നിർമ്മിക്കുക.
8. ഇളമ്പകപ്പിള്ളി-പടമറ്റം ഫാം റോഡ് നിർമ്മിക്കുക.
9. ചെമ്പകശ്ശേരി ഫാംറോഡ് നിർമ്മിക്കുക.
10. അകനാട്–കടവുങ്ങൽ പാലം നിർമ്മിക്കുക.
11. കനാൽബണ്ടു ചുണക്കുഴിപ്പാടം ഫാം റോഡ് നിർമ്മിക്കുക.
12. പ്രളയക്കാട്–കോടനാട് റോഡിൽനിന്ന് ചുണക്കുഴി പാടത്തേക്ക് ഫാം റോഡ് നിർമ്മിക്കുക.
13. കഴുതേലി, പുള്ളിപ്പറമ്പ്, കേളക്കയം, തട്ടേക്കാട് (തുരുത്തി) ഭാഗങ്ങളിൽ വലിയതോട്ടിൽ ഫുട്ട് പാത്തുകൂം നിർമ്മിക്കുക.
14. തുരുത്തിവാരിക്കാട്ടുപാടം ഫാം റോഡ് നിർമ്മിക്കുക.
15. വടുപ്പാടം-പാറ ഫാം റോഡ് ടാർ ചെയ്യുക.
16. വടുപ്പാടം-- എം. ജി. എം. റോഡ് ടാർ ചെയ്യുക.
17. വടയിരിക്കണ്ടം ഫാംറോഡ് ടാർ ചെയ്യുക.
18. പുലച്ചിറപ്പാടം–വില്ലേജ് ഓഫീസ് ഫാംറോഡ് ടാർ ചെയ്യുക.
19 കുഴിക്കാട്ടിൽത്താഴം റോഡ് ടാർ ചെയ്യുക.
20. പുലച്ചിറ ഫാംറോഡ് നിർമ്മിക്കുക.
21. വടുപ്പാടം ചോലക്കുളം റോഡ് നിർമ്മിക്കുക.
22 മുപ്പത്തിപ്പാടം ഫാംറോഡ് നിർമ്മിക്കുക.
23. തൃക്കേപ്പാറ-തട്ടേക്കാട് റോഡിൽ പാലം നിർമ്മിക്കുക.
24 മീമ്പാറയിൽനിന്നും വാണിയപ്പിള്ളി ഫാംറോഡ് നിർമ്മിക്കുക.
25 നെടുംകണ്ണി കുന്നൂർപാടം ഫാംറോഡ് നിർമ്മിക്കുക
26 മേക്കാട് ഫാംറോഡ് നിർമ്മിക്കുക.
27. വീട്ടിമോളം മേക്കോട് ഫാംറോഡ്
28. മീമ്പാറ–കുന്നൂർ ഫാംറോഡ്
29 വാലുകണ്ടം ഫാംറോഡ്
30. വാണിയപ്പിള്ളി – നെടുംകണ്ണിപ്പാലം (റോഡിലേക്ക്) നിർമ്മിക്കുക.

5. കൂളിക്കടവുകളും, കുളങ്ങളും, ചിറകളും

1 തൃക്കേപ്പടി തട്ടേക്കാട് റോഡ് ചെന്നവസാനിക്കുന്ന ഭാഗത്ത് മുടക്കുഴതോട്ടിൽ കുളക്കടവ്
2. മുളക്കാകുളം മെയിൻറനൻസ് ചെയ്യുക, പുതിയതായി കുളിക്കടവ് ഒരെണ്ണം നിർമ്മിക്കുക:
3. നാലുപാലം ഭാഗത്ത് കുളിക്കടവ് പുതിയതായി നിർമ്മിക്കുക
4. മുട്ടുകുഴി ഭാഗത്ത് കുളിക്കടവ് നിർമ്മിക്കുക.
5. വടൂച്ചിറ താഴ്ത്തിക്കെട്ടി സംരക്ഷിക്കുക
6. പുലച്ചിറ താഴ്ത്തിക്കെട്ടി സംരക്ഷിക്കുക.
7. കണ്ണംകുളം താഴ്ത്തിക്കെട്ടി വട്ടപ്പാടം തോടും നിർഗമനച്ചാലുകൂം നിർമ്മിക്കുക.
8. തുരത്തിച്ചിറ മെയിൻറനൻസ് ചെയ്ത് കുളിക്കടവുകൂം നന്നാക്കുക.
9. പുഴുക്കാടുകുളം സൈഡുകെട്ടി കുളിക്കടവുകൂം നിർമ്മിക്കുക
10. വലിയതോട്ടിൽ നമ്പൂതിരിപ്പാലം, ചെറിയകൂടം പുത്തൻപാലം, പൂത്തുരുത്തി, പുള്ളിപറമ്പ് എന്നിവടങ്ങളിൽ കുളിക്കടവുകൂം നിർമ്മിക്കുക.
11. പനിയേലിപ്പൊട്ടതോട്ടിൽ നടമുറി, മതിയേലി മറ്റം, ലക്ഷംവീട്, മനക്കപ്പടി എന്നിവടങ്ങളിൽ കുളിക്കടവുകൂം നിർമ്മിക്കുക.
12. മുടക്കുഴത്തോട്ടിൽ കുളിക്കടവ് ഇളമ്പകപ്പിള്ളി ഭാഗത്ത് കുളിക്കടവ് നിർമ്മിക്കുക.
13. പനോളിച്ചിറയുടെ ഭാഗത്ത് കുളിക്കടവ് നിർമ്മിക്കുക.
14. വാരിക്കാട്ടുചിറ താഴ്ത്തി സൈഡ് മെയിൻറനൻസ് ചെയ്ത് സംരക്ഷിക്കുക.
15. ചുണ്ടക്കുഴികുളം, വാണിയപ്പിള്ളികുളം എന്നിവ താഴ്ത്തി സിമൻറിൽകെട്ടി സംരക്ഷിക്കുക. കുളത്തിൽ കുളിക്കടവുകൂം നിർമ്മിക്കുക
16. ചുണ്ടക്കുഴിപാടത്ത് കുളത്തിന് സമീപം കുളിക്കടവ് നിർമ്മിക്കുക.
17. ഇളമ്പകപ്പിള്ളി പാലത്തിന് സമീപം രണ്ട് കുളിക്കടവുകൂം നിർമ്മിക്കുക.
18. മുടക്കുഴ തോട്ടിൽ അകനാട് ഭാഗത്ത് കുളിക്കടവ് നിർമ്മിക്കുക.
19. കക്കാട്ട് മാലിഭാഗത്ത് കുളിക്കടവ് നിർമ്മിക്കുക.
20. അകനാട്–പള്ളുടിഭാഗത്ത് കുളിക്കടവ് നിർമ്മിക്കുക, മുത്തംകുളം താഴ്ത്തികെട്ടുക.

പെരിയാർ വാലി കനാൽ എല്ലാവർഷവും മെയ് മാസത്തിൽ അറകുറപണികൂം ചെയ്യേണ്ടതാണ്. അറകുറപണികൂം ഓരോ ഭാഗത്തേയും കാഡാസമിതികളെ ഏല്പിക്കേണ്ടതാണ്.

പെരിയാർ വാലി ജലം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൂം നടപ്പാക്കേണ്ടതാണ്.

താഴെ പറയുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൂം ശുപാർശ ചെയ്യുന്നു

1. നിലവിലുള്ള തുരുത്തിച്ചിറ ലിഫ്റ്റ് ഇറിഗേഷന് ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൂം നടത്തുക. പമ്പുസെറ്റിൻറെ കേടുപാടുകൂം തീർത്ത് ജലസേചന സൗകര്യം സുഗമമാക്കുക. വൈദ്യുതി സൗജന്യമാക്കുക.

2. പുഴുക്കാട് കുളത്തിൽ നിന്ന് പുതിയതായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആരംഭിക്കുക.
3. മുളയ്ക്കാകുളത്തിൽനിന്ന് കല്ലുമല ഹരിജൻ കോളനിയിൽ വെള്ളമെത്തിക്കുന്നതിന് ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക.
4. ചുണ്ടക്കുഴികുളം താഴ്ത്തിക്കെട്ടി കൊക്കമറ്റം, ചുണ്ടക്കുഴി നോർത്ത്, സൗത്ത് കോളനികളിൽ ജലസേചനം നടത്തുവാൻ നടപടി സ്വീകരിക്കുക.
5. മുടക്കുഴ തോടിന്റെ ഇളമ്പകപ്പിള്ളി ഭാഗത്ത് (മുത്തംകുളം) കുളം താഴ്ത്തി പമ്പ്സെറ്റ് സ്ഥാപിച്ച് ഇളമ്പകപ്പിള്ളി ബാലവാടി ഭാഗത്ത് ജലസേചനം നടത്തുവാനുള്ള നടപടി സ്വീകരിക്കുക.
6. അകനാട് തറക്കാട് ഭാഗത്ത് തോടിന് സമീപം കുളം നിർമ്മിച്ച് പമ്പ്സെറ്റ് സ്ഥാപിച്ച് ഏകദേശം 300 ഏക്കർ സ്ഥലം ജലസേചനം നടത്തുന്നതിന് നടപടി സ്വീകരിക്കുക.

ഗ്രൂപ്പ് ഫാമിംഗ്

കഴിഞ്ഞകാലങ്ങളിൽ പരീക്ഷിച്ച് വിജയിച്ച സംരംഭമാണ് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം. എന്നാൽ ഇന്ന് ഗ്രൂപ്പ് ഫാമിംഗ് പേരിന് മാത്രമായി മാറിയിരിക്കുകയാണ്. അതിനുള്ള കാരണങ്ങൾ താഴെ പറയുന്നു.

1. ഒരേതരം വിത്തുകൾ ഒരേസമയത്ത് ഓരോ പാടശേഖരത്തിനും നൽകുവാൻ സാധിക്കാതെ പോയത്.
2. വളം, കീടനാശിനികൾ ആവശ്യാനുസരണം സമിതികൾമുഖേന വിതരണം ചെയ്യാൻ സാധിക്കാതെ പോയത്.
3. ടില്ലറുകളുടെ വാടക ഏകീകരിച്ച് കൃഷിക്കാർക്ക് ലഭ്യമാക്കാൻ സാധിക്കാതെ പോയത്.
4. ബോധവൽക്കരണത്തിന്റെ കുറവ്.
5 സമിതികളുടെ സാമ്പത്തീക പരാധീനത.
6. സമിതികളുടെ സുഗമമായ നടത്തിപ്പിന് വിദഗ്ദ്ധമായ നേതൃത്വനിര ഇല്ലാതെപോയത്.

പരിഹാരമാർഗ്ഗങ്ങൾ–

1. ഓരോ സമിതിയുടെ പരിധിയിലും തെരഞ്ഞെടുത്ത കൃഷിക്കാർ മുഖേന അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിചെയ്തത് സംഭരിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുക ഇത്തരം കൃഷിക്കാർക്ക് ആവശ്യമായവിത്തിനങ്ങൾ കൃഷിവകുപ്പ് മുഖേന വിതരണം ചെയ്യേണ്ടതും കൃഷിയുടെ ഓരോ ഘട്ടത്തിലും കൃഷി ഓഫീസർ കൃഷിസ്ഥലം സന്ദർശിക്കേണ്ടതുമാകുന്നു വിത്ത് ഉൽപ്പാദിപ്പിച്ച് വിതരണംചെയ്യുന്ന കൃഷിക്കാരന് ടൺ ഒന്നിന് 2500രൂ ബോണസ് നൽകേണ്ടതാണ് വിത്ത് സംഭരണത്തിന്റെയും വിതരണത്തിന്റെയും പരിപൂർണ്ണമേൽനോട്ടം പഞ്ചായത്തും കൃഷിവേനും കൂടി നടത്തേണ്ടതാണ്. വിത്തിന്റെവില നിശ്ചയിക്കുന്നതിനുള്ള അധികാരംപഞ്ചായത്ത്സമിതിയിൽ നിക്ഷിപ്തമാണ്
2. സമിതികൾക്ക് സ്വന്തമായി ഓഫീസ് പണിയുന്നതിനുള്ള സ്ഥലം (6 സെന്റ്) പഞ്ചായത്തിൽ നിന്ന് സൗജന്യമായി ലഭ്യമാക്കുക
3. വളം, കീടനാശിനി, വിത്ത് മുതലായവ സംഭരിച്ചുവെയ്ക്കുന്നതിന് ആവശ്യമായ കെട്ടിടം പണിയുന്നതിന് ഓരോ സമിതിക്കും ഓരോ ലക്ഷം രൂപവീതം ഗ്രാൻറ് അനുവദിക്കുക.
4. ഓരോ പൂവിലും കൃഷി ഇറക്കുന്നതിന് 15 ദിവസം മുൻപെങ്കിലും കൃഷിക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസുകൾ നടത്തുക. ഓരോ ചർച്ചാക്ലാസിലും കൃഷിഓഫീസർ പങ്കെടുക്കേണ്ടതും കൃഷിയിറക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. ഓരോ ചർച്ചാക്ലാസിനും ആവശ്യമായ ചെലവിലേക്ക് 500രൂപ അനുവദിക്കേണ്ടതാണ്
5. ഓരോ സമിതിക്കും താഴെപ്പറയുന്ന ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്.
1. പവർ ടില്ലർ–2
2. നാപ്സാക് സ്പ്രേയർ–10
3. റോക്കർ സ്പ്രേയർ–5

ഉപകരണങ്ങളുടെ വാടക പഞ്ചായത്ത് സമിതി നിശ്ചയിക്കേണ്ടതും വാടകയിനത്തിലുള്ള അറാദായത്തിന്റെ 75% ഗവൺമെൻറിൽ അടക്കേണ്ടതും ബാക്കി 25% സമിതിക്ക് എടുക്കാവുന്നതാണ്.
6. വളം, കീടനാശിനി മുതലായ ഉൽപാദനോപാദികൾ സംഭരിക്കുന്നതിന് പ്രവർത്തനമൂലധനമായി 50000/– രൂപ ഓരോ സമിതിക്കും പലിശയില്ലാവായ്പയായി അനുവദിക്കേണ്ടതുമാണ്.
7. സമിതി ഭാരവാഹികൾക്ക് കാലാകാലങ്ങളിൽ കൃഷിയിൽ ആധുനികപ്രവണതകളെ സംബന്ധിച്ച് പരിശീലനം നൽകണം

മണ്ണ് സംരക്ഷണം

പ്രകൃതിതന്ന ഏറ്റവും അമൂല്യമായ വസ്തുവാണ് മണ്ണ്. ആയിരംവർഷങ്ങൾകൊണ്ടാണ് ഒരു സെ. മീറ്റർ മണ്ണ് പാറപൊടിഞ്ഞ് ഉണ്ടാകുന്നത്. എന്നാൽ ശക്തമായ ഒരു മഴകൊണ്ട്മാത്രം ഒരു സെ. മീറ്റർ മണ്ണ് ജലത്തിൽകൂടി ഒഴുകിപോകുന്നു കേരളത്തെപ്പോലെ ചരിഞ്ഞുകിടക്കുന്ന പ്രദേശങ്ങളിൽ സ്ഥിതി ഇതിലും ഗുരുതരമാണ്. കുന്നുകൾ, ചരിഞ്ഞ പ്രദേശങ്ങൾ, നെൽപ്പാടങ്ങൾ എന്നിവ ഇടകലർന്ന് കിടക്കുന്ന ഈ പഞ്ചായത്തിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രസക്തി ഉണ്ട്.

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന പരിപാടികൾ നടത്തേണ്ടതാണ്.

1. ആയക്കെട്ടിന് മുകളിലുള്ള പ്രദേശങ്ങളിൽ കൊണ്ടൂർ ലൈനനുസരിച്ച് കാട്ടുകല്ലുകൊണ്ടുള്ള കയ്യാലകൾ നിർമ്മിക്കുക. ഇതിന് 50% സബ്സിഡിയോടുകൂടി മണ്ണുസംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിൽ ചെയ്തുകൊടുക്കേണ്ടതാണ്
2. ആയക്കെട്ട് പ്രദേശങ്ങളിൽ കയ്യാലവെക്കുന്നതിന് ഇപ്പോഴത്തെ കാഡ പദ്ധതിയിൽ പരിപാടിയുണ്ട്. എന്നാൽ പെരിയാർവാലി പദ്ധതി കാഡ ഏറെടുത്തതിനുശേഷം കൃഷി മണ്ണു സംരക്ഷണവകുപ്പുകളിലെ പ്രവർത്തനം നടപ്പായിട്ടില്ല. അതുകൊണ്ട് പെരിയാർവാലി പദ്ധതിയിൽ കാഡയിലെ എല്ലാ വിഭാഗ ഉദ്യോഗസ്ഥരേയും നിയമിക്കുക.
3. മണ്ണ് സംരക്ഷണത്തിന് ഉപകരിക്കുന്ന പരിവർത്തനകൃഷി, വരമ്പുകളിൽ പുൽകൃഷി, കോണ്ടൂരിന് സമാന്തരമായി കൃഷിത്തടങ്ങൾ എടുത്ത് കൃഷിചെയ്യുക, വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക, പ്രധാനപ്പെട്ട തോടുകളിൽ തടയണകൾ ഉണ്ടാക്കുക, കൃഷിത്തോട്ടങ്ങളിൽ നീർക്കുഴികൾ നിർമ്മിക്കുക എന്നിവയിൽ കൃഷിക്കാരെ ബോധവാൻമാരാക്കുകയും ആവശ്യമായ സാമ്പത്തിക സഹായം ചെയ്തുകൊടുക്കുകയും വേണം.

വാട്ടർഷെഡ് വികസനം

മണ്ണ്, ജലം എന്നിവ സംരക്ഷിക്കുന്നതിന് ഏറ്റവും ശാസ്ത്രീയമായ മാർഗ്ഗം വാട്ടർഷെഡ് അടിസ്ഥാനത്തിലുള്ള ഭൂവിനിയോഗമാണ്. ഈ പഞ്ചായത്തിൽ വ്യക്തമായി രണ്ട് പ്രധാന വാട്ടർഷെഡുകളാണ് ഉള്ളത്.

1. മുടക്കുഴ വാട്ടർഷെഡ്

നമ്മുടെ പഞ്ചായത്തിൽ തുരുത്തിയിൽ നിന്ന് ആരംഭിച്ച് മുടക്കുഴ വഴി തോട്ടുവായിൽ പ്ലാമുടി വഴി ഒഴുകുന്ന മുടക്കുഴ തോട്ടിലേക്കുള്ള നീരൊഴുക്ക് പ്രദേശങ്ങളും മുഴുവനും മുടക്കുഴ വാട്ടർഷെഡിന്റെ പരിധിയിൽ വരും. ഇവിടെ ഉയർന്ന പ്രദേശങ്ങളിൽ റബറും, ചരിഞ്ഞതും നിരപ്പുമായ പ്രദേശങ്ങളിൽ തെങ്ങ്, കൊക്കൊ, ജാതി, വാഴ, കമുക്, പച്ചക്കറി എന്നിവയും താണപ്രദേശങ്ങളിൽ വാഴയും നെല്ലും കൃഷി ചെയ്യുന്നു.

2. ചുണ്ടക്കുഴി മീമ്പാറ വാട്ടർഷെഡ്

ഈ വാട്ടർഷെഡിൽ കുന്നൂർ, കൈപ്പിള്ളി, ചൂരമുടി, മീമ്പാറ, വാരിയ്ക്കാട്ടുചാൽ, ചുണ്ടക്കുഴി, എന്നീ പ്രദേശങ്ങളും ഉൾപ്പെടും. ഈ പ്രദേശത്ത് മുടക്കുഴ വാട്ടർഷെഡിൽ കാണുന്ന വിവിധയിനം കൃഷികളും തന്നെ ചെയ്തുവരുന്നു.

വികസന പ്രവർത്തനങ്ങൾ

1. ചരിവ് വളരെ കൂടിയ പ്രദേശങ്ങളിൽ വൃക്ഷങ്ങളും ധാരാളമായി വച്ച് പിടിപ്പിക്കുവാൻ നടപടി എടുക്കുക. സോഷ്യൽ ഫോറസ്ട്രി വകുപ്പ് വഴിയുള്ള തൈ വിതരണം ഉപയോഗിക്കാവുന്നതാണ്.
2. റബർത്തോട്ടങ്ങളിൽ കോണ്ടൂർ കയ്യാലകൾ നിർമ്മിക്കുക.
3. ഏറെക്കുറെ നിരപ്പായ പ്രദേശങ്ങളിൽ മൺ കയ്യാലകൾ നിർമ്മിക്കുക.
4. അനുയോജ്യമായ നടീൽ വസ്തുക്കൾ കാലാകാലങ്ങളിൽ വാട്ടർഷെഡ് അടിസ്ഥാനത്തിൽ വിതരണം ചെയ്യുക.
5. വെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഭൂഗർഭജലം എടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുക. തോടുകളിൽ വെള്ളം കുത്തിയൊഴുകുന്ന സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുക.

കൂലി-സേവന വ്യവസ്ഥകൾ

	Rs. / Ps.
കൃഷിപ്പണി:–	
a. പുരുഷൻ (8 a. m. to 2 p. m.)	60 + ഭക്ഷണം
b. സ്ത്രീ (8 a. m. to 2 p. m.)	40 + ഭക്ഷണം
നെല്ല്	
a. ഞാറുപറിയ്ക്കൽ സ്ത്രീ (8 a. m. to 5 p. m.)	55 + ഭക്ഷണം
b. നടീൽ (8 a. m. to 5. p. m.)	75 + ഭക്ഷണം
റബ്ബർ ടാപ്പിംങ്ങ്:–	25 Ps. / Tree
ഉഴുവൽ (ടില്ലർ ഉപയോഗിച്ച്)	Rs. 125 / hours

പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ നേരിയതോതിൽ വ്യത്യാസമുണ്ട്.

മൃഗസംരക്ഷണവും പാലുൽപ്പാദനവും

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള മൃഗ–കോഴി സമ്പത്ത്

പശുക്കൾ–നാടൻ	42	എണ്ണം
അത്യുൽപ്പാദനശേഷിയുള്ളവ	706	,,
കിടാരികൾ	584	,,
എരുമ	102	,,
പോത്ത്	12	,,
ആട്	180	,,
പൂവൻകോഴി	2775	,,
മുട്ട ഇടുന്ന കോഴി	4397	,,
മുട്ട ഇടാത്ത കോഴി	1244	,,
ഇറച്ചികോഴികൾ	8350	,,
വളർത്തുമുയൽ	60	,,
താറാവ് പൂവൻ	17	,,
പെൺതാറാവ്	50	,,

ഇവ കൂടാതെ നാടൻകീരി, കുറുക്കൻ, മരപ്പെട്ടി, അണ്ണാൻ എന്നിവ അപൂർവ്വമായി നമ്മുടെ പഞ്ചായത്തിൽ കണ്ടുവരുന്നുണ്ട്.

നിരവധി ഇനങ്ങളിലുള്ളപക്ഷികൾ വ്യാപകമായി നമ്മുടെ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കണ്ടുവരുന്നുണ്ട്.

മിൽമാ സൊസൈറ്റിവഴി വിതരണംചെയ്ത പാലിന്റെ അളവ്

വർഷം	പാലിന്റെ അളവ് (ലിറ്ററിൽ
1991—92	156764
1992—93	106924
1993—94	164224
1994—95	130244
1995—96	121112

പാലുല്പാദനം 93–94 മുതൽ കുറവു വന്നുകൊണ്ടിരിയ്ക്കുന്നതായാണ് കാണാൻ സാധിക്കുന്നത്.

മുടക്കുഴ പഞ്ചായത്തിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും കൃഷിയും അതിന്റെ അനുബന്ധമായി പ്രവർത്തിക്കുന്ന മൃഗങ്ങളെ സംരക്ഷിച്ചും, അവയിൽ നിന്നുള്ള വരുമാനവും ഉപയോഗിച്ചു കാർഷികവൃത്തി നയിച്ചു പോന്നിരുന്നവരാണ്. മുടക്കുഴയിൽ ജനവാസം ആരംഭിച്ചകാലം മുതൽ കാലികളെയും, ആടുകളെയും വർദ്ധിച്ചതോതിൽ വളർത്തിയിരുന്നു. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കാലിത്തീറ്റക്കായി ധാരാളം സ്ഥലം ഒഴിച്ചിട്ടിരുന്നു. ചുണക്കുഴി മലയും, താഴ്വരയും ഉൾപ്പെടെ 794 ഏക്കർ സ്ഥലം കാലിത്തീറ്റക്കായി ഒഴിച്ചിട്ടിരുന്ന കാര്യം ഏവർക്കും അറിയാവുന്നതാണ്.

മിക്കവാറും വീടുകളിൽ കാളയും, പശുവും, ആടുകളും വളർത്തിയിരുന്നു. എരുമയും, പോത്തും നാമമാത്രമായെ വളർത്തിയിരുന്നുള്ളു. നാടൻ ഇനങ്ങൾ മാത്രമാണ് വളർത്തിയിരുന്നത്. വലിയ കർഷക കുടുംബങ്ങളിൽ 25ൽ പരം കാലികളെ വളർത്തിയിരുന്നതായി കാണാം.

എന്നാൽ 1970കളുടെ ആരംഭത്തോടെ നാടൻ ഇനങ്ങളെ വളർത്തുന്നതിൽ കൃഷിക്കാർക്ക് ആഭിമുഖ്യം കുറയുകയും ധാരാളം പാൽ തരുന്ന അത്യുല്പാദന ജെനുസ്സുകളെ വളർത്താൻ തുടങ്ങുകയും ചെയ്തു. കാലികളുടെ എണ്ണത്തിൽ കുറവാണെങ്കിലും പാലുല്പാദന രംഗത്ത് വൻ വർദ്ധന നേടാൻ കഴിഞ്ഞിട്ടുണ്ട്. പഴയ നാടൻ ഇനങ്ങളിൽ നിന്നും ശരാശരി 1 ലിറ്റർ പാൽ ലഭിക്കുമ്പോൾ ഇന്ന് ശരാശരി 6 ലിറ്റർ പാൽ ഒരു പശുവിൽ നിന്ന് ലഭിക്കുന്നുണ്ട്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ 12 ലിറ്റർ പാൽ വരെ ലഭിക്കുന്ന പശുക്കളെ ലാഭകരമായി വളർത്തുന്നുണ്ട്. പുതിയ ജെനുസുകളുടെ ലഭ്യത പശു വളർത്തൽ രംഗത്ത് വിപ്ലവകരമായ മാറ്റം വരുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

1. മുടക്കുഴ പഞ്ചായത്തിലെ നിലവിലുള്ള മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്, സ്വന്തമായ കെട്ടിടം ഫർണിച്ചറുകൾ, മരുന്നുകൾ, മൃഗങ്ങളെ പരിശോധിക്കുന്നതിനുള്ള സൗകര്യം ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കൽ. എന്നീ കാര്യങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. ബീജസങ്കലനത്തിന് നാമമാത്രമായ ഫീസ് മാത്രമെ ഈടാക്കാവു.
3. കറവ മാടുകളുടെ ഇൻഷുറൻസ് പ്രീമിയം സൗജന്യമാക്കുക.
4. എല്ലാ കറവമാടുകളെയും ഇൻഷുർ ചെയ്യുക.
5. കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുക.
6. മിൽമകളിൽ നീക്കിവെയ്ക്കുന്ന കരുതൽ ധനത്തിന്റെ തോത് 20%–ൽ നിന്ന് കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആ തുക കർഷകർക്ക് ബോണസായി വിതരണം നടത്തുക.
7. പ്രതിരോധ കുത്തിവെയ്പുകൾ യഥാസമയം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുക.
8. അത്യുല്പാദനശേഷിയുള്ള പുതിയ ജെനുസുകളുടെ വർഗ്ഗോദ്ധാരണം നടപടികൾ ഊർജ്ജിതമാക്കുക.

9. പശു, പന്നി, കോഴി എന്നിവക്ക് അവയുടെ ഈടിന്മേൽ വായ്പയും, സബ്സിഡി 33% നൽകുവാൻ നടപടി സ്വീകരിക്കണം.
10. മൃഗാശുപത്രി ഇല്ലാത്ത വാർഡുകളിൽ ആഴ്ചയിലൊരിക്കൽ വെറ്റിനറി സർജന്റെ സേവനം നിർബന്ധമാക്കുക.
11. തൊഴുത്തും, സൗകര്യങ്ങളും വ്യാപകമാക്കുന്നതിന് വായ്പയും, സബ്സിഡിയും വർദ്ധിച്ച തോതിൽ നൽകുക.
12. മൃഗസംരക്ഷണ, പ്രതിരോധ മരുന്നുകളും ആവശ്യാനുസരണം സബ്സിഡിയോടെ വിതരണം നടത്തുക.
13. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നിർമ്മാർജനവും, പേ വിഷബാധ കുത്തിവെയ്പും ബോധവൽക്കരണവും നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുക.
14. ആവശ്യമുള്ള, അഭിരുചിയുള്ള കർഷകർക്ക് പന്നിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
15. പാലിന്റെ വില്പന വിലയുടെ 90% പാലുല്പാദകനു ലഭ്യമാക്കുക.
16. കാലിത്തീറ്റ, കോഴിത്തീറ്റ, എന്നിവ നൽകുമ്പോൾ കാർഡ് സമ്പ്രദായം നടപ്പിലാക്കുകയും ഇവയ്ക്ക് 50% സബ്സിഡി അനുവദിക്കുകയും ചെയ്യുക.
17. കോഴി വളർത്തലിന് ഇന്ന് നൽകുന്ന സഹായങ്ങളും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുക കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക. സബ്സിഡിയും, വായ്പയും വർദ്ധിപ്പിക്കുക.
18. കോഴികളെ ബാധിക്കുന്ന മാരകരോഗങ്ങളെ ചെറുക്കാൻ പ്രതിരോധ നടപടികളും സ്വീകരിക്കുക.
19. സൗജന്യമായി ഓരോ കുടുംബത്തിനും 5 മുട്ടക്കോഴികളെയെങ്കിലും വിതരണം നടത്തുക.
20. ആട് കൃഷിക്ക് പ്രോൽസാഹനം നൽകുകയും സൗജന്യനിരക്കിൽ നല്ലയിനം ആട്ടിൻകുട്ടികളെ വിതരണം നടത്തുകയും ചെയ്യുക.
21. മുയൽകൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുക.
22. വർഷത്തിലൊരിക്കൽ കന്നുകാലി പ്രദർശനം നടത്തി ക്ഷീരകർഷകർക്ക് പ്രോത്സാഹനവും സമ്മാനങ്ങളും വിതരണം ചെയ്യുക.
23. പഞ്ചായത്ത്തലത്തിൽ ഒരു മുട്ടക്കോഴി ഉല്പാദന വിപണന കേന്ദ്രം ആരംഭിച്ച് ആവശ്യത്തിനുള്ള കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
24. ക്ഷീര കർഷകർക്ക് പഞ്ചായത്ത്തലത്തിൽ പരിശീലന ക്യാമ്പ് നടത്തുക.

തേനീച്ച വളർത്തൽ:-

ഒരു ഉപതൊഴിൽ എന്നനിലയ്ക്ക് തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. കാർഷീക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് തേനീച്ച വഹിക്കുന്ന പങ്കുകൂടി ഓർക്കുമ്പോൾ ഈ മേഖലയെ അവഗണിയ്ക്കാവുന്നതല്ല എന്ന് വ്യക്തമാകും. റബ്ബർതോട്ടങ്ങൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ തേനീച്ച വളർത്തൽ ലാഭകരമായിരിക്കും. നല്ല തേനീച്ചപ്പെട്ടി ലഭിയ്ക്കാതിരിക്കുക തേനീച്ച കൂട്ടങ്ങളെ ലഭിയ്ക്കാതിരിയ്ക്കുക എന്നിവയാണ് ഈ മേഖലയിലെ ബുദ്ധിമുട്ട്.

പരിഹാരമാർഗ്ഗങ്ങൾ:-

1. ഈ പഞ്ചായത്തിൽ ഉദ്ദേശം 1000 നല്ല തേനീച്ചപ്പെട്ടികൾ 50% വിലയ്ക്ക് ലഭ്യമാക്കുക.
2. തേനീച്ചയെ കൊടുക്കുന്നതിനും തേൻ സംഭരിക്കുന്നതിനും അറിവുള്ള വിദഗ്ദ്ധ തൊഴിലാളിയെ പഞ്ചായത്തിൽനിന്നും നിയമിക്കുക.
3. തേൻ വിപണനം നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കുക.

മത്സ്യകൃഷിയും മത്സ്യബന്ധനവും


ആമുഖം:-

മുടക്കുഴ പഞ്ചായത്ത് മത്സ്യബന്ധനവും മത്സ്യകൃഷിയും കാര്യമായി നടക്കുന്ന പ്രദേശമല്ല. മുൻകാലങ്ങളിൽ തോടുകളിൽ നിന്നും, ചിറകളിൽ നിന്നും, കുളങ്ങളിൽ നിന്നും മത്സ്യങ്ങളെ വലവീശിയും നഞ്ച് കലക്കിയും മത്സ്യബന്ധനം ചെറിയ തോതിൽ നടത്തിയിരുന്നു. കൃഷി അടിസ്ഥാനത്തിൽ മീൻ വളർത്തിയിരുന്നില്ല. വാണിജ്യാടിസ്ഥാനത്തിൽ മത്സ്യബന്ധനവും വിപണനവും നടത്തിയിരുന്നില്ല ശക്തമായ കാല വർഷാരംഭത്തിൽ "ഊത്തൽ മീൻ" പിടിച്ച് മത്സ്യം ഉപയോഗിച്ചിരുന്നു. പ്രധാനമായും കടൽമത്സ്യമാണ് നാം ഉപയോഗിക്കുന്നത്. കടൽ മത്സ്യം മുൻ കാലങ്ങളിൽ തലച്ചുമടായി (പച്ചമീനും, ഉണക്കമീനും) നമ്മുടെ പ്രദേശങ്ങളിൽ വില്പന നടത്തിയിരുന്നു ഇന്ന് സൈക്കിളിലും ഓട്ടോറിക്ഷയിലും സ്ക്കൂട്ടറുകളിലും മത്സ്യം വിപണനം നടത്തുന്നു. നമ്മുടെ പഞ്ചായത്തിലെ 70% ത്തിൽ പരം ജനങ്ങളും മത്സ്യം കഴിക്കുന്നവരാണ്. മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സൗകര്യമുള്ള വാരിയ്ക്കാട്ട് ചാൽചിറ, ചുണ്ടക്കുഴിക്കുളം, വാണിയപ്പിള്ളികുളം, കണ്ണംകുളം, തുരുത്തിച്ചിറ, പുലച്ചിറ, മുളക്കാക്കുളം മുത്തംകുളം, പാറക്കുളം എന്നീ കുളങ്ങളിലും, ചിറകളിലും ലാഭകരമായി വളർത്തുവാൻ പറ്റുന്ന മൽസ്യങ്ങളെ വളർത്തുവാൻ നടപടി സ്വീകരിക്കുക സബ്സിഡികളും, വായ്പാ സൗകര്യങ്ങളും നൽകുക, മത്സ്യക്കുഞ്ഞുങ്ങളെ വിതരണം നടത്തുക.

വ്യവസായത്തെ പരമ്പരാഗതം ആധുനികം എന്നിങ്ങനെ രണ്ടായി തരം തിരിക്കാം. ഇതിൽ പരമ്പരാഗത വിഭാഗത്തെ കുടിൽ വ്യവസായം, ചെറുകിടവ്യവസായം, ഫാക്ടറി എന്നു് മൂന്നു് ഉപവിഭാഗങ്ങളായും ആധുനിക വ്യവസായത്തെ ചെറുകിട, ഫാക്ടറി എന്നു് രണ്ടു് ഉപവിഭാഗങ്ങളായും ഇവയുടെയെല്ലാം ഉടമസ്ഥതയെ സ്വകാര്യം, സഹകരണം, പൊതുമേഖല എന്നു് മൂന്നു തലങ്ങളായും തിരിക്കാം.

ഇതിൻ പ്രകാരം ഈ പഞ്ചായത്തിലെ വ്യവസായങ്ങളെ താഴെക്കാണുന്നപ്രകാരം പട്ടികപ്പെടുത്താം

വ്യവസായം



മുടക്കോഴ പഞ്ചായത്തിലെ ജനങ്ങളും കൃഷിയെ പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതിനാൽ ഈ പ്രദേശത്തു് എടുത്തുപറയത്തക്ക വ്യവസായ സംരംഭങ്ങളൊന്നുംതന്നെയില്ല. വ്യവസായരംഗത്താകട്ടെ പരമ്പരാഗതമായ കുടിൽവ്യവസായങ്ങളെ ആശ്രയിച്ചു് കഴിയുന്നവരാണു് ജനങ്ങളിൽ ഭൂരിഭാഗവും. പാത്രം വാർക്കൽ (മൂശാരിപ്പണി), പപ്പടം നിർമ്മാണം, തഴപ്പായ നിർമ്മാണം, കൈത്ത-പനമ്പു നെയ്ത്തു്, ചൂരൽ ഉല്പന്നങ്ങളുടെ നിർമ്മാണം, കൽപ്പണി, മരപ്പണി, സ്വർണ്ണപ്പണി, ഇരുമ്പുപണി എന്നിങ്ങനെയുള്ള പരമ്പരാഗത കൈത്തൊഴിലുകളും ഇവയിൽ എടുത്തുപറയത്തക്കവയാണു്. കൊത്തുപണി, ചിത്രനിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിൽ വൈദഗ്ധ്യം ഉള്ളവർ ഈ പഞ്ചായത്തിനും ഒരു പുത്തൻ ഉണർവ്വു് പ്രദാനം ചെയ്യുന്നുണ്ടു്.

ആധുനിക വ്യവസായ രംഗത്തു് പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ മൂന്നു് പി. വി. സി. പൈപ്പു് ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ടു്. എന്നാൽ പരമ്പരാഗത വ്യവസായം ഫാക്ടറി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നില്ല. വ്യവസായ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ സഹകരണമേഖലയിൽ 3ഉം, സ്വകാര്യമേഖലയിൽ 190 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടു്. ചകിരി, തേങ്ങ, പ്ലാസ്റ്റിക്, ചൂരൽ, നെല്ലു്, സിമൻറു്, മെറ്റൽ, മണൽ, കടലാസു്, നൂൽ എന്നിവയാണു്. കൈത്തറി, ചെറുകിട ഫാക്ടറി തലങ്ങളിൽ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളും ഖാദിനൂൽ, പൈപ്പു്, നോട്ടുബുക്കു്, ചകിരിനാരു്, ഹോളോബ്ലോക്സു്, അവിൽ വെളിച്ചെണ്ണ പിണ്ണാക്കു് തുടങ്ങിയവയാണു് പ്രധാന ഉല്പന്നങ്ങളും. ഉല്പന്നങ്ങളുടെ വിപണനമാകട്ടെ ഖാദി ബോർഡു് സ്വകാര്യ സ്ഥാപനങ്ങളും എന്നിവ വഴിയും നേരിട്ടും നടത്തുന്നു.

പരമ്പരാഗതമായ അറിവും ഒരു വിഭാഗം തൊഴിലാളികൾക്ക് ലഭിച്ചിട്ടുള്ള സാങ്കേതിക വിജ്ഞാനവുമാണ് ഈ മേഖലയിലുള്ളവരുടെ തൊഴിൽ വൈദഗ്ധ്യം.

വൈദ്യുതിയുടെ ദൗർലഭ്യം, മലിനീകരണം, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് ജനങ്ങളിലുള്ള ഭീതി, പണമുണ്ടെങ്കിലും വ്യവസായം തുടങ്ങുന്നതിനുള്ള വിമുഖത, സാങ്കേതിക വൈദഗ്ധ്യമുള്ളവരുടെ അഭാവം എന്നിവ പഞ്ചായത്തിലെ വ്യവസായ മേഖലയുടെ മുരടിപ്പിനു കാരണമാണ്. ആയതിനാൽ പഞ്ചായത്തിലെ വ്യവസായിക പുരോഗതിക്ക് പുതുതായി വ്യവസായ രംഗത്തേക്ക് കടന്നു വരുന്ന സംരംഭകർക്ക് ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതോടൊപ്പം പ്രോത്സാഹനവും നൽകേണ്ടിയിരിക്കുന്നു.

ജനങ്ങളുടെ വരുമാനത്തിൽ റബ്ബർ ഉല്പാദനം ഗണ്യമായി പങ്കുവഹിക്കുന്നുണ്ടെങ്കിലും റബ്ബർ അധിഷ്ഠിത വ്യവസായം പഞ്ചായത്തിൽ ഒന്നുമില്ല. കാർഷിക മേഖലയായ പഞ്ചായത്തിൽ കാർഷികോല്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് സാദ്ധ്യതകളേറെയുണ്ട്. ചകിരി നാര് നിർമ്മാണം, കൊപ്ര സംസ്കരണം. അടയ്ക്ക സംസ്കരണം, റബ്ബർ തടി സംസ്കരണം, പ്ലൈവുഡ് നിർമ്മാണം, റബ്ബർ ഉല്പന്നങ്ങൾ എന്നീ മേഖലകളിൽ വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കേണ്ടിയിരിക്കുന്നു. ഇലക്ട്രോണിക്സിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായവും പഞ്ചായത്തിലാരംഭിച്ചിട്ടില്ല. ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ മേഖലയിൽ സാങ്കേതിക വൈദഗ്ധ്യം ലഭിച്ചിട്ടുള്ളവരുടെ സേവനം ഇവിടെത്തന്നെ പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ സുലഭമായിട്ടുള്ള മറ്റൊരു അസംസ്കൃത വസ്തുവാണ് പാറ. പഞ്ചായത്തിൽ 50ഓളം പാറമടകൾ പ്രവർത്തിക്കുന്നുണ്ട്. ദിനം പ്രതി ശരാശരി 500 ലോഡ് കരിങ്കല്ല് പഞ്ചായത്തിൽ നിന്നും കയറിപ്പോകുന്നു. ഈ പാറ ഉപയോഗിച്ച് ഹോളോ ബ്ലോക്ക്, കോൺക്രീറ്റ് കട്ടിള ജനൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ഉണ്ട്. 4 മെറ്റൽ ക്രഷറുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഖാദി ബോർഡിനു കീഴിൽ പഞ്ചായത്തിൽ പുണ്ടക്കയം ഭാഗത്ത് പ്രവർത്തിക്കുന്ന കൈത്തറി യൂണിറ്റ് ഏതാണ്ട് മൃതാവസ്ഥയിലെത്തിയിരിക്കുന്നു. 60ഓളം വനിതകൾക്ക് തൊഴിൽ നൽകുവാൻ ശേഷിയുള്ളതായ പ്രസ്തുത യൂണിറ്റിൽ കേവലം 10ഓളം വനിതകൾ മാത്രമാണ് തൊഴിൽ ചെയ്യുന്നത്. തൊഴിലാളികളുടെ വേതനവ്യവസ്ഥ മോശമായതാണ് സ്ഥാപനത്തിന്റെ ശോചനീയാവസ്ഥയുടെ ഒരു കാരണം.

തികച്ചും കാർഷിവൃത്തികൊണ്ട് മാത്രം ഉപജീവനമാർഗ്ഗം നടത്തുന്ന ഒരു പ്രദേശമാകയാൽ നിലവിൽ എടുത്തുപറയത്തക്ക വ്യവസായങ്ങളൊന്നുമില്ല. കൃഷിയും കൈത്തൊഴിലുമായ പരമ്പരാഗത ചെറുകിട വ്യവസായങ്ങളാണ് പ്രധാന വരുമാനം. വയറിംഗ് ബോക്സ് നിർമ്മാണ യൂണിറ്റ്. റബ്ബർ ഷെയ്ഡ് നിർമ്മാണ യൂണിറ്റ്, ഗ്രാമവികസന വകുപ്പിന്റെ D W. C. R. A. പദ്ധതിപ്രകാരം 10 വനിതകൾ കൂടി നടത്തുന്ന ബുക്ക് ബൈൻറിംഗ് യൂണിറ്റ്, മുക്കുഴി ഹരിജൻ വിവിധോദ്ദേശ സഹകരണസംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രിൻറിംഗ് പ്രസ്സുമാണ് പ്രധാന വ്യവസായ സംരംഭങ്ങൾ.

സഹകാര്യമേഖലയിൽ പ്രവർത്തിക്കുന്ന റൈസ് മില്ലുകളും ഓയിൽ എക്സ്പെല്ലറുകളും പ്രവർത്തിക്കുന്നുണ്ട്. റബ്ബർ അധിഷ്ഠിത ഉത്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വ്യവസായത്തിനാവശ്യമായ അസംസ്കൃത പദാർത്ഥമായ റബ്ബർ ഇവിടെ സുലഭമാണ്. നമ്മുടെ പഞ്ചായത്തിൽ ഒരു അഗർബത്തി ഉത്പാദന യൂണിറ്റും, 3 തടിമില്ലുകളും പ്രവർത്തിക്കുന്നുണ്ട് രണ്ട് കശുവണ്ടി പരിപ്പുഡർ യൂണിറ്റുകളും, 3 ചൂരൽ ഉത്പന്ന നിർമ്മാണയൂണിറ്റും, നാല് ഹോളോ ബ്രിക്സ്, കോൺക്രീറ്റ് കട്ടിള, ജനലനിർമ്മാണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

ആവശ്യങ്ങളും നിർദ്ദേശങ്ങളും

1. തുരുത്തിയിൽ ഹരിജൻ സഹകരണസംഘത്തിന്റെ കീഴിൽ അനുവാദം ലഭിച്ചിട്ടുള്ള എൻജിനീയറിംഗ് വർക്ക്ഷോപ്പ് പ്രവർത്തനമാരംഭിക്കുക.
2. കളിമൺപാത്ര നിർമ്മാണത്തിനുതകുന്ന കളിമണ്ണ് സുലഭമായി ലഭിക്കുന്ന തുരുത്തിയിൽ പാത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

3. മെഴുകുതിരി, ചന്ദനത്തിരി, സോപ്പ് എണ്ണിവയുടെ നിർമ്മാണത്തിനു് വനിതകൂട്ടായ്മക്കു് മുൻഗണന നൽകികൊണ്ടു് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

4. തഴപ്പായ നിർമ്മാണം, കൂട്ട, പനമ്പുനെയ്ത്തു് തുടങ്ങിയ കുടിൽവ്യവസായങ്ങളെ നിലനിർത്തുന്നതിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക.

5. റബ്ബർ ഉത്പന്നങ്ങൾ സുലഭമായി ലഭിക്കുന്ന പ്രദേശമാകയാൽ റബ്ബർ തടി സംസ്കരണശാലകൾ ആരംഭിക്കുക.

6. കോൺക്രീറ്റു് കട്ടിള-ജനൽ നിർമ്മാണം, നെയ്ത്തു്, കരകൗശലവസ്തു നിർമ്മാണം തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

7. അലൂമിനിയപാത്ര നിർമ്മാണം, ട്രാൻസ്ഫോർമർ, വൈൻഡിംഗ് യൂണിറ്റു്, ഫർണിച്ചർ നിർമ്മാണ യൂണിറ്റു് എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കുക.

8. പാൽ ഉത്പാദനം വ്യാപകമായുള്ള 7-ാം വാർഡിൽ പാൽ സംസ്കരണം, പാൽ ഉത്പന്ന യൂണിറ്റു് എന്നിവ ആരംഭിക്കുക.

9. ഇലക്ട്രോണിക് ഉപകരണങ്ങൾ, സ്റ്റെബിലൈസർ, ബൂസ്റ്റർ തുടങ്ങിയവയുടെ നിർമ്മാണം ആരംഭിക്കുക.

10. ചൂരൽ വ്യവസായം, ഫർണിച്ചർ, പ്ലാസ്റ്റിക്, വയറിംഗ് ഹോസ് തുടങ്ങിയവ വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കുക.

11. പാരമ്പര്യ കുടിൽ വ്യവസായമായ തഴപ്പായ നിർമ്മാണം, പനമ്പ് നിർമ്മാണം, കൈത്തറി നിർമ്മാണം എന്നിവ ഇളമ്പകപ്പിള്ളി കേന്ദ്രീകരിച്ചു് ആരംഭിക്കുക.

12. 9-ാം വാർഡിൽ നിലവിലുള്ള ബാംബു കോർപ്പറേഷന്റെ ഈറ്റ സംഭരണ കേന്ദ്രവുമായി ബന്ധപ്പെട്ടു് പനമ്പു നെയ്ത്തു് കൂട്ടനിർമ്മാണം, ബാംബുപ്ലൈ തുടങ്ങിയ വ്യവസായ യൂണിറ്റു് ആരംഭിക്കുക

പ്രശ്നങ്ങൾ

1. തൊഴിൽ പ്രശ്നങ്ങൾ
2. മാർക്കറ്റിംഗ് സൗകര്യക്കുറവു്
3. വൈദ്യുതി പ്രതിസന്ധി
4. താത്പര്യക്കുറവു്
5. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവു്
6. നിയമ തടസ്സങ്ങൾ, തുടങ്ങിയവ വ്യാവസായിക രംഗത്തെ വളർച്ച മുരടിപ്പിനു് കാരണമാകുന്നു.

വ്യാവസായിക രംഗം

കാർഷികരംഗത്തു് നിന്നും വ്യവസായ രംഗത്തേക്കു് നാം കാലൂന്നിയെങ്കിലും കാര്യമായ വ്യാവസായിക വളർച്ച കൈവരിക്കാൻ നമുക്കു് കഴിഞ്ഞിട്ടില്ല. എന്നാൽ കാർഷിക മേഖല ദിനംപ്രതി ക്ഷയിച്ചുകൊണ്ടിരിക്കുകയാണു്. കാർഷിക അസംസ്കൃത വസ്തുക്കളും ഉപയോഗിച്ചു് നടത്തുന്ന വ്യവസായങ്ങളും വളർന്നുവന്നാൽ ഇരു മേഖലയും ഒരുപോലെ വികസനത്തിന്റെ പാതയിൽ മുന്നേറും. നമ്മുടെ സംസ്ഥാനത്തു് വ്യാവസായികരംഗത്തു് എറണാകുളം ജില്ല വളരെ മുന്നിലെത്തിയിട്ടുണ്ടു്. നമ്മുടെ പഞ്ചായത്തിൽ വ്യാവസായിക സ്ഥാപനങ്ങളും ഇല്ലെങ്കിലും നമ്മുടെ ജില്ലയിൽതന്നെ ജോലി എടുക്കുന്നവർ നിരവധിയാണു്. നമ്മുടെ പഞ്ചായത്തിലെ നിരവധിപേർ ജോലിചെയ്യുന്ന തൊട്ടടുത്ത ട്രാവൻകൂർ റയോൺസ് അഭിമാനിക്കാവുന്ന ഒന്നാണു്. FACT, HMT, HOC, IAC, TELK, APPOLO TYRES, PREMIER TYRES, GTN, SHIPYARD, COCHIN PORT-TRUST തുടങ്ങിയ പ്രധാന വ്യവസായസ്ഥാപനങ്ങളിലായി നമ്മുടെ പഞ്ചായത്തിലെ നിരവധി പേർ തൊഴിൽ എടുക്കുന്നു. നമ്മുടെ പഞ്ചായത്തിനകത്തു് പാറമട രംഗത്തു് ഏകദേശം 300 പുരുഷന്മാരും, 200 സ്ത്രീകളും ജോലി ചെയ്യുന്നു. 4 മെറ്റൽ ക്രഷറുകളിലായു് അമ്പതോളം തൊഴിലാളികളും പണിയെടുക്കുന്നുണ്ടു്. നമ്മുടെ പഞ്ചായത്തിലെ പ്രധാന തൊഴിൽമേഖലയും ഇതാണു്. പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്കു് ആശ്വാസമേകാൻ പഞ്ചായത്തു് തലത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു് രൂപം കൊടുത്തു് നൂതന വ്യവസായ സ്ഥാപനങ്ങളും ആരംഭിക്കേണ്ടിയിരിക്കുന്നു.

ഊർജ്ജം

മുടക്കുഴ ഗ്രാമപഞ്ചായത്തിലെ ഊർജ്ജ ഉപഭോഗത്തെക്കുറിച്ച് പറയുമ്പോൾ ഇവിടെ പ്രധാന്യമായും വാണിജ്യാവശ്യങ്ങൾ, വാണിജ്യേതരാവശ്യങ്ങൾ, കാർഷികാവശ്യങ്ങൾ, വ്യവസായികാവശ്യങ്ങൾ ഇവയാണ്. ഊർജ്ജ രംഗത്തെയും ഗാർഹികാവശ്യങ്ങൾക്കു വേണ്ടിയും ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സുകളെ വിലയിരുത്തേണ്ടിയിരിക്കുന്നു.

വാണിജ്യ ആവശ്യങ്ങൾക്കും വ്യവസായിക ആവശ്യങ്ങൾക്കും വിറക്, എണ്ണ, വൈദ്യുതി എന്നിവയും കൃഷി ആവശ്യത്തിനുവേണ്ടി പമ്പ് സെറ്റ് പ്രവർത്തിക്കുന്നതിനായി എണ്ണയും വൈദ്യുതിയും ഗാർഹിക ആവശ്യത്തിനു വിറക്, മണ്ണെണ്ണ, വാതകം എന്നിവയും പ്രധാനമായി ഉപയോഗിക്കുന്നു. വിറകിനു ഉപയോഗിക്കുന്നത്. പ്രധാനമായും പാഴ്മരങ്ങളും തെങ്ങിന്റെ ഭാഗങ്ങളുമാണ് (ഓല, മടൽ, പൊതുമ്പ്, വേര്, തടി മുതലായവ) ചപ്പ്, ചവറ്, കരിയില തുടങ്ങിയവയും ഉപയോഗിക്കുന്നുണ്ട്. ഗ്രാമപ്രദേശമാകയാൽ അടുക്കളപ്പൊടിയും ഉപയോഗിക്കുന്നുണ്ട്. വളരെയധികം കുടുംബങ്ങളിൽ ഗാർഹിക ആവശ്യത്തിനായി എണ്ണയും വാതകവും ഉപയോഗിക്കുന്നതുപോലെതന്നെ ഇലക്ട്രിക് ഹീറ്ററുകളും ഉപയോഗിക്കുന്നുണ്ട്. പൊതുമേഖലവഴി വിതരണം ചെയ്യുന്ന പാചകവാതകം സുലഭമായി ലഭ്യമല്ലാത്തതിനാൽ ജനങ്ങൾ സ്വകാര്യ പാചക വാതക വിതരണക്കാരെ ആശ്രയിക്കുന്നു.

ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ, കച്ചവടേതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന ഊർജ്ജത്തെ വാണിജ്യമേഖലയിൽ ഉൾപ്പെടുത്താം. വ്യവസായിക മേഖലയിൽ പ്രധാനമായും 3 ഫേയ്സ് കണക്ഷനുള്ള വൈദ്യുതിയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. ഗ്രാമപ്രദേശമാകയാൽ അടിക്കടിയുണ്ടാകുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കാനാവാത്ത പ്രശ്നമായി മാറിയിരിക്കുന്നു. പ്രകൃതിദത്തമായി വികസിപ്പിച്ചെടുക്കാവുന്ന ഊർജ്ജസ്രോതസ്സുകൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. ചാണകം യഥേഷ്ടം ലഭ്യമാകയാൽ ഇതുമായി ബന്ധപ്പെട്ട ബയോഗ്യാസ് പ്ലാന്റുകൾ മുഖേന ഊർജ്ജസ്രോതസ്സ് കണ്ടെത്താവുന്നതാണ്. പുകയില്ലാത്ത അടുപ്പുകൾ വിറകു ചെലവുകുറവായതു കാരണം ഗാർഹിക ആവശ്യത്തിനും ഈ പ്രദേശത്ത് ചില സ്ഥലങ്ങളിൽ കണ്ടുവരുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ (K. S. E. B.) പെരുമ്പാവൂർ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ആഫീസിനു കീഴിലുള്ള കുറുപ്പംപടി മേജർ സെക്ഷൻ ആഫീസിനു കീഴിലും പ്രവർത്തിക്കുന്ന വേങ്ങൂർ സെക്ഷൻ ആഫീസ് കൂവപ്പടി സെക്ഷൻ ഓഫീസ് എന്നിവയുമായി ബന്ധപ്പെട്ടാണ് ഈ പ്രദേശത്തെ വൈദ്യുത വിതരണ ശൃംഖല പ്രവർത്തിക്കുന്നത്.

1) ഈ പഞ്ചായത്തിലെ വൈദ്യുത ഉപഭോക്താക്കളുടെ കണക്ക്

a)	ഗാർഹികം	— 1739 വീടുകൾ
b)	വ്യാപാരം	— 143
c)	വ്യവസായികം	— 33 സ്ഥാപനങ്ങൾ
d)	കാർഷികം	— 263

2) ഈ പഞ്ചായത്തിൽ വൈദ്യുത കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

a)	ഓർഡിനറി	— 165
b)	O. T. P.	— 8
c)	OYEC	— 24

അവസാനം നൽകിയ കണക്ഷന്റെ അപേക്ഷ തീയതി 12-4-96

3) സ്റ്റീറ്റ് ലൈറ്റുകളുടെ എണ്ണം

a)	ബൾബ്	— 361
b)	ട്യൂബ്	— 19

4) ഈ പഞ്ചായത്തിലെ ആകെ വൈദ്യുതീകരിച്ച കോളനികളുടെ എണ്ണം - 7

5) തൽവർഷത്തെ കണക്ഷൻ

a)	ഓർഡിനറി	— 6
b)	O. T. P.	— 8
c)	OYEC	— 34

6) മുടക്കുഴ പഞ്ചായത്തു പരിധിയിൽ വിതരണം ചെയ്യുന്ന L. T. ട്രാൻസ്ഫോമറുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ:

1) തുരുത്തി I	11 K.V.A.
2) തുരുത്തി II	,,
3) പുഴക്കാട്	,,
4) മുടക്കുഴ I	63 K.V.A.
5) മുടക്കുഴ II	11 K.V.A.
6) പെട്ടമല I	,,
7) പെട്ടമല II	,,
8) തുണ്ടിക്കപ്പാറ I	,,
9) അകനാട് I	,,
10) അകനാട് II	
11) ചുണ്ടക്കുഴി I	,,
12) ചുണ്ടക്കുഴി II	50 K.V.A.
13) മീമ്പാറ	11 K.V.A.
14) നെടുങ്കണ്ണി	,,

7) ഈ പഞ്ചായത്തിൽ വ്യവസായിക സ്ഥാപനത്തിനുവേണ്ടി വൈദ്യുതി ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം

a)	യൂണിവേഴ്സൽ ഫൈവർ	— 11 K.V.A.
b)	താടിക്കാരൻ മെറ്റൽ	— 11 K.V.A.
c)	നോവ വേങ്ങൂർ	— 63 K.V.A.

8) മുടക്കുഴ പഞ്ചായത്തിൽ സ്ട്രീറ്റ്ലൈറ്റിനു വേണ്ടി ഇപ്പോൾ പ്രതിമാസം അടയ്ക്കുന്ന തുക- 3025/രൂപ.

9) മുടക്കഴ പഞ്ചായത്തിൽ ഹരിജൻ കോളനിയിൽ വൈദ്യുതീകരണം നടത്തിയ വിവരങ്ങൾ:

കോളനിയുടെ പേരു്	കുടുംബങ്ങളുടെ (എണ്ണം)	സൗജന്യ സ്ലാബു് (എണ്ണം)
1) തുരുത്തി	8	6
2) പ്രളയക്കാടു്	14	8
3) അംബേദ്കർ കോളനി	39	17
4) നെടുങ്കണ്ണി	14	9
5) വള്ളോൻമുകളം	12	9
6) ചുണ്ടക്കുഴി	36	25
7) ചൂരമുടി	26	22

നിലവിലുള്ള വൈദ്യുതിയും മാനുഷിക ശക്തിയും ഉപയോഗിച്ചു് ഊർജ്ജസ്രോതസ്സുകളം ഈ പഞ്ചായത്തിൽ വർദ്ധിപ്പിക്കാവുന്നതാണു്.

പ്രധാന ആവശ്യങ്ങൾ:

1) ഇലക്ട്രിക് ലൈനിനുമായി ബന്ധപ്പെടുത്തി ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ കേന്ദ്രീകരിച്ചു് ജനകീയാടിസ്ഥാനത്തിൽ ജനറേറ്ററുകൾ സ്ഥാപിക്കുക.

2) ബയോഗ്യാസുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിച്ചു് വിപണനം നടത്തുന്ന 'അനർട്ട്' പോലുള്ള പദ്ധതികളം ഈ പഞ്ചായത്തിൽ നടപ്പാക്കുന്നതിനു് വേണ്ട നടപടികളം സ്വീകരിക്കുക.

3) ഈ പഞ്ചായത്തു് പ്രദേശങ്ങളിൽ നിലവിലുള്ള വോൾട്ടേജു് ക്ഷാമം പരിഹരിക്കുന്നതിനു് ശക്തികൂടിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക.

4) ഈ പഞ്ചായത്തു് പ്രദേശത്തുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കു് സൗജന്യമായി വൈദ്യുത കണക്ഷൻ ലഭിക്കാനുള്ള നടപടികളം സ്വീകരിക്കുക.

5) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സൗജന്യമാക്കുകയും വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികളം ലഘൂകരിക്കുകയും ചെയ്യുക.

6) ഈ പഞ്ചായത്തു് പ്രദേശത്തുള്ള വഴിവിളക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഇനിയും വഴിവിളക്കുകളം സ്ഥാപിക്കേണ്ട സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികളം സ്വീകരിക്കുക.

7) പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ആർട്ട്സു് ആൻറു് സ്പോർട്ട്സു് ക്ലബ്ബുകൾക്കും, വായന ശാലകൾക്കും, തുടർ സാക്ഷരത രംഗവുമായി പ്രവത്തിക്കുന്ന ജന വിദ്യാ കേന്ദ്രങ്ങൾക്കും വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുക.

8) പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള ടി. വി. കേ്യാസ്ക്കുകൾക്കു് എത്രയും പെട്ടെന്നു് വൈദ്യുത കണക്ഷൻ നല്കുക.

9) ഈ പഞ്ചായത്തിലെ 7-ാം വാർഡിൽ പ്രവർത്തിക്കുന്ന K. S. E. B. യുടെ ഓവർസീയർ ആഫീസു് സെക്ഷൻ ആഫീസായി ഉയർത്തുക.

ഗതാഗതം

ഏതൊരു നാടിന്റേയും വികാസത്തെ നിയന്ത്രിക്കുന്ന ഒരു പ്രധാന ഘടകമാണ് ഗതാഗതം. നമ്മുടെ സംസ്ഥാനത്ത് പ്രധാനമായും റോഡ്, റെയിൽ, ജലഗതാഗതം, വ്യോമഗതാഗതം എന്നിവയിലൂടെയാണ് ഈ ആവശ്യം നിർവ്വഹിച്ചുവരുന്നത്. മുടക്കുഴ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം റോഡു ഗതാഗതം മാത്രമാണ് നിലവിലുള്ളത്. തികച്ചും ഗ്രാമപ്രദേശമായ മുടക്കുഴയിൽ റോഡു ഗതാഗതം വേണ്ടത്ര വികാസം പ്രാപിച്ചു കഴിഞ്ഞിട്ടില്ല. ഇപ്പോഴും മോട്ടോർ വാഹനങ്ങളും ചെന്നെത്താത്ത പ്രദേശങ്ങളുണ്ട്.

പഴയ കാലങ്ങളിൽ കാൽനടയായാണ് ഈ നാട്ടുകാർ അടുത്ത വ്യാപാര കേന്ദ്രമായ പെരുമ്പാവൂർ ടൗണിലേക്കും അന്യദേശങ്ങളിലേക്കും സഞ്ചരിച്ചിരുന്നത്. ചരക്കു ഗതാഗതത്തിനും കാളവണ്ടികളും ധാരാളമായി ഉപയോഗിച്ചിരുന്നു. 1980കളുടെ ആദ്യപാദം വരെ പെരുമ്പാവൂർ ചന്തയിലേക്കും പഞ്ചായത്ത് പ്രദേശത്തു നിന്നും അൻപതോളം കാളവണ്ടികളും ചരക്കുമായി പോയിരുന്നു. ഇപ്പോൾ ഈ പഞ്ചായത്ത് പ്രദേശത്ത് 3 കാളവണ്ടികളും മാത്രമാണുള്ളത്.

നമ്മുടെ പഞ്ചായത്തിൽ നിന്നും താലൂക്കും ആസ്ഥാനമായ പെരുമ്പാവൂരിനെ ബന്ധപ്പെടുത്തുന്ന നാലു പ്രധാന P. W. D. റോഡുകളുണ്ട്. ഇവ പഞ്ചായത്ത് പ്രദേശത്ത് ഏകദേശം 19 കിലോമീറ്ററോളം വരും. കുറുപ്പംപടി–കൂട്ടിയ്ലൽ റോഡ്, കുറുപ്പംപടി – പാണംകുഴി റോഡ്, പ്ലയ്ക്കാട് – കോടനാട് റോഡ്, കീഴില്ലം – കുറിച്ചിലകോട് റോഡ് എന്നിവയാണിവ.

കുറുപ്പംപടി–കൂട്ടിയ്ലൽ റോഡ് ഈ താലൂക്കിലെ തന്നെ പഴക്കം ചെന്ന റോഡുകളിൽ ഒന്നാണ്. ഇത് കുറുപ്പംപടിയിൽനിന്നും ആരംഭിച്ച് പഞ്ചായത്തിലെ പ്ലയ്ക്കാട്, തുരുത്തി വാർഡുകളിലൂടെ കോട്ടപ്പടി വഴി സഹ്യപർവ്വത നിരകളോട് ചേർന്ന കോട്ടപ്പാറ വനപ്രദേശമായ കൂട്ടിയ്ലൽ പ്രദേശത്ത് ചെന്നവസാനിക്കുന്നു. ഈ വഴി ഭൂതത്താൽ കെട്ട്, ഇടമലയാർ എന്നീ പ്രധാന അണക്കെട്ടുകളിലേക്കും ദേശീയ പ്രാധാന്യമുള്ള തട്ടേക്കാട് പക്ഷി സങ്കേതത്തിലേക്കും എത്തിച്ചേരുന്നതാണ്. കുറുപ്പംപടി–കൂട്ടിയ്ലൽ റോഡിലൂടെ 60 വർഷം മുൻപു മുതൽ തന്നെ ബസ് സർവ്വീസ് ആരംഭിച്ചിരുന്നു.

കുറുപ്പംപടി–പാണംകുഴിറോഡ് പഞ്ചായത്തിന്റെ പ്ലയ്ക്കാട്, പാണ്ടിക്കാട് പ്രദേശങ്ങളും കടന്ന് വേങ്ങൂർവഴി സഹ്യാദ്രിയുടെ ഭാഗമായ മലയാറ്റൂർ – കോടനാട് മലകുംകരികിലൂടെ ഒഴുകുന്ന പെരിയാറിന്റെ തീരദേശമായ പാണംകുഴി, പാണിയേലി തുടങ്ങിയ ഗ്രാമങ്ങളിൽ എത്തിച്ചേരുന്നു. ഇവിടെ നിന്നും കോടനാട്, മലയാറ്റൂർ, ഭൂതത്താൻകെട്ട്, ഇടമലയാർ എന്നീ പ്രദേശങ്ങളിലേക്ക് എളുപ്പമാർഗ്ഗം എത്താവുന്നതാണ്.

പ്ലയ്ക്കാട്–കോടനാട് റോഡ് പഞ്ചായത്തിന്റെ പ്ലയ്ക്കാട് ഭാഗത്തു നിന്ന് കുറുപ്പംപടി – പാണംകുഴി റോഡിൽ നിന്നാരംഭിച്ച് പഞ്ചായത്ത് കാര്യാലയത്തിനു മുന്നിലൂടെ ടൂറിസത്തിനും ആന പരിശീലന കേന്ദ്രത്തിനും പേരുകേട്ട കോടനാട് ഗ്രാമത്തിലെത്തുന്നു. ഈ ഗ്രാമത്തിനു അക്കരെയാണല്ലോ പ്രസിദ്ധമായ മലയാറ്റൂർ കുരിശുമുടിയും സെന്റ് തോമസ് പള്ളിയും.

കീഴില്ലം – കുറിച്ചിലക്കോട് റോഡ് കേരളത്തിലെ പ്രധാന സംസ്ഥാനപാതയായ M.C റോഡിൽനിന്നും കീഴില്ലം ഭാഗത്ത് ആരംഭിച്ച് ജില്ലയിലെ അറിയപ്പെടുന്ന മലഞ്ചരക്ക് വ്യാപാര കേന്ദ്രമായ കുറുപ്പംപടിയിൽ ആലുവ – മൂന്നാർ റോഡ് ഖണ്ഡിച്ച് പഞ്ചായത്തിലെ മുടക്കുഴ, നോർത്ത് അകനാട് പ്രദേശങ്ങളിലൂടെ കോടനാടിനോട് ചേർന്നു കിടക്കുന്ന കുറിച്ചിലക്കോട് ഗ്രാമത്തിലെത്തുന്നു. പഴയക്കാലത്ത് പ്രസിദ്ധമായ മലയാറ്റൂർ കുരിശുമുടിയിലേക്കും പഞ്ചായത്ത് പ്രദേശത്തു നിന്നും കൈതജനങ്ങൾ കാൽനടയായി എത്തിച്ചേർന്നിരുന്നത് ഈ പാതയിലൂടെയാണ്. അതുപോലെ തന്നെ പള്ളിയിൽ നിന്നും ഭണ്ഡാരസ്വത്തുക്കളും മറ്റും തലച്ചുമടായികൊണ്ടുപോയിരുന്നതും ഇതുവഴിയാണ്.

പഞ്ചായത്തിലൂടെയുള്ള 4 P.W.D. റോഡു വഴി വിവിധ ഭാഗങ്ങളിലൂടെ 38-ൽ പരം സ്വകാര്യ ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ വടക്കൻ ഭാഗങ്ങളിൽ യാത്രാക്ലേശം വളരെയാണ്. പഞ്ചായത്തിലെ പല ഗ്രാമങ്ങളിലേക്കും രാത്രി 8 മണിക്കു ശേഷം ബസ്സ് സർവ്വീസുകളില്ല. നമ്മുടെ പഞ്ചായത്തിലൂടെ ഒരു K.S. R. T. C. ബസ്സുപോലും സർവ്വീസ് നടത്തുന്നില്ല. അടുത്തകാലം വരെ 4 K. S. R. T. C. ബസ്സുകളും സർവ്വീസ് നടത്തിയിരുന്നു. കുറ്റപ്പംപടി-ചുണ്ടക്കുഴി റോഡ് K.S.R.T.C. 'നോട്ടിഫൈഡ്' റൂട്ടാണെങ്കിലും K.S.R.T.C. ബസ്സുകളൊന്നും സർവ്വീസ് നടത്തുന്നില്ല.

മുടക്കുഴ പഞ്ചായത്തിൽ ആകെ 116 കി. മീ. റോഡ് ആണ് പഞ്ചായത്ത് വകയായിട്ടുള്ളത്. ഇതിൽ 42 കി.മീ. ടാർ ചെയ്തിട്ടുള്ളവയാണ്. ബാക്കി 74കി.മീ. ചെമ്മൺപാതകളും ടാർ ചെയ്യേണ്ടതുണ്ട്. ഇതോടൊപ്പം പെരിയാർവാലി ടാർ ചെയ്തിട്ടുള്ള 17 കി.മീ. റോളം റോഡുകളും കനാൽബണ്ടുകളും പഞ്ചായത്തിന്റെ ഗതാഗതത്തെ സഹായിക്കുന്നു. ഇതുകൂടാതെ പഞ്ചായത്ത് റോഡുകളിൽനിന്നും P.W.D. റോഡുകളിൽ നിന്നും വീടുകളിലേക്കും പുരയിടങ്ങളിലേക്കുമുള്ള കൈവഴികളും വികസനം കാത്തുകഴിയുന്നു.

പഞ്ചായത്തിലെ പ്രധാന റോഡു വിവരം

P. W. D. റോഡ് (പഞ്ചായത്തിലൂടെ കടന്നുപോകുന്നത്)

1.	കുറ്റപ്പംപടി – കൂട്ടിയ്യൽ റോഡ്	3 KM
2.	കുറ്റപ്പംപടി – പാണംകുഴിറോഡ്	3 KM
3.	പ്ലയ്ക്കാട് – കോടനാട്	5 KM
4.	അകനാട് – ചുണ്ടക്കുഴി	2.300 KM
5.	കീഴില്ലം – കുറിച്ചിലക്കോട്	5 KM
	ആകെ	18.300 KM

പഞ്ചായത്ത് ടാർ റോഡ് — ടാർ ചെയ്തത്

1.	പാണ്ടിക്കാട് – തുരുത്തി	1 KM
2.	തുരുത്തി – പുന്നയം	1 KM
3.	തുരുത്തി – ഭണ്ഡാരപ്പടി	500 M
4.	കാവ് – ചർച്ച് റോഡ്	3 KM
5.	മീമ്പാറ – കൊമ്പനാട്	1 KM
6.	അകനാട് – ആലിൻചുവട്	2 KM
7.	അകനാട് – ഇളമ്പകപ്പിള്ളി	5 KM
8.	ഗണപതി വിലാസം – കൊരുമ്പശ്ശേരി	2 KM
9.	അകനാട് – ഐമുറി	1 KM
10.	അകനാട് – പള്ളികുടി	2 KM
11.	ആലിൻചുവട് – ചുണ്ടക്കുഴി	2 KM
12.	കൽക്കുട്ടം റോഡ്	5 KM
13.	നെടുങ്കണ്ണി – മീമ്പാറ	3 KM
14.	തുക്കുപ്പടി – പഞ്ചായത്ത് ആഫീസ് റോഡ്	2 KM
15.	കനാൽബണ്ട് – ചൂരമുടി	1 KM
16.	വലിയപാറ പുതുമന റോഡ്	3 KM
17.	ത്രിവേണി – അകനാട്	1 KM
18.	തുങ്ങാലി – മീമ്പാറ	1 KM
19.	പ്ലയ്ക്കാട് – ശാസ്താമന	2 KM

വാർഡുകളിൽ നിന്നുള്ള നിർദ്ദേശം

വാർഡ് 1 തുരുത്തി

1. തുരുത്തി പുന്നയം റോഡ് ടാർ ചെയ്യണം.
2. പാണ്ടിക്കാട് പൂത്തുരുത്തി റോഡ് ടാർ ചെയ്യണം.
3. തുരുത്തി-മുടിക്കിരായി റോഡ് വീതി കൂട്ടി ടാർ ചെയ്യണം.
4. തുരുത്തി-പൂത്തുരുത്തി റോഡ് ടാർ ചെയ്യണം.
5. പാണ്ടിക്കാട് - തുരുത്തി റോഡ് റീ ടാർ ചെയ്യണം
6. പൂത്തുരുത്തി ഭാഗത്തുനിന്നും വേങ്ങൂർ അമ്പലം ഭാഗത്തേക്ക് നടപ്പാത കെട്ടണം
7. തുരുത്തി - പൂത്തുരുത്തി റോഡിലേക്ക് കുറുപ്പംപടി കൂട്ടിയ്ക്കൽ റോഡിൽ നിന്നും ലിങ്ക് റോഡ് വീതി കൂട്ടണം.
8. തുരുത്തി ഈസ്റ്റ് വടയക്കുളം റോഡ് ടാർ ചെയ്യണം.
9. തുരുത്തി വാരിക്കാട്ടുപാടം റോഡ് ടാർ ചെയ്യണം
10. തുരുത്തി ഞെണ്ടാരപ്പടി റോഡ് ടാറിംഗ് പൂർത്തിയാക്കണം.
11. തുരുത്തി ഗവ: എൽ. പി. എസിനു വടക്കുവശത്തേക്കുള്ള റോഡ് വീതി കൂട്ടണം
12. തുരുത്തി-എടമ്പാടം റോഡ് ടാർ ചെയ്യുക
13. തുരുത്തി- ലക്ഷം വീടുവഴി പ്രളയ്ക്കാട് റോഡിലേയ്ക്ക് ബന്ധിപ്പിക്കുക.

വാർഡ് 2 പ്രളയ്ക്കാട്

താഴെപ്പറയുന്ന റോഡുകൾ ടാർ ചെയ്യണം.

1. പ്രളയ്ക്കാട്-കുഴിയ്ക്കാട്ടുപാടം റോഡ്
2. പുലച്ചിറ-പ്രളയ്ക്കാട് റോഡ്
3. ആലിൻചുവട് റോഡ്
4. കോച്ചേരിപ്പാടം റോഡ്
5. വാര്യമ്പടി റോഡ്
6. പ്രളയ്ക്കാട്-പെട്ടമല റോഡ്

വാർഡ് 3 പാണ്ടിക്കാട്

1. മുണ്ടൻതുരുത്ത് - മുടക്കുഴ റോഡ് വീതി കൂട്ടി ടാർ ചെയ്യണം.
2. മുടക്കുഴ ബ്രാഞ്ച് കനാൽ ബണ്ട് നാലുപാലം റോഡ് ടാർ ചെയ്യണം
3. തൃക്കപ്പാറ - മലയക്കുളം റോഡ് ടാർ ചെയ്യണം. ഇത് മുടക്കുഴ ഐമുറി റോഡുമായും അംബേദ്കർ റോഡുമായും ബന്ധിപ്പിക്കണം.
4. മുടക്കുഴ ഐമുറി റോഡ് ടാർ ചെയ്യണം.
5. പ്രളയ്ക്കാട് കോളനി റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം.
6. പെട്ടമല വാട്ടർടാങ്കിന്റെ വടക്കുഭാഗത്തേക്ക് വഴിയുണ്ടാക്കണം.

   ഈ വഴി തൃക്കപ്പാറ മലയാംകുളം റോഡിലേക്കോ, മുടക്കുഴ അംബേദ്കർ കോളനി റോഡിലേക്കോ ബന്ധിപ്പിക്കണം. ഇതുകൂടാതെ താഴെപ്പറയുന്ന ഏതാം റോഡുകളും നിർമ്മിക്കേണ്ടതാണ്.

   പാണ്ടിക്കാട്-പൂഞ്ചോലി റോഡ്
   പാണ്ടിക്കാട്-മുപ്പത്തിപ്പാടം റോഡ്
   പാണ്ടിക്കാട്-പ്രളയിക്കാട് റോഡ്
   കനാൽബണ്ട്-പ്രളയ്ക്കാട്പാടംറോഡ്

വാർഡ് 4 തൃക്കപ്പാറ

പെട്ടമല-ഐമുറി റോഡ് ടാർ ചെയ്യണം.

കണ്ണഞ്ചേരിമുകളം - കുറുക്കംപെട്ട റോഡ് ടാർ ചെയ്യണം.

കീഴില്ലം-കുറിച്ചിലക്കോട് -റോഡിന്റെ നാലുപാലം ഭാഗത്ത് വീതി കൂട്ടണം.

തൃക്കേപ്പടി പഞ്ചായത്തു റോഡ് വീതികൂട്ടി ബസ് സർവ്വീസ് ആരംഭിക്കണം.

തൃക്കപ്പാറ തട്ടേക്കാട് റോഡ് വീതികൂട്ടി അകനാട് ഹയർ സെക്കൻററി സ്കൂളിനോടു ചേർക്കണം, കീഴില്ലം കുറിച്ചിലക്കോട് റോഡിൽ നിന്നും കല്ലുമല ഹരിജൻ കോളനിയിലേക്കുള്ള മൂന്നു ഇടവഴികളും സഞ്ചാര യോഗ്യമാക്കണം.

കാവുപച്ച്,ആനകല്ല്,പെരിയാർവാലികനാൽ ബണ്ട് റോഡ് ടാർ ചെയ്യണം. തൃക്കേപ്പടിക്കു കീഴുള്ള ഭാഗത്തെ കനാൽ ബണ്ട് റോഡ് ടാർ ചെയ്യണം. കീഴില്ലം-കുറിച്ചിലക്കോട് റോഡിൽ തൃക്കേപ്പടിക്കു വടക്കു ഭാഗത്തായി പടിഞ്ഞാറു ഭാഗത്തെ പാടത്തേക്കു പോകുന്ന ഇടവഴി യാത്രാ യോഗ്യമാക്കണം. തൃക്കപ്പാറ മുട്ടുകുഴി കുറുക്കപൊട്ടറോഡ് സഞ്ചാരയോഗ്യമാക്കണം. പഞ്ചായത്താഫീസിനു വടക്കുവശം നെടുങ്കണ്ണി റോഡിനു പടിഞ്ഞാറു ഭാഗത്തേക്കുള്ള ഇടവഴികളും

സഞ്ചാരയോഗ്യമാക്കണം കൂടാതെ ടാർ റോഡിന്റെ വശങ്ങളിലുള്ള കാനകളും മെയിൻറൻസ് നടത്തണം. തൂക്കേപ്പടി, ആനകല്ല് എന്നിവിടങ്ങളിൽ വെയിറ്റിങ്ങ് ഷെഡ് നിർമ്മിക്കണം. തൂക്കേപ്പടിയിൽ മൂത്രപ്പുര നിർമ്മിക്കണം.

വാർഡ് 5 മീമ്പാറ

താഴെപ്പറയുന്ന റോഡുകളും ടാർ ചെയ്യണം.

ചുണ്ടക്കുഴി-മീമ്പാറ റോഡ്, കണ്ണങ്കുളം ലിങ്ക് റോഡ്, ചൂരമുടി ഭാഗത്തേക്കുള്ള റോഡ്, വെട്ടിയേലി-നെടുങ്കണ്ണി റോഡ്, ചൂരമുടി-വാണിയപ്പിള്ളി റോഡ്, ചൂരമുടി-മുണ്ടൻതുരുത്ത് റോഡ് കൂടാതെ നെടുങ്കണ്ണി-മീമ്പാറ റോഡ്, മീമ്പാറ കോടനാട് റോഡ്, തുങ്ങാലി-മീമ്പാറ റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കണം.

വാർഡ് 6 ചുണ്ടക്കുഴി

1. അകനാട് ചെട്ടിനട റോഡ് വീതി കൂട്ടണം
2. അകനാട് ആലിൻചുവട് റോഡ് വീതി കൂട്ടണം.
3. രാജീവ് ദശലക്ഷ പാർപ്പിട കോളനി വഴി സഞ്ചാര യോഗ്യമാക്കുക.
4. അകനാട് കടവള്ളച്ചാൽ മയൂരപുരം റോഡ് ടാർ ചെയ്യണം
5. വാണിയപ്പിള്ളി-ചുണ്ടക്കുഴി റോഡ് പണി പൂർത്തിയാക്കണം.
6. ബാപ്പറിസ്റ്റ്-മാങ്കോട് റോഡ് വീതി കൂട്ടി സഞ്ചാര യോഗ്യമാക്കണം.
7. ചുണ്ടക്കുഴി റോഡ് - കനാൽബണ്ട് റോഡ് സഞ്ചാരയോഗ്യമാക്കണം.
8. പേരങ്ങാട്ട്-ചുണ്ടക്കുഴി റോഡ് ടാർ ചെയ്യണം.
9. ചുണ്ടക്കുഴി-വാരിക്കാട്ടുചാൽ റോഡ് വീതി കൂട്ടണം.
10. ചുണ്ടക്കുഴി-പൂന്ത്രഞ്ചാൽ റോഡ് ഗതാഗത യോഗ്യമാക്കണം.
11. പ്രളയക്കാട്-കോടനാട് റോഡ് ബാക്കി ഭാഗം ടാർ ചെയ്യണം.
12. കുറുക്കംപൊട്ട ചുണ്ടക്കുഴി റോഡ് സഞ്ചാരയോഗ്യമാക്കണം.
13. വാണിയപ്പിള്ളി ചുണ്ടക്കുഴി റോഡ് ടാർ ചെയ്യണം.

വാർഡ് 7 മുടക്കുഴ North

1. ആര്യംപാടം-കനാൽ റോഡ് സഞ്ചാരയോഗ്യമാക്കണം.
2. എളമ്പകപ്പിള്ളി-കയ്യത്തിയാൽ റോഡ് ടാർ ചെയ്യണം
3. മുടക്കുഴ-ഇളമ്പകപ്പിള്ളി റോഡ് ടാർ ചെയ്യണം.
4. തൂക്കപ്പടി കൊല്ലത്താൻപടി റോഡ് ടാർ ചെയ്യണം
5. കൊട്ടനെല്ലൂർ-ചുണ്ടക്കുഴി റോഡ് സഞ്ചാരയോഗ്യമാക്കണം.
6. പുളിഞ്ചോട് സർക്കുലർ ഫാം റോഡ് സഞ്ചാരയോഗ്യമാക്കണം
7. ചുണ്ടക്കുഴി ഹരിജൻ കോളനി റോഡ് ടാർ ചെയ്യണം
8. ആലിൻചുവട് ചിറങ്ങരപ്പീടിക റോഡ് സഞ്ചാര യോഗ്യമാക്കണം കൂടാതെ P.W.D. റോഡുകളിലെ കേടായ കലുങ്കുകളും പുനർനിർമ്മാണം നടത്തണം

വാർഡ് 8 അകനാട്

1. ചുണ്ടക്കുഴി റോഡ് ടാർ ചെയ്യണം.
2. ആലിൻചുവട് കോരമംഗലം റോഡ് ടാർ ചെയ്യണം
3. അകനാട് കാവുങ്ങപ്പാടം റോഡ് ടാർ ചെയ്യണം
4. ചുണ്ടക്കുഴി അകനാട് കനാൽ ബണ്ട് റോഡ് ടാർ ചെയ്യണം
5. അകനാട് റേഷൻകട കവലയിൽ നിന്നും കിഴക്കുഭാഗത്തേക്കുള്ള റോഡ് ടാർ ചെയ്യണം
6. കീഴില്ലം കുറിച്ചിലക്കോട് റോഡിൽ നിന്നും കനാൽ ബണ്ട് റോഡുമായി ബന്ധിപ്പിക്കുന്ന ഇടവഴി സഞ്ചാര യോഗ്യമാക്കണം.
7. അകനാട് കാവുങ്ങപ്പാടം റോഡിൽ ഇളമ്പകപ്പിള്ളിയുമായി ബന്ധിപ്പിക്കുന്ന പാലം നിർമ്മിക്കണം.
8. അകനാട് പള്ളികുടി റോഡ് ടാർ ചെയ്യണം.
9. അകനാട് കുവപ്പടി ലിങ്ക് റോഡ് നിർമ്മിക്കുക, കൂടാതെ മുടക്കുഴവലിയതോട്ടിൽ തറക്കാട് ഭാഗത്തു പള്ളിപ്പട്ട പാടം ഭാഗത്തും പാലം നിർമ്മിക്കുക.

വാർഡ് 9 ഇളമ്പകപ്പിള്ളി

1. അകനാട്ട് ഇളമ്പകപ്പിള്ളി റോഡ് റീ ടാറിംഗ് നടത്തണം.
2. ത്രിവേണി അകനാട്ട് റോഡ് പൂത്തിയാക്കുകയും മുടക്കുഴത്തോട്ടിൽ പാലം നിർമ്മിക്കുകയും ചെയ്യണം.
3. ഇളമ്പകപ്പിള്ളി കടവുങ്കൽ ടാറിംഗ് നടത്തണം.
4. ഇളമ്പകപ്പിള്ളി അമ്പലം പടികിഴക്കോട്ട് ഫാം റോഡ് നിർമ്മിക്കണം.
5. ഇളമ്പകപ്പിള്ളി മുത്തംകളം റോഡ് ഫാം റോഡിൽ പെടുത്തി സഞ്ചാരയോഗ്യമാക്കണം.
6. ആര്യമ്പാടം കനാൽബണ്ടുറോഡ് ടാറിംഗ് നടത്തണം. കൂടാതെ പെരുമ്പാവൂരിൽ നിന്നും ആരംഭിച്ച് കുറുപ്പംപടി-അകനാട്ട് L.P.S- കയ്യത്തിയാൽ - ഇളമ്പകപ്പിള്ളി-കുവപ്പടി - പെരുമ്പാവൂർ സർക്കുലർ ബസ് സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കണം.

ഗതാഗത രംഗത്ത് ഇന്നുള്ള പ്രശ്നങ്ങൾ

1. റോഡുകളുടെ ശോചനീയാവസ്ഥ
2. കാനകളുടെ കുറവ്
3. ടാറിംഗിലുള്ള ക്രമക്കേട്
4. അകാലങ്ങളിലുള്ള ടാറിംഗ്
5. റോഡുകളുടെ വീതി കുറവ്
6. റോഡുസൈഡിലുള്ള ചോലമരങ്ങൾ
7. റോഡുസൈഡിലുള്ള അനധികൃത കയ്യേറ്റവും കച്ചവടങ്ങളും
8. യഥാസമയത്തുള്ള പഞ്ചായത്തു റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താത്തത്
9. ബസുകളുടെ അപര്യാപ്തത
10. വാർഡുകളുടെ ബന്ധിപ്പിച്ചു കൊണ്ടുള്ള ബസ് സർവ്വീസ് ഇല്ലായ്മ
11. ടെലഫോൺ, വാട്ടർ അതോറിട്ടി ഈ ഡിപ്പാർട്ടുമെൻറുകളുടെ ആവശ്യത്തിലേക്ക് റോഡുകൾ മുറിക്കേണ്ടിയും താഴ്ത്തേണ്ടിയും വരുമ്പോൾ റോഡുകൾ നന്നാക്കേണ്ടി വരുന്നതിലുള്ള അനാസ്ഥ.
12. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിലുള്ള ഡ്രൈവർമാരുടെ അശ്രദ്ധ.

പരിഹാര നിർദ്ദേശം

1. P. W. D. റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും പഞ്ചായത്ത് രേണ സമിതിക്ക് നിർദ്ദേശവും പരിശോധനയും നടത്തുവാനുള്ള അധികാരം നൽകുക
2. റോഡുസൈഡിൽ കോൺക്രീറ്റ് കാനകൾ നിർമ്മിക്കുക
3. കാനകളിൽ വെള്ളം താഴേക്കൊഴുകിപ്പോകാനുള്ള സൗകര്യം ഏർപ്പെടുത്തണം
4. വേനൽക്കാലങ്ങളിൽ മാത്രം ടാറിംഗ് നടത്തുക
5. മാസത്തിലൊരിക്കൽ ടാർ റോഡുകളുടെ പരിശോധന നടത്തുകയും റിപ്പോർട്ടയച്ചു ഒരാഴ്ചയ്ക്കകം അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള നടപടികൾ സർക്കാർ തലത്തിൽ ആവിഷ്കരിക്കണം
6. വാഹനങ്ങളുടെ പെരുപ്പം കണക്കിലെടുത്ത് വീതികൂട്ടുക
7. റോഡുസൈഡിലുള്ള ചോലമരങ്ങൾ ടാറിംഗ് കേടുവരുത്തുമെന്നു കണക്കിലെടുക്കുക
8. റോഡു സൈഡിലുള്ള അനധികൃത കയ്യേറ്റങ്ങൾ പഞ്ചായത്തു ഭരണസമിതി തടയുക.
9. റോഡു ഗതാഗതത്തിനു തടസമാകുന്നതരത്തിലുള്ള കച്ചവടങ്ങൾക്കു ലൈസൻസ് നൽകാതിരിക്കുക. ലൈൻസില്ലാത്തവ നിർത്തലാക്കുക.
10. ട്രാഫിക് സിഗ്നൽ ബോർഡുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുകയും അവയെ പോസ്റ്റുകളിൽ നിന്നും ബോർഡുകളിൽനിന്നും സംരക്ഷിക്കുകയും ചെയ്യുക.
11. ടെലഫോൺ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുമ്പോൾ ഗതാഗതത്തിനു തടസമാകാത്ത രീതിയിൽ ആണെന്നു ഉറപ്പുവരുത്തുക.
12. റോഡിനു കുറുകെയുള്ള ബാനറുകൾ കെട്ടുന്നതിനും സൈഡിൽ ബോർഡ് വയ്ക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തുക.
13. ബസ് സർവ്വീസ് കുറവുള്ള പ്രദേശങ്ങളിൽ KSRTC സർവ്വീസ് ആരംഭിക്കുകയും സ്വകാര്യ സർവ്വീസ് തുടങ്ങുന്നതിനു പ്രോത്സാഹനം കൊടുക്കുകയും ചെയ്യുക.
14. പ്ലളയ്ക്കാട് മുതൽ പാറവരെയുള്ള കുറുപ്പംപടി-പാണംകുഴി PWD റോഡ് വീതികൂട്ടുക.

സംസ്കാരം

സാംസ്കാരിക ഞെരുക്കം:-

പാശ്ചാത്യ സാംസ്കാരത്തിന്റെ കാലടികളിൽ ഞെരിഞ്ഞമരുന്ന നമ്മുടെ സാംസ്കാരിക ഞെരുക്കത്തിന്റെ ക്ഷമിക്കത്തെ അവശിഷ്ടങ്ങൾ ഈ തലമുറയിൽ ദർശിക്കാൻ കഴിയും. പിഴിഞ്ഞ ആചാരങ്ങളും വിഭിന്ന വിശ്വാസങ്ങളും വച്ചുപുലർത്തുന്ന വിഭിന്ന ജനങ്ങളെ കോർത്തിണക്കുന്ന ഒരു സാംസ്കാരമാണ് മുക്കുഴക്ക് ഉയർത്തിപ്പിടിക്കാനുള്ളത്. ആചാരാനുഷ്ഠാനങ്ങളിലും മത വിശ്വാസങ്ങളിലും മതാന്വേഷണങ്ങളിലും ഇവിടത്തെ ജനങ്ങൾ വച്ചുപുലർത്തുന്ന സഹകരണത്തിലും സഹവർത്തിത്വത്തിലും പ്രശംസാർഹമാണ്.

ഹിന്ദുമത വിശ്വാസികളും ക്രൈസ്തവ മത വിശ്വാസികളും കലർന്ന് കഴിയുന്ന ഈ പ്രദേശത്ത്, വർഗീയ കലാപങ്ങളോ മതസംഘട്ടനങ്ങളോ അടുത്തകാലത്ത് ഉണ്ടായിട്ടില്ല. ഈഴവർ, പറയർ പുലയർ, വേലൻ, നായർ, പണിക്കർ, വിശ്വകർമ്മ നമ്പൂതിരി, കണിയാൻ, വീരശൈവർ, തുടങ്ങിയവരാണ് ഹിന്ദുമതത്തിലെ ഇവിടത്തെ പ്രധാന ഉപജാതികൾ. ഓരോ ജാതിയും, അവരവരുടെ ആചാരാനുഷ്ഠാനങ്ങൾ തുടർന്നു പോരുന്നു. അടുത്ത് അടുത്ത് സ്ഥിതിചെയ്യുന്ന ഹിന്ദു-ക്രിസ്തീയ ആരാധനാലയങ്ങൾ ഇവിടത്തെ മതസൗഹാർദ്ദത്തിന്റെ പ്രതീകങ്ങളാണ്.

A ഭാഗം

പഞ്ചായത്തിലെ ഏകൈകസ്തീയ പള്ളിയാണ് VI-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സെ: ജോർജ് പള്ളി. ഇവിടെ ജനുവരി മാസത്തിലാണ് പെരുന്നാൾ നടക്കുന്നത്. പെരുന്നാളിനോട് അനുബന്ധിച്ചു നടക്കുന്ന പ്രതിക്ഷണത്തിൽ ആനകളും പങ്കുകൊള്ളുന്നു. മുത്തുക്കുടയുടേയും വാദ്യമേളങ്ങളുടേയും അകമ്പടിയോടെ നടന്നു നീങ്ങുന്ന രഥോത്സവയാത്ര കണ്ണിന് കുളിർമയേകുന്നതാണ്.

ദുഃഖ വെള്ളിയാഴ്ച നാളിൽ മുടിക്കരയായി കാത്തലിക് ചർച്ചിൽ നിന്നും നെടുങ്ങപ്ര കാത്തലിക് ചർച്ചിൽ നിന്നും കൈകളിൽ മരക്കുരിശുമേന്തി, ഗാനാലാപനത്തോടെ പുറപ്പെടുന്ന കുരിശിന്റെ വഴിയാത്ര തുരുത്തിയിൽ സംഗമിച്ച്, അവിടെ ചേരുന്ന യോഗത്തിൽ ഉയർത്തെഴുന്നേൽപ്പിന്റെ മഹത്വത്തെക്കുറിച്ച് പ്രസംഗങ്ങൾ ഉണ്ടാകാറുണ്ട്.

II-ാം വാർഡിലുള്ള മാർബസോലിയോസ് ചാപ്പൽ, മുടക്കുഴ മാർഗിഗോറിയോസ് ചാപ്പൽ, ആനകല്ല് സെ. ജോർജ് ചാപ്പൽ അഞ്ചാം വാർഡിലുള്ള പൗരസ്ത്യ സുവിശേഷ വക ചാപ്പൽ അകനാട് ചാപ്പൽ ഇളമ്പകപ്പിള്ളി സെ. സെബാസ്റ്റ്യൻ ചാപ്പൽ തുടങ്ങിയവയാണ് മറ്റ് ക്രൈസ്തവ ആരാധനാലയങ്ങൾ കൂടാതെ പ്രളയ്ക്കാട്, തൃക്കേപ്പാറ, മുടക്കുഴ, തുരുത്തി, മീമ്പാറ, മുണ്ടക്കുഴി, കുറുക്കൻപൊട്ട, കണ്ണൻചേരിമുകൾ എന്നിവടങ്ങളിൽ സൺഡേ സ്കൂളുകളും സ്ഥിതി ചെയ്യുന്നുണ്ട്.

പഞ്ചായത്തിലെ വളരെ പഴക്കംചെന്ന ക്ഷേത്രങ്ങളാണ്. മുടക്കുഴ VII-ാം വാർഡുലുള്ള ആനന്ദാനന്ദ ഭഗവതി ക്ഷേത്രം. I-ാം വാർഡിലുള്ള തുരുത്തി ഭഗവതി ക്ഷേത്രം, രണ്ടാം വാർഡിലുള്ള പ്രളയക്കാട് ശിവക്ഷേത്രവും, ശ്രീകൃഷ്ണ ക്ഷേത്രവും, വടൂർ തൃക്കയും, IV-ാം വാർഡിൽ തൃക്കപ്പാറയിലുള്ള തൃക്കയിൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, ആനകല്ല് മുള്ളകുന്നത്തുകാവ് ശ്രീ ഭദ്രകാളി ക്ഷേത്രം. VIII-ാം വാർഡിലുള്ള എടവനക്കാവ്. VI-ാം വാർഡിലുള്ള വാളിയപ്പിള്ളി പഞ്ചേശ്വര വിഷ്ണു ക്ഷേത്രം എന്നിവ.

മേൽപ്പറഞ്ഞ ആരാധനാലയങ്ങളിൽ മതാചാര പ്രകാരമുള്ള ഉൽസവങ്ങളും ആഘോഷങ്ങളും ആണ്ടുതോറും നടന്നുവരുന്നു. അകനാട് എടവനക്കാവിലും തുരുത്തിക്കാവിലും മുൻകാലങ്ങളിൽ 'മുടിയേറ്റ്' അരങ്ങേറിയിരുന്നു. വാണിയപ്പിള്ളി പഞ്ചേശ്വരവിഷ്ണുക്ഷേത്രത്തിൽ നടത്തപ്പെടുന്ന വേലടിച്ച് കാവടിയാട്ടവും, താലപ്പൊലിയും എടുത്ത് പറയേണ്ട ഒന്നാണ്. ക്ഷേത്രങ്ങളിലും പള്ളികളിലും പുലയരുടെ സമുദായപരമായ 'തുടികൊട്ടും കുടതുള്ളലും' കണ്ണിന് കൗതുക

മേകുന്ന പരിപാടിയാണ്. ഇതിന് വിത്തിടൽ 'വഴിപാട്' എന്ന് പറയുന്നു മുൻകാലങ്ങളിൽ നിലനിന്നിരുന്ന 'കാവുതീണ്ടൽ' എന്ന ചടങ്ങിനെ അനുസ്മരിക്കുന്ന ഒന്നാണിത്.

ആചാരങ്ങളും അനുഷ്ഠാനങ്ങളും

a. പ്രേതാരാധന:-

പരേതാത്മാക്കളെ ആരാധിക്കുന്ന സമ്പ്രദായം പ്രാചീന ഗണങ്ങളിൽ സാർവ്വത്രികമായിരുന്നു. പൂർവ്വികരുടെ ആത്മാവ് മരണ ശേഷവും നിലനിൽക്കുന്നു എന്ന വിശ്വാസം, ശാസ്ത്രം വളരെയധികം വളർന്നിരിക്കുന്നുവെന്നിരുന്നാലും, ആളുകളുടെ മനസ്സിൽ ഇന്നും നിലനിൽക്കുന്നു ഹിന്ദുമതത്തിലെ താഴ്ന്ന ജാതികളായി കരുതപ്പെടുന്ന പുലയ, പറയ, ഈഴവ, വിശ്വകർമ്മ, വേലൻ തുടങ്ങിയ സമുദായങ്ങളുടെ വീടുകളിൽ മരിച്ചുപോയ കുടിയിരിന്നിയിരിക്കുന്ന 'പതി'കം ഇപ്പോഴും കാണാൻ കഴിയും. ഇത്തരം പതികളിൽ ആണ്ടിൽ ഒരുപ്രാവശ്യം അരിപ്പൊടികൊണ്ട് കളമെഴുതി വാഴയിലയിൽ അവിലും മഞ്ഞൾപ്പൊടിയും, കുരുനിയും, മദ്യവും വച്ച് കർമ്മങ്ങൾ നടത്തിയിരുന്നു. ഇത്തരം കർമ്മങ്ങളിൽ കോഴിയെ അറുത്ത് രക്തം മരിച്ച വരുടെ പ്രതിരൂപങ്ങളായി വച്ചിട്ടുള്ള കരിങ്കല്ലുകളിൽ തളിച്ചിരുന്നു ഇന്ന് ചുരുക്കം ചില വീടുകളിൽ മാത്രം ഈ ആചാരം നിലനിൽക്കുന്നുണ്ട്.

b. നാഗാരാധന :-

പ്രാചീന കാലങ്ങളിൽ ഗോത്രവർഗങ്ങൾ, മൃഗങ്ങളേയും, പക്ഷികളേയും, ഇഴജന്തുക്കളേയും ദൈവിക ശക്തിയുള്ളവയായി കരുതപ്പെട്ടിരുന്നു അതിന്റെ തുടർച്ചയായി കേരളത്തിലെ ജനങ്ങൾ ഇന്നും നാഗാരാധനയിൽ വിശ്വസിക്കുന്നു. മുടക്കുഴ ഗ്രാമത്തിലെ ചിലപുരയിടങ്ങളിൽ ഇപ്പോഴും 'സർപ്പക്കാവുകൾ' നിലനിൽക്കുന്നു. സർപ്പക്കാവുകളിൽ വളർന്നു നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റുവാൻ ജനങ്ങൾ ധൈര്യപ്പെട്ടിരുന്നില്ല. ഇത്തരം കാവുകളിൽ വർഷംതോറും മതാചാരപ്രകാരമുള്ള കർമ്മങ്ങൾ നടത്തിവരുന്നു

c. തെരണ്ടുകല്ല്യാണം :-

ഗോത്ര വർഗക്കാരുടെ ഇടയിൽ നിലനിന്നിരുന്ന ഒരു സമ്പ്രദായമാണ് തീണ്ടാരി അഥവാ തെരണ്ടുകല്ല്യാണം (taboo). പെൺകുട്ടികൾ ഋതുവായാൽ 100 വാരയോളം അകലെ ഒരു കുടിലിൽ മാറിപ്പാർപ്പിച്ചിരുന്നു. മാസക്കുളിസമയത്ത് സ്ത്രീകൾ അകലെയുള്ള മരച്ചുവടുകളിലെ ചെറുകുടിലിൽ അന്തിയുറങ്ങേണ്ടിയിരുന്നു. ഈ സമയങ്ങളിൽ പുരുഷൻമാർ അവരെ തൊടുവാനോ, കുടിലിന്റെ അടുത്ത് ചെല്ലുവാനോ പാടില്ലായിരുന്നു. തീണ്ടാരിക്കുള്ള ഭക്ഷണം മറ്റു സ്ത്രീകൾ എത്തിച്ചുകൊടുക്കേണ്ടിയിരുന്നു. തീണ്ടാരികൾ താമസിച്ചിരുന്ന കൂരയ്ക്ക് 'പാട്ടുപുര' എന്നാണ് പറഞ്ഞിരുന്നത്. കന്നിപ്പെണ്ണ് തീണ്ടാരിയുടെ ആചാരമര്യാദകളെല്ലാം കഴിഞ്ഞ് വീട്ടിൽ പ്രവേശിക്കുന്ന ദിവസം പാട്ടും തള്ളലും കളിയുമെല്ലാം ഉൾപ്പെടുന്ന ആഘോഷദിനമായിരുന്നു. പിൽക്കാലത്ത് ഈ സമ്പ്രദായം ആര്യ ദ്രാവിഡസംസ്കാരത്തിന്റെ ഭാഗമായിത്തീർന്നു. ബ്രാഹ്മണ-നായർ സമുദായങ്ങളിൽപോലും ഈ ആചാരം വേരുപിടിച്ചു. ഇന്ന് ഈ സമ്പ്രദായം പഴയതുപോലെ ദൃഢമല്ലെങ്കിലും ചില ഹിന്ദു കുടുംബങ്ങളിൽ നിലനിന്നുപോരുന്നു. മണ്ഡലകാലങ്ങളിൽ നിർബന്ധമായും തീണ്ടാരി സ്ത്രീകൾ വീടുപുറത്ത് താമസിക്കേണ്ടിയിരിക്കുന്നു.

d. പഞ്ഞം കെടുത്തൽ.

കർക്കിടകമാസം ദാരിദ്ര്യവും, ദുരിതവും നിറഞ്ഞമാസമായി കരുതപ്പെടുന്നു. തോരാമഴയും മറ്റു പ്രകൃതി ക്ഷോഭവുമാണ് ഈ വിശ്വാസത്തിലേക്ക് നയിച്ചത്. മിഥുനമാസം 30-ാം തീയതി സൂര്യാസ്തമയത്തിനുശേഷം മുറവും, പുരയും അടിച്ച് ഒരു കൂട്ടയിലാക്കി വക്കുകയും കർക്കിടകമാസം ഒന്നാം തീയതി ഇവയെല്ലാം അടിക്കാൻ ഉപയോഗിച്ച ചൂൽ ഉൾപ്പടെ പുരയിടത്തിന് പുറത്ത് ഗൃഹനായിക കൊണ്ടുകളയുന്നു. അതിനുശേഷം കുളിച്ച് മാത്രമേ വീട്ടിൽ പ്രവേശിക്കുകയുള്ളു. കർക്കിടകമാസത്തിൽ അനുഭവിക്കേണ്ട ദുരിതമെല്ലാം ഇതോടെ മാറിക്കിട്ടുമെന്ന വിശ്വാസമാണ് ഈ ആചാരത്തിന് ആധാരം.

കോലം തുക്കൽ (കണ്ണുകിട്ടുക)

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അതിനു മുന്നിൽ കള്ളിച്ചെടിയോ വയ്ക്കോൽ കൊണ്ടുണ്ടാക്കിയ മനുഷ്യക്കോലമോ കെട്ടിത്തൂക്കിയിരുന്നു. വഴിയാത്രക്കാർ നിർമ്മാണ പ്രവർത്തനങ്ങൾ കണ്ട് അതിശയമൂറിയാൽ കെട്ടിടത്തിന്റെ ഭാവി പ്രവർത്തനങ്ങളിൽ പാകപ്പിഴ സംഭവിക്കു

മെന്നാണ് വിദ്യാസമ്പന്നരുടെ പോലും വിശ്വാസം. ഈ ആചാരം പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും ശക്തിയായിതന്നെ ഇന്നും നിലനിൽക്കുന്നു.

തോലുകെട്ടൽ.

കായ്ഫലമുള്ള പ്ലാവ്, മാവ്, കശുമാവ്, തുടങ്ങിയ വൃക്ഷങ്ങളിൽ പാലയുടേയോ അതേ വർഗത്തിൽപ്പെട്ട വൃക്ഷങ്ങളുടേയോ തൊലിയും പുല്ലാന്തി വള്ളിയും, കുരുത്തോലയും ചേർത്ത് കെട്ടിവക്കുന്നു ഇത്തരത്തിൽ തോല് കെട്ടിയിട്ടുള്ള വൃക ഷങ്ങളിലെ കായ്ഫലം അന്യർ അനുവാദമില്ലാതെ പറിച്ച് ഭക്ഷിച്ചാൽ വയറു സംബന്ധമായ രോഗം ദൈവകോപത്താൽ ഉണ്ടാകുമെന്നാണ് വിശ്വാസം. പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ ഈ ആചാരം ഇന്നും നിലനിന്നു പോരുന്നു.

ശവം മറവ് ചെയ്യൽ.

ഹിന്ദുമതത്തിലെ ബ്രാഹ്മണരും നായർ സമുദായങ്ങളും ഒഴികെ മറെല്ലാ ജാതിയിൽപ്പെട്ടവരും ശവം മറവ് ചെയ്യുകയാണ് പതിവ്. ബ്രാഹ്മണരും നായർ സമുദായങ്ങളും മൃതശരീരം ദഹിപ്പിച്ചുപോരുന്നു. ശവം ദഹിപ്പിച്ചു കഴിഞ്ഞ് ഏഴാം ദിവസം അവശേഷിച്ച അസ്ഥികം പെറുക്കിയെടുത്ത് ഒരു കുടത്തിലാക്കി പുണ്യതീർത്ഥത്തിൽ ഒഴുക്കുന്നു. ഈ സമ്പ്രദായമാണ് 'അസ്ഥി സഞ്ചയനം' എന്ന് അറിയപ്പെടുന്നത്. ഹിന്ദുമതവിശ്വാസികളെല്ലാം മരണാനന്തര ചടങ്ങുകം ചെയ്യുന്നത് കുളിച്ച് ഈറനണിഞ്ഞുകൊണ്ടാണ്. പറയ–പുലയ സമുദായങ്ങൾക്ക് അവരുടെ സമുദായ ശ്മശാനങ്ങൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഉണ്ടെങ്കിൽപോലും പലരും അവരവരുടെ പുരയിടങ്ങളിലാണ് ഇപ്പോഴും ശവം മറവ് ചെയ്യുന്നത്. ഹിന്ദുമതത്തിലെ ഭൂരിപക്ഷം ജാതിയിൽപ്പെട്ടവരും അവരവുടെ പുരയിടങ്ങളിൽ മരണാനന്തര കർമ്മങ്ങം നടത്തി, ശവം മറവ് ചെയ്യുകയോ ദഹിപ്പിക്കുകയോ ചെയ്യുമ്പോം കൃസ്ത്യൻ മതവിശ്വാസികം ളളിയോടുചേർന്നുള്ള ശ്മശാനങ്ങളിൽ മൃതശരീരം മറവുചെയ്യുന്നു.

വ്യദ്ധജനങ്ങളുടെ മരണത്തിനുശേഷം 16–ാം ദിവസം ഹിന്ദു–ജാതികളിൽ മരണവീട്ടിൽ വച്ച് വലിയ സദ്യയും ആഘോഷങ്ങളും നടത്തിവരുന്നു. ഇതിനെ പതിനാറടിയന്തിരം എന്ന് വിളിക്കുന്നു. അതേസമം ക്രിസ്തുമതത്തിൽ മരണശേഷം 40–ാം ദിവസമാണ് ഈ ചടങ്ങ് നടത്തുന്നത്. ഇത് 'നാൽപ്പതടിയന്തിരം' എന്ന് അറിയപ്പെടുന്നു.

അമ്മിയും ചിരവയും ചവിട്ടൽ

ബ്രാഹ്മണ സ്ത്രീകളുടെ വിവാഹദിനത്തിൽ താലികെട്ടു ചടങ്ങിനു ശേഷം വിവാഹിതയായ സ്ത്രീയെക്കൊണ്ട് അമ്മിയും ചിരവയും ചവിട്ടിച്ചിരുന്നു. ഈ ചടങ്ങിനു ശേഷം കുടുംബവുമായി അവർക്ക് യാതൊരു ബന്ധവും നിലനിന്നിരുന്നില്ല. ഇത്തരത്തിൽ ബന്ധം വിച്ഛേദിച്ച് ഭർത്തൃഗൃഹത്തിലേക്ക് പോകുന്ന സ്ത്രീയ്ക്ക് മാതാപിതാക്കളുടെ മരണാനന്തര കർമ്മങ്ങംക്ക് പോലും പങ്കെടുക്കാൻ അവകാശമുണ്ടായിരുന്നില്ല ഈ ആചാരം ചില ബ്രാഹ്മണ കുടുംബങ്ങളിൽ പുതിയ രൂപത്തിലാണെങ്കിൽ പോലും നിലനിന്നുപോരുന്നു.

കല്ലോതലും, ചരടുജപിക്കലും.

ഗോത്രവർഗക്കാരുടെ ഇടയിൽ നിലനിന്നുപോന്ന ഒരു ആചാരമായിരുന്നു കല്ലുജപിച്ചുകെട്ടൽ. ചില സമയങ്ങളിൽ മൃഗങ്ങളെ കണ്ടോ ശ്മശാനത്തിനു അടുത്തുവച്ചോ പേടിച്ചാൽ പരേതാത്മാക്കം ശരീരത്തിൽ പ്രവേശിക്കുമെന്നായിരുന്നു വിശ്വാസം. കല്ലോ നൂലോ ജപിച്ച് ശരീരത്തിൽ കെട്ടിയാൽ പരേതാത്മാക്കളെ ചെറുത്തുനിൽക്കാൻ കഴിയുമെന്ന് കരുതപ്പെട്ടിരുന്നു. ചില ഹിന്ദു കുടുംബങ്ങളിൽ നാമമാത്രമായി ഈ ആചാരം നിലനിൽക്കുന്നു.

ഉപ്പോതൽ

ഭക്ഷണം കഴിക്കുമ്പോം മറെറാരാം നോക്കി നിന്നാൽ ദഹനസംബന്ധമായ രോഗം പിടിപെടുമെന്നും, ഉപ്പ് ഓതിക്കഴിച്ചാൽ ഇത് മാറിക്കിട്ടുമെന്നും ഇന്നും ജനങ്ങം വിശ്വസിച്ചുപോരുന്നു.

സ്ഥാനം നോക്കൽ.

പുരാതന കാലം മുതൽ കേരളത്തിൽ നിലനിന്നിരുന്ന ഒന്നാണ് 'തച്ചുശാസ്ത്രം'. തച്ചുശാസ്ത്ര പ്രകാരം മാത്രമേ അന്ന് വീടുകം നിർമ്മിച്ചിരുന്നുള്ളു. 'തച്ചുശാസ്ത്രം' ഹിന്ദുമതവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇന്ന് കൃസ്ത്യൻ വിശ്വാസികളും തച്ചുശാസ്ത്രത്തിൽ അടിയുറച്ചു വിശ്വസിക്കുന്നു.

മൂലകൊയ്ത്

ഇന്നും പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ ഈ ആചാരം നിലനിൻക്കുന്നു. മുൻകാലങ്ങളിൽ നെൽപ്പാടങ്ങളിൽ കാവൽകിടന്നിരുന്ന കർഷക ത്തൊഴിലാളികളായ പുലയ പറയ സമുദായങ്ങൾ ക്ക് കൂലിയായി നൽകിയിരുന്നത് ഒന്നോ രണ്ടോ ചുരുറ്റുകളായിരുന്നു. കൊയ്ത്തുകാലത്ത് ഒരു കണ്ടത്തിന്റെ മൂലയിൽ ഈ ചുരുറ്റുകൾ മാറി വയ്ക്കാൻ ഇവർക്ക് അവകാശമുണ്ടായിരുന്നു. ഈ സമ്പ്രദായം 'കാവൽകൊയ്ത്ത്' എന്നുകൂടി അറിയപ്പെട്ടിരുന്നു.

കലാ, കായിക, സംസ്കാരിക സ്ഥാപനങ്ങൾ

പഞ്ചായത്തിലെ മിക്കവാറും വാർഡുകളിൽ കലാ കായിക സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ തൃക്കേപ്പാറ, തുരുത്തി, ചുണ്ടക്കുഴി എന്നിവിടങ്ങളിൽ ജനവിദ്യാകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഓണത്തോട് അനുബന്ധിച്ച് ഇത്തരം ക്ലബ്ബുകളിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. ജാതിമത വ്യത്യാസമന്യേ ജനങ്ങൾ ഈ പരിപാടികളിൽ പങ്കുകൊള്ളുന്നു. ഹിന്ദുമതത്തിന്റെ വേലിക്കെട്ടുകളിൽ നിന്നും ഓണത്തെ മോചിപ്പിച്ച് അകംഷരാർത്ഥത്തിൽ നമ്മുടെ ദേശീയ ആഘോഷമാക്കി മാറ്റുന്നതിൽ ഇത്തരം സ്ഥാപനങ്ങൾ സാരമായ പങ്ക് വഹിച്ചിട്ടുണ്ട്. ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ എന്നിവയാണ് ഇവിടത്തെ പ്രധാന കായിക വിനോദം.

യുവജനമേള.

യുവജനങ്ങളുടെ കലാകായിക വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രതിഭകളെ കണ്ടെത്തുന്നതിനും വേണ്ടി കേരള സർക്കാരിന്റെ നിർദ്ദേശാനുസരണം 1989 മുതൽ ഈ പഞ്ചായത്തിൽ യുവജനമേളകൾ നടത്തിത്തുടങ്ങി 15നും 35 നും മദ്ധ്യപ്രായമുള്ള യുവജനങ്ങൾ ഈ പരിപാടിയിൽ പങ്കെടുക്കുന്നതിനും അവരുടെ കഴിവ് തെളിയിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 1991 ൽ 'കേരളോത്സവം' എന്ന പേരിലാണ് യുവജന മേള നടത്തിയുള്ളത് രണ്ട് വർഷം പഞ്ചായത്തിൽ വിപുലമായി ഈ പരിപാടിനടത്തുവാൻ കഴിഞ്ഞു. ഇന്ന് യുവജനമേളയോട് ജനങ്ങളുടെ ഉത്സാഹം കുറഞ്ഞു വരുകയാണ്.

പഞ്ചായത്തിലെ 25% കുടുംബളിലും T. V. ഉണ്ട്. അതുപോലെ 35% വീടുകളും പത്രം വരുത്തുന്നവയാണ്. 'മംഗളം' 'മനോരമ' തുങ്ങിയ വാരികകൾ സ്ത്രീകളുടെ ഇടയിൽ വലിയ സ്വാധീനം ചെലുത്തിയുണ്ട്.

പഞ്ചായത്തിൽ നാല് വായന ശാലകൾ നിലവിലുണ്ട്. തുരുത്തിയിലുള്ള ഗ്രാമോദ്ധാരണ വായനാശാലയാണ് പഞ്ചായത്തിലെ ആദ്യത്തെ വായനാശാല. പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് പഞ്ചായത്ത് ലൈബ്രറി സ്ഥിതി ചെയ്യുന്നു. മുഴക്കുഴയിലെ ജയന്തി ലൈബ്രറിയും പ്രളയ്ക്കാട്ടുള്ള പ്രതിഭ ലൈബ്രറിയുമാണ് മറ്റ് രണ്ട് ഗ്രന്ഥശാലകൾ.

വനം

നമ്മുടെ പഞ്ചായത്തിന്റെ വടക്ക് കിഴക്ക് പ്രദേശം 100 വർഷങ്ങൾക്ക് മുൻമ്പ് നിബിഡ വനങ്ങളായിരുന്നു എന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. ചുണ്ടക്കുഴി പ്രദേശം കടുവകൾ, കുറുക്കന്മാർ, മാൻ, ചെന്നായ, മുയൽ, കീരി, ഈനാംപേച്ചി, മലഅണ്ണാൻ, ചെങ്കീരി, വലിയ ഇനം പരുന്തുകൾ, വിവിധയിനം പക്ഷികൾ, കഴുകന്മാർ, എന്നിവ ധാരാളം വസിച്ചിരുന്നതായി കാണാൻ കഴിയും കടുവ പാർത്തിരുന്ന അള്ളുകൾ ചുണ്ടക്കുഴി പടിഞ്ഞാറുഭാഗത്ത് ഉള്ളത് ഇപ്പോഴും കാണാൻ കഴിയും, ഈ സ്ഥലം കടുവള്ളച്ചാൽ എന്നാണ് അറിയപ്പെടുന്നത്.

തേക്ക്, ആഞ്ഞിലി, മരുത്, വെൺതേക്ക്, കടുംകൊഴ, കാഞ്ഞിരം, തമ്പകം, ചീനി, അരയാൽ, പേരാൽ, അത്തി, ഇത്തി മുതലായ വനങ്ങളിൽ വളരുന്നവയും അല്ലാത്തവയും സുലഭമായി ഉണ്ടായിരുന്ന പ്രദേശമാണ് നമ്മുടേത്.

1890–ാം മാണ്ടോടെ കന്നുകാലികളെ മേയ്ക്കാനും കൃഷിയിറക്കാനും വേണ്ടി തെക്കൻ പ്രദേശങ്ങളിൽ നിന്നും ജനങ്ങൾ കുടിയേറി പാർത്തുതുടങ്ങിയതോടെ വനങ്ങൾ നശിക്കുവാൻ ഇടയായി തീരുകയും, തൽഫലമായി കാട്ടുമൃഗങ്ങളും കാട്ടുപക്ഷികളും നാമാവശേഷമാകുകയോ, സ്ഥലം വിട്ട് പോകുകയോ ചെയ്തതായും കണാൻ കഴിയും.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ വന പ്രദേശം ഇല്ല എന്നു തന്നെ പറയാം. പക്ഷെ വന പ്രദേശം അല്ല എങ്കിലും തെങ്ങും, റബ്ബറും, അടക്കാമരവും, ജാതിയും, കൊക്കൊയും വാഴയും, മറ്റും

ധാരാളം വളർന്ന് നില്ക്കുന്നതിനാൽ വിഹഗ വീക്ഷണത്തിൽ ഒരു നിബഡ വനത്തിന്റെ പ്രതീതിയാണ്.

ഈറ്റയും അമയും, ഇപ്പോഴും ചൂരമുടിമലയിൽ വ്യാപകമായി കണ്ടുവരുന്നു ചന്ദനമരങ്ങളും അവിടവിടെയായി കാണുന്ന ചൂരൻ വള്ളികളും, ഇവിടെ വനപ്രദേശം ഉണ്ടായിരുന്നു എന്നതിന്റെ വിലപ്പെട്ട തെളിവുകളാണ്.

ഇല്ലിയുടെ വിവിധ ഇനങ്ങളായ ശീമഇല്ലി, കല്ലൻമുള, പൊള്ളയായ ഇല്ലി മുതലായവയും ധാരാളം വളർന്നിരുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്.

കൊടപ്പന, കാളിപ്പന, പുല്ലാന്തി വള്ളികളും കാട്ടിഞ്ച, നാടൻഇഞ്ച മുതലായവയും ധാരാളം ഉണ്ടായിരുന്നു,

നമ്മുടെ പ്രദേശത്തു നിന്നും, സമീപപ്രദേശത്തുനിന്നും വന വിഭവങ്ങളും ശേഖരിച്ച് ഉപജീവനം നടത്തിയിരുന്നു. ചൂരലും ഈറ്റയും ശേഖരിച്ച് കുട്ട, വട്ടി, മുറം മുതലായവ ഉണ്ടാക്കിയിരുന്നതായും വനവിഭവങ്ങളായ തേൻ, കാട്ടുകിഴങ്ങ്, മുള്ളൻ കിഴങ്ങ് എന്നിവ ഭക്ഷണത്തിനായി ശേഖരിച്ചിരുന്നതായും ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. കാട്ടുമൃഗങ്ങളുടെ ഇറച്ചിയും വ്യാപകമായി ഉപയോഗിച്ചിരുന്നു.

വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഫലമായി 1980 മുതൽ സാമൂഹ്യ വനവൽക്കരണ പദ്ധതിക്ക് തുടക്കം കുറിക്കുകയും പഞ്ചായത്തിലെ റോഡുകളുടെ വശങ്ങളിൽ ഭാഗികമായി മരം വെച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വനംനശീകരണംകൊണ്ടുള്ള പ്രശ്നങ്ങൾ

1 മണ്ണൊലിപ്പ് വ്യാപകമായി തീരുകയും അതിന്റെ ഫലമായി ഫലഭൂയിഷ്ഠത മണ്ണിൽ നിന്നും നഷ്ടപ്പെടുകയും ചെയ്യുന്നു.

2 മണ്ണൊലിപ്പുമൂലം, പാടശേഖരങ്ങളിൽ വെള്ളക്കെട്ടു ഉണ്ടാകുന്നു

3 പ്രകൃതിദത്തമായ വനത്തിന്റെ അഭാവത്താൽ വരൾച്ച രൂക്ഷമായി അനുഭവപ്പെടുന്നു.

പ്രശ്ന പരിഹാരങ്ങൾ

1 പ്ലാവ്, മാവ്, തേക്ക് മുതലായ വൃക്ഷങ്ങൾ റോഡിന്റെ വശങ്ങളിലും തരിശ്, പുറമ്പോക്ക് എന്നീ സ്ഥലങ്ങളിലും വെച്ചുപിടിപ്പിക്കേണ്ടതാണ്

2 ഇലക്ട്രിക് ലൈനിന്റെ കീഴിൽ മരം വെച്ചുപിടിപ്പിക്കാതിരിക്കുക

3 വൃക്ഷ നശീകരണംകൊണ്ട് ഉണ്ടാകുന്ന ദോഷഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ ബോധനൽക്കരണം നടത്തുക.

4 ഓരോ വീട്ടിലും ഒരു വർഷം 10 മരം എങ്കിലും വെച്ചുപിടിപ്പിക്കാൻ സൗജന്യമായി നല്ലയിനം മരത്തൈകൾ വിതരണം ചെയ്യുക

പാർപ്പിടം

തലചായ്ക്കാനൊരിടം എന്നത് ഏവരുടേയും സ്വപ്നമാണ്. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന ഒന്നാണിത്. പക്ഷിമൃഗാദികളെപ്പോലെ തന്നെ ആദിമ മനുഷ്യനും പാറഇടുക്കുകളിലും ഗുഹകളിലും ചോലകളിലും വസിച്ചിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. പ്രകൃതിക്ഷോഭങ്ങളിൽ നിന്നും വന്യമൃഗങ്ങളിൽനിന്നും രക്ഷനേടുന്നതിനുവേണ്ടി സുരക്ഷിതമായി പാർപ്പിടം നിർമ്മിക്കുക എന്ന ബാധ്യത മനുഷ്യനു സ്വയം ഏറ്റെടുക്കേണ്ടി വന്നു. മരച്ചില്ലകൊണ്ടും മണ്ണുകുഴച്ചും, പാർപ്പിടം നിർമ്മിക്കുക എന്ന ദൗത്യത്തിലെത്തി. അതുപോലെ തന്നെ മരക്കൊമ്പുകളിൽ ഏറുമാടങ്ങളും തീർത്ത് അതിൽ ജീവിച്ചിരുന്നതായും കണക്കാക്കുന്നു.

ആധുനികയുഗത്തിലേക്ക് പ്രയാണം നടത്തിയ മനുഷ്യനു ബൗദ്ധിക വികാസം സംഭവിച്ചപ്പോൾ പാർപ്പിടനിർമ്മാണം അവനവന്റെ സാമ്പത്തിക കഴിവിനനുസൃതമായി മാറുകയും ചെയ്തു. തച്ചുശാസ്ത്രത്തിന്റെ പിൻബലത്തോടെ, മനോഹരമായ കൊത്തുപണികളോടെയും കാലാവസ്ഥയ്ക്കനുസരിച്ച് ജീവിയ്ക്കത്തക്കരീതിയിലുമുള്ള വീടുകളും നിലവിൽ വന്നു കൂട്ടുകുടുംബ വ്യവസ്ഥയായതിനാൽ സൗകര്യാർത്ഥം നാലുകെട്ടും എട്ടുകെട്ടും അതിനോടനുബന്ധിച്ചു പടിവാതിൽക്കൽ പടിപ്പുരയും നിർമ്മിക്കാൻ തുടങ്ങി ഇരുനിലമാളികകളും സർവ്വസാധാരണമായി.

സിമൻറിന്റെ ആവിർഭാവത്തോടെ പാർപ്പിടനിർമ്മാണം മറ്റൊരു വഴിത്തിരിവിലേക്ക് മാറി എന്നു വേണം പറയാൻ. എക്കാലത്തും സുരക്ഷിതമായി നിൽക്കുന്ന കോൺക്രീറുകെട്ടിടങ്ങളും

കൂണുപോലെ പല പ്രദേശങ്ങളിലും ഉയർന്നു വന്നു. പാർപ്പിട നിർമ്മാണത്തെ പ്രധാനമായും അതിമനോഹരം, സാധാരണം, ലളിതം എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. രണ്ടും മൂന്നും നിലകളുള്ളതും മാർബിൾ വിരിച്ചതുമായ ലക്ഷങ്ങൾ ചെലവഴിച്ച മനോഹര ഹർമ്മ്യങ്ങളും, മറ്റുള്ള ഇടത്തരം കോൺക്രീറ്റു കെട്ടിടങ്ങളും, സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്നവരുടെ ചെറുവീടുകളും നമുക്ക് കാണാൻ കഴിയും. ഇങ്ങനെയൊക്കെയാണെങ്കിലും ദാരിദ്രജനവിഭാഗങ്ങളിൽ പാർപ്പിടം ഒരു സ്വപ്നമായിത്തന്നെ അവശേഷിക്കുന്നു

ഈ പഞ്ചായത്തിൽ പൊതുവെ ഫലഭൂയിഷ്ഠമായ പ്രദേശങ്ങളിലും സമതല പ്രദേശങ്ങളിലും താമസിക്കുന്നത് താരതമ്യേന ഉയർന്ന സാമ്പത്തീക നിലവാരമുള്ള കുടുബങ്ങളാണ്. കുന്നിൻപ്രദേശങ്ങളിലും ചെരിവുപ്രദേശങ്ങളിലും സാമ്പത്തികശേഷി കുറഞ്ഞവരും തൊഴിലാളി വർഗ്ഗവിഭാഗവും പരിമിതമായ ജീവിതസൗകര്യങ്ങളോടുകൂടി കഴിഞ്ഞുകൂടുന്നു, ഇവിടെ ചുരുക്കം വലിയ കോൺക്രീറ്റുകെട്ടിടങ്ങളും കൂടുതലായി ഓടുമേഞ്ഞ വീടുകളും കുറെയേറെ ഓലമേഞ്ഞ കുടിലുകളും കാണാം. ഈ പഞ്ചായത്തിലെ ജനസാന്ദ്രതയുള്ള പ്രദേശമാണ് തുരുത്തി. ദുർബല വിഭാഗത്തിൽപ്പെട്ട കുറെ കുടുംബങ്ങൾ ലക്ഷം വീടുകോളനികളിൽ കഴിഞ്ഞുകൂടുന്നു. ദുർബലവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ലക്ഷംവീടുകോളനികൾ വലിയ ഒരനുഗ്രഹമാണെങ്കിലും ഒരു കെട്ടിടത്തിൽ രണ്ടു കുടുംബങ്ങൾ താമസിക്കുകയെന്നതും പരിമിതമായ ജീവിതസൗകര്യവും വളരെ ശ്രദ്ധിക്കേണ്ടതാണ്. മുടക്കുഴ പഞ്ചായത്തിലെ മിക്ക പട്ടികജാതി–പട്ടിക വർഗങ്ങളിൽപ്പെട്ട കുടുംബങ്ങൾ താഴപ്പറയുന്ന കോളനികളിൽ കഴിഞ്ഞുവരുന്നു.

1 അംബേദ്കർ കോളനി
2 എളമ്പകപ്പിള്ളി സെറ്റിൽമെൻറ് കോളനി
3 ചുണ്ടക്കുഴി ഹരിജൻ കോളനി
4 കല്ലുമല ഹരിജൻ സെറ്റിൽമെൻറ് കോളനി
5 കണ്ണഞ്ചേരിമുകൾ കോളനി
6 അകനാട് കോളനി
7 ചൂരമുടി ഹരിജൻ കോളനി
8 കൊക്കാമറ്റം കോളനി (IHDP കോളനി)
9 വള്ളോൻമുകൾ കോളനി
10 മീനാറ സെറ്റിൽമെൻറ് കോളനി
11 പള്ളിയേലിപ്പടി കോളനി
12 മുണ്ടംപിള്ളി കോളനി
13 തറക്കാട് കോളനി
14 പെരങ്ങാട് ഹരിജൻ കോളനി
15 പണ്ടാരംകുടി കോളനി
16 സർപ്പക്കാട് കോളനി
17 കക്കാട്ടുമാലി സെറ്റിൽമെൻറ് കോളനി
18 പുളിയാംപിള്ളി കോളനി
19 കരുപ്പൻകുന്നേൽ കോളനി
20 തുരുത്തിമാലി സെറ്റിൽമെൻറ് കോളനി
21 പഞ്ചായത്ത് നാലുസെൻറ് കോളനി

ഈ കോളനികളിൽ ആകെ 774 കുടുംബം താമസിക്കുന്നു. ഇതിൽ 548 കുടുംബങ്ങൾ SC വിഭാഗത്തിൽപ്പെടുന്നു. മൊത്തം ഈ കുടുംബങ്ങളിൽ 3347 അംഗങ്ങളുണ്ട്. ഇതിൽ 2389 പേർ SC വിഭാഗത്തിൽപ്പെടുന്നു.

പഞ്ചായത്തിൽ വീടുകൾ പൊതുവെ കോൺക്രീറ്റ് കെട്ടിടങ്ങളാക്കി മാറ്റാനുള്ള പ്രവണത എല്ലാവരിലും കാണുന്നുണ്ട്. വലിയ കെട്ടിടങ്ങൾ ലക്ഷങ്ങൾ ചിലവഴിച്ച് പണിതിട്ടുള്ളതാണ്. ഈ നിർമ്മാണ പ്രവർത്തന രംഗത്ത് അനാവശ്യമായ പാഴ് ചിലവുകൾ വരുന്നു എന്നത് വളരെ ശ്രദ്ധേയമാണ്. കെട്ടിട നിർമ്മാണ രംഗത്ത് ആവശ്യമുള്ള അസംസ്കൃത സാധനങ്ങൾ പലതും മറ്റു പ്രദേശങ്ങളിൽ നിന്നും (പട്ടുകല്ലുൾപ്പടെ) കൊണ്ടുവരികയാണ് പതിവ്.

കെട്ടിട നിർമ്മാണ പ്രവർത്തനരംഗത്ത് ഈ പഞ്ചായത്തിൽ ധാരാളം തൊഴിലാളികളുണ്ടെങ്കിലും അവരുടെ സേവനം സുലഭമായി ലഭിക്കുന്നില്ല. കൂടിയ നിരക്കിലുള്ള കൂലിതേടി നഗര പ്രദേശങ്ങളിലേക്കും മറ്റു പ്രദേശങ്ങളിലേക്കും പോകുന്നതുകൊണ്ടാണിതിനു കാരണം. നിർമ്മാണ രംഗത്ത് പുരുഷനും സ്ത്രീക്കും തമ്മിൽ വേതനത്തിൻറെ കാര്യത്തിൽ വ്യത്യാസമുണ്ട് '90ലെ കണക്കനുസരിച്ച് പുരുഷന് 80 രൂപയും സ്ത്രീക്ക് 25 രൂപയുമായിരുന്ന സ്ഥാനത്ത് 96ൽ ശരാശരി പുരുഷന് 150 രൂപയും സ്ത്രീക്ക് 75 രൂപയുമാണ്.

ഗ്രാമീണ ഭവനനിർമ്മാണ പദ്ധതി

സ്വന്തമായി താമസ യോഗ്യമായ ഭവനം ഇല്ലാത്ത ദരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ''ഇന്ദിര ആവാസ് യോജന'' പദ്ധതി പ്രകാരവും, പട്ടിക ജാതി / വർഗ്ഗ വിഭാഗത്തിനുള്ള പദ്ധതി പ്രകാരവും ഗ്രാമീണ ജനങ്ങൾക്ക് ഗ്രാമ വികസന വകുപ്പിൽ നിന്നും വീടുകൾ നിർമ്മിച്ചു കൊടുക്കുന്നു.

ഇപ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് പ്രത്യേക രൂപ മാതൃകകൾ നിർബന്ധമല്ലെങ്കിലും തറ വിസ്തൃതി 20ന് അടുത്ത് ചതുരശ്രമീറ്റർ ആയിരിക്കണം. പുകയില്ലാത്ത അടുപ്പും, ഇരട്ടക്കുഴികക്കൂസും, വൈദ്യുതികരണവും വീടിന്റെ അവിഭാജ്യഘടകമായതിനാൽ ഇതിനുള്ള തുക കൂടി കർമ്മ പദ്ധതിയിൽ നിർബന്ധമായും ഉൾക്കൊള്ളിക്കണം.

വീടിന് 9000 രൂപയും പുകയില്ലാത്ത അടുപ്പ്, കക്കൂസ്, വയറിംഗ് ഇവകൾക്കുകൂടി 2250 രൂപയുമാണ്. ദുർഘടസ്ഥലങ്ങളിൽ വീടിനുള്ള തുക 10800/-രൂപ വരെയാകാം. ഭവന നിർമ്മാണ പദ്ധതിക്കായി കേരളം ഒട്ടാകെ ദുർഘടപ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂട്ടമായി ഭവന നിർമ്മാണം നടത്തുന്ന കേന്ദ്രങ്ങളിൽ പൊതു സൗകര്യങ്ങൾക്കായി വീടൊന്നിന് 2750/-രൂപ എന്ന തോതിൽ ചെലവാക്കാം. ഈ രീതിയിൽ ഒരു വീടിന് 15800/- രൂപ ധനസഹായം ചെയ്യുന്നു. എന്നാൽ 2-8-96 മുതൽ വീടൊന്നിന് 22000/-രൂപ വരെ ധനസഹായം ചെയ്യാവുന്നതാണ്.

വീട്, കക്കൂസ്, പുകയില്ലാത്ത അടുപ്പ്	19500
പൊതു സൗകര്യങ്ങൾ	2500
	22000

ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്തൃക്കളാകേണ്ടവർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി /വർഗ്ഗക്കാരും, ഇതര സമുദായത്തിൽപ്പെട്ടവരും സ്വന്തമായി 2 സെന്റ് ഭൂമി ഉള്ളവരും, വാസയോഗ്യമായ വീടില്ലാത്തവരും ആയിരിക്കണം. ഇതര സമുദായത്തിൽപ്പെട്ടവർക്കുള്ള വിഹിതം. ''ഇന്ദിര ആവാസ് യോജനയ്ക്കുള്ള മൊത്തം വിഹിതത്തിന്റെ 40%ത്തിൽ കവിയാൻ പാടില്ല. VIII-ാം പദ്ധതിക്കാലത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ള പട്ടികജാതി/വർഗ്ഗക്കാർക്കായി നീക്കിവച്ചിട്ടുള്ള തുകയുടെ ഒരു ഭാഗം ഭവന നിർമ്മാണത്തിന് ചെലവഴിച്ചിരുന്നു. ഇതര സമുദായത്തിൽപ്പെട്ടവർക്കുള്ള വിഹിതം ദാരിദ്ര്യരേഖക്ക് താഴെ കാണിക്കുന്നു. കിണർ പദ്ധതിയിൽ ഭവനങ്ങൾക്ക് നീക്കിവച്ചിട്ടുള്ളതിന്റെ 30% ത്തിൽ കവിയാൻ പാടില്ല.

തിരഞ്ഞെടുപ്പിന്റെ മുൻഗണനാക്രമം താഴെ കാണിക്കുന്നു.

1. വിമോചിതരായ അടിമ പണിക്കാർ
2. ക്രൂരതകൾക്കിരയായ കുടുംബങ്ങൾ
3. വിധവകളും, അവിവാഹിതകളും ഗൃഹനായികമാരായിട്ടുള്ള കുടുംബങ്ങൾ
4. വെള്ളപൊക്കം, അഗ്നിബാധ, ഭൂകമ്പം തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങൾ ബാധിച്ച കുടുംബങ്ങൾ.
5. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾ I.R.D.P. സർവ്വേലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരോ, പദ്ധതി പ്രകാരം ധനസഹായം കിട്ടിയവരോ ഗുണഭോക്താവ് പുരുഷനാണെങ്കിൽ ഗൃഹനായികയെകൂടി കക്ഷി ചേർക്കണം.

VIII-ാം പദ്ധതിക്കാലത്ത് മുടക്കുഴ പഞ്ചായത്തിൽ I. A. Y., I. A. Y. 22.5%, M. W. S. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പണിതു കൊടുത്തിട്ടുള്ള വീടുകളും ചെലവായ തുകയും.

വർഷം	വീടുകളുടെ എണ്ണം	ചെലവായ തുക
1992-93	6	67400
1993-94	10	109200
1994-95	14	317150
1995-96	20	291800
1996-97	—	തിരഞ്ഞെടുപ്പ് പൂർത്തിയായിട്ടില്ല.

കേന്ദ്രഗ്രാമ ശുചിത്വ പരിപാടി (C. R. S. P.)

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനു് കേന്ദ്ര സംസ്ഥാന സർക്കാരുകളും സംയുക്തമായി നടപ്പാക്കുന്ന പരിപാടിയാണിതു്.

ഗ്രാമങ്ങളിൽ ദാരിദ്ര്യരേഖയ്ക്കു് താഴെയുള്ള വർക്കു് കക്കൂസു് നിർമ്മിക്കുവാൻ ഈ പരിപാടി വഴി സഹായം ലഭിക്കും. ആകെയുള്ള ഫണ്ടിൽ 20 ശതമാനം പട്ടികജാതി/വർഗ്ഗക്കാർക്കു് മാറ്റി വയ്ക്കും. U. N. D. P. മാതൃകയിലുള്ളവയായിരിക്കും കക്കൂസുകളും. ഒരെണ്ണത്തിനു് 2500 രൂപ ചെലവു് വരും. ഇതിൽ 500 രൂപ ഗുണഭോക്തൃതാവിന്റെ വിഹിതമായിരിക്കും. 2000 രൂപയിൽ പകുതി കേന്ദ്ര സർക്കാരും പകുതി സംസ്ഥാന സർക്കാരും വഹിക്കും.

VIII-ാം പദ്ധതി കാലത്തു് മുടക്കുഴ പഞ്ചായത്തിൽ നിർമ്മിച്ചു കൊടുത്തിട്ടുള്ള കക്കൂസുകളും അവയ്ക്കു് ചെലവായ തുകയും താഴെ ചേർക്കുന്നു.

വർഷം	കക്കൂസുകളുടെ എണ്ണം	ചെലവായ തുക
1992-93	8	16000
93-94	15	30000
94-95	4	8000
95-96	4	8000

ദാരിദ്ര്യരേഖയ്ക്കു് താഴെയുള്ള കുടുംബങ്ങളും സ്വന്തമായി കക്കൂസു് ഇല്ലാത്തവരുമായ ഗുണഭോക്തൃതാക്കൾക്കായിരിക്കും കക്കൂസു് കൊടുക്കുന്നതു്.

കൂടാതെ M.P.L.A.D.S. പദ്ധതിയിൽ ഉൾപ്പെടുത്തി മുടക്കുഴ പഞ്ചായത്തിൽ 100 കക്കൂസുകളും നിർമ്മിച്ചു കൊടുത്തിട്ടുണ്ടു്. കക്കൂസു് ഒന്നിനു് 2000 രൂപ പ്രകാരമാണു് സഹായം ചെയ്തിട്ടുള്ളതു്.

പഞ്ചായത്തിലെ വീടുകളുടെ സ്ഥിതി വിവരക്കണക്ക്

വാർഡ്	ഓല (കൂടിൽ)	ഓട്	കോൺക്രീറ്റ്	ആകെ
I	3	436	86	525
II	3	408	115	526
III	7	328	127	462
IV	8	488	84	580
V	4	327	79	410
VI	13	413	127	563
VII	6	470	141	617
VIII	11	455	85	551
IX	15	293	75	383

ഗ്രാമസഭയിൽ നിന്നും വന്ന നിർദ്ദേശങ്ങൾ

1 ഭവന രഹിതർക്ക് വീട് വച്ചുകൊടുക്കാനുള്ള പദ്ധതി നടപ്പിലാക്കുക

2 ലക്ഷം വീടുകളുടേയും മറ്റു കോളനി വീടുകളുടേയും അറ്റകുറ്റപ്പണികളും നടത്തുക.

3 പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘം സ്ഥാപിക്കുക

4 ലക്ഷം വീടു കോളനികളും ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കുക.

5 അവശജനവിഭാഗത്തിന് പാർപ്പിട സൗകര്യം മെച്ചപ്പെടുത്തുകയും അതിനുവേണ്ടിയുള്ള വായ്പ സൗകര്യത്തിന് കാലതാമസം ഒഴിവാക്കുക.

6 ജില്ലാ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ ഊർജ്ജിതപ്പെടുത്തുക

7 ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിച്ച് അതു മുഖേന ഭവനനിർമ്മാണ സാധനസാമഗ്രികളും വിതരണം ചെയ്യുക

8 ഭവന നിർമ്മാണത്തിന് നിലവിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുക

പട്ടികജാതി–പട്ടികവർഗ ക്ഷേമം

കേരളത്തിലെ പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങളും ആകെ ജനസംഖ്യയിൽ യഥാക്രമം 10.9%വും 1.13%വും വരും. പഴയ ചാതുർവർണ്യ തിരിവുകളിൽ നാലുവർണ്ണങ്ങളിലും ഉൾപ്പെടുത്താതെ പുറത്തു നിറുത്തിയിരുന്ന പഞ്ചമന്മാർ എന്നറിയപ്പെട്ടിരുന്ന പുറംജാതിക്കാരായിരുന്നു ഇവർ. തൊള്ളായിരത്തി നാൽപ്പതുകൾക്കു മുൻപു വരെ പൊതുവഴികളിൽ കൂടി നടക്കുവാനോ പൊതുകിണറുകളിൽ തൊടുന്നതിനോ സർക്കാരാഫീസുകളിൽ പ്രവേശിക്കുന്നതിനോ അവകാശമുണ്ടായിരുന്നില്ല. ബ്രാഹ്മണരിൽ നിന്നും മറ്റുള്ളവരിൽ നിന്നും 'തീണ്ടാപ്പാട്' അകലെ മാത്രമേ നിൽക്കുവാൻ കഴിഞ്ഞിരുന്നുള്ളു. 64 അടി ദൂരെയാണ് തീണ്ടാപ്പാടായി കണക്കാക്കിയിരുന്നത്. ബ്രാഹ്മണരെ തീണ്ടുന്ന അധഃകൃതന് ചിത്രനധംവരെയുള്ള ശിക്ഷാനടപടികളും നടപ്പാക്കാൻ നിയമപരമായി തന്നെ മേലാളന്മാർക്ക് അധികാരമുണ്ടായിരുന്നു. സ്ത്രീകൾക്കു മാറു മറയ്ക്കുന്നതിനോ പുരുഷൻമാർക്ക് മേൽ മുണ്ടുടുക്കുന്നതിനോ അവകാശമുണ്ടായിരുന്നില്ല. പുതിയ വസ്ത്രങ്ങളും ചളിയോ കരിയോ പുരട്ടി "പഴമുണ്ട" ആക്കിയേ ധരിക്കുവാൻ പാടുണ്ടായിരുന്നുള്ളു. സ്ത്രീകൾ "കല്പ്പും മാലയും" ധരിച്ചിരുന്നു. മേലാളൻമാരുടെ ഭാഷാപദങ്ങളും

പ്രയോഗിക്കുന്നതിനോ കുഞ്ഞുങ്ങൾക്ക് തങ്ങൾ ക്കിഷ്ടപ്പെട്ട പേരുകൾ വിളിക്കുന്നതിനോ അവ കാശമുണ്ടായിരുന്നില്ല. കുടയോ മെതിയടിയോ ഉപയോഗിക്കുന്നത് നിയമവിരുദ്ധമായിരുന്നു. പട്ടികജാതിക്കാർ പൊതുവെ ജന്മിമാരുടെ സ്ഥാവര ജംഗമ വസ്തുക്കളുടെ ഗണത്തിൽപ്പെട്ടതായിരുന്നു. അവർക്ക് ഇവരെ വിൽക്കുന്നതിനോ പണയം നൽകുന്നതിനോ അധികാരമുണ്ടായിരുന്നു അടിയാളുടെ മൂത്ത പുത്രൻ അയാളുടെ ജന്മിയുടെ ധനത്തിൽപ്പെട്ടതായി കണക്കാക്കിയിരുന്നു. വേണമെങ്കിൽ കുട്ടിയുടെ മാതാവിന് നാലരരൂപ വില നൽകി കുട്ടിയെ തിരികെ വാങ്ങാം. ബാക്കി കുട്ടികൾ പിതാവിന്റെ ജൻമിക്കുവേണ്ടി പണിയെടുക്കുന്നു. ജൻമിമാരുടെ ജീവിതാവശ്യങ്ങൾക്കായി ഉഴവുകാളകളേക്കാൾ വിലകുറഞ്ഞ ധനമായി പട്ടികജാതിയിൽപ്പെട്ടവരെ കണക്കാക്കിയിരുന്ന കാലമായിരുന്നു അത്.

നിരവധി സമരങ്ങളിലൂടെയും സാമൂഹിക മുന്നേറ്റങ്ങളിലൂടെയും ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലങ്ങളിൽ കീഴ്ജാതിക്കാരിലും പ്രത്യേകിച്ച് പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങളുടെയിടയിലും മാറ്റങ്ങൾ കണ്ടുതുടങ്ങി. 1910–ൽ സ്ക്കൂൾ പ്രവേശനത്തിനുള്ള വിളംബരം വന്നെങ്കിലും മേൽ ജാതിക്കാർ അവരെ സ്ക്കൂളിൽ പഠിക്കുന്നതിന് അനുവദിച്ചിരുന്നില്ല. 1936–ലെ ക്ഷേത്ര പ്രവേശന വിളംബരത്തിനുശേഷം അവർണ്ണരും ക്ഷേത്രങ്ങളിൽ എതിർപ്പ് നേരിട്ടും അല്ലാതെയും പ്രവേശിച്ചുതുടങ്ങി. വിദ്യാഭ്യാസം ലഭിച്ചതോടെ ഇവരുടെയിടയിൽ കാര്യമായ മാറ്റങ്ങൾ കണ്ടു തുടങ്ങി

മുടക്കുഴ പഞ്ചായത്തിലെ 4287 കുടുംബങ്ങളിൽ 548 കുടുംബങ്ങൾ പട്ടിജാതിയിൽപ്പെട്ടവരുടേതാണ്. ഈ കുടുംബങ്ങളിലുള്ള ആകെ ജനസംഖ്യ 2389 എണ്ണം വരും. പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെട്ട ആരും തന്നെ ഈ പഞ്ചായത്തിൽ നിവസിക്കുന്നില്ല. പട്ടികജാതിയിൽപ്പെട്ട പുലയർ, പറയർ, വേലൻ തുടങ്ങിയ ജാതിയിപ്പെട്ടവരാണ് ഇവിടെയുള്ളത്. പൊതുവെ പാടശേഖരങ്ങളോടുചേർന്നും മലഞ്ചെരിവുകളിലും മലകളിലുമാണിവർ പാർത്തിരുന്നത്.

പട്ടികജാതികുടുംബങ്ങൾ	—	548
ജനസംഖ്യ	—	2389
ഗവ. ജോലിയുള്ളവർ	—	48

ദ്രാവിഡ സംസ്ക്കാരങ്ങളോട് ഇഴുകിച്ചേർന്ന സംസ്ക്കാരമാണ് ഇവർക്കുള്ളത്. കൂട്ടങ്ങളായി താമസിക്കുകയും സംഘ തലവന്റെ നിർദ്ദേശങ്ങൾക്ക് വലിയ പ്രാധാന്യം നൽകുകയും ചെയ്തിരുന്നു. മരിച്ചവരുടെ ആത്മാക്കളെ ആരാധിക്കുകയും അവരുടെ പ്രതിരൂപങ്ങൾ തങ്ങളുടെ കുടുംബ ആരാധനയിടങ്ങളായ 'പതി'കളിൽ പ്രതിഷ്ടിച്ച് പൂജിക്കുകയും ചെയ്തിരുന്നു ആണ്ടിലൊരിക്കൽ തുടികൊട്ടിപ്പാടി ആത്മാക്കളെ വിളിച്ചുവരുത്തി സാക്ഷ്യം പറയിക്കുന്ന പരിപാടി ഈ വിഭാഗങ്ങൾക്കിടയിൽ നടത്തിയിരുന്നു. പതികളിൽ നറുക്കിലയിലും അവിലും മലർപൊടിയും നേദിച്ച് മദ്യം തളിച്ച് പൂവൻ കോഴിയെ കുരുതി കഴിക്കുന്ന പൂജകൾ നടത്തിയിരുന്നു. മറ്റു വിഭാഗങ്ങളിലെന്നപോലെ ശൈശവ വിവാഹം വ്യാപകമായിരുന്നു. പെൺകുട്ടി ഋതുവാകുന്നതിനു മുൻപുതന്നെ വിവാഹം നടത്തണമെന്നു നിർബന്ധമായിരുന്നു. അക്കാലങ്ങളിൽ 'കെട്ടിയിടൽ' ചടങ്ങ് നിലനിന്നിരുന്നു. കൂലി കൊടുത്ത് താലികെട്ടിക്കുകയായിരുന്നു പതിവ് താലികെട്ടിയ ആൾ തന്നെ പിന്നീട് വിവാഹം ചെയ്ത് താമസിപ്പിച്ചുകൊള്ളണമെന്നില്ലായിരുന്നു. 'തെരണ്ടു കല്ല്യാണവും' പുലകുളിയടിയന്തിരവും സദ്യകളോടെ ആചരിച്ചിരുന്നു. നൂലു ജപിച്ചുകെട്ടൽ, തോലുകെട്ടൽ, ചാഴിവിലക്ക് ഉപ്പോതൽ തുടങ്ങിയ മന്ത്രവാദ പ്രധാനങ്ങളായ ആചാരവിധി പ്രയോഗങ്ങളും വ്യാപകമായിരുന്നു കുടകളി, തുടികൊട്ടും പാട്ടും, കോൽകളി, വടിതല്ലൽ, പരിചമുട്ട് കുടിയാട്ടം, തപ്പുകൊട്ട് തുടങ്ങിയവ ഇവരുടെ പരമ്പരാഗത കലകളാണ്. മകരമാസത്തിലെ 'പിത്തിടിൽ' ചടങ്ങുകളിൽ അങ്ങിങ്ങായി ഈ കലകളും രംഗത്തെത്താറുണ്ട്. വിവാഹ ചടങ്ങുകളിലും ഇത്തരം കലകളും സർവ്വസാധാരണമായിരുന്നു.

അടുത്തകാലങ്ങളിലായി പട്ടികജാതി വിഭാഗങ്ങളിൽ വളരെയധികം പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും ഇതര വിഭാഗങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ ഇവരുടെ ജീവിത നിലവാരം വേണ്ടത്രഉയർന്നിട്ടില്ല. വിദ്യാഭ്യാസത്തിലൂടെയേ അഭിവൃത്തി പ്രാപിക്കുവാൻ കഴിയുകയുള്ളു എന്നു മനസിലാക്കി തങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട് പഞ്ചായത്തു പ്രദേശത്ത് പട്ടികജാതിയിൽപ്പെട്ട ബിരുദവും സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയും നേടിയിട്ടുള്ളവർ ഉണ്ടെങ്കിലും ഡോക്ടർമാർ, എൻജിനിയർമാർ, മാസ്റ്റർ ബിരുദമുള്ളവർ തുലോ കുറവാണ്. പട്ടികജാതിയിപ്പെട്ട ഡോക്ടർമാർ ആരും തന്നെയില്ല. പുതിയ തലമുറയിൽപ്പെട്ട മിക്കവാറും ആളുകൾ S. S. L. C. വരെ

യെങ്കിലും പഠിച്ചിട്ടുള്ളവരാണ്. വളരെ കുറച്ചു പേർ മാത്രമാണ് പ്രീഡിഗ്രി പാസാകുന്നത്. ഇതിനുശേഷം കൂടുതൽ പേരും ടൈപ്പ്റൈറ്റിംഗ്, തയ്യൽ പരിശീലനം എന്നിവ പിലേക്കും സങ്കേതിക രംഗത്തേയ്ക്കും തിരിയുകയാണ് ചെയ്യുന്നത്.

പട്ടിക ജാതിയിൽപ്പെട്ട ആളുകൾ വിവിധ തരം തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. ഏറ്റവും കൂടുതൽപേർ പണിയെടുക്കുന്നത് ഇപ്പോഴും കാർഷിക രംഗത്ത് തന്നെയാണ്. നിലമൊഴുക്കൽ, ഞാറുപറിക്കൽ, നടീൽ, കളപറിക്കൽ, കൊയ്ത്ത്, തെങ്ങുകയറ്റം, റബർ ടാപ്പിംഗ് മുതലായവയാണ് പ്രധാന കാർഷിക തൊഴിലുകൾ. കരിങ്കൽ ക്വാറികളിലും ക്രഷറുകളിലും കെട്ടിട നിർമ്മാണ രംഗത്തും ആളുകൾ പണിയെടുക്കുന്നു. ചുമട്ടുതൊഴിലാളികളായും പണിയെടുക്കുന്നവരുണ്ട്. ചെറുപ്പക്കാർ കാർഷിക പണികളോട് വിരക്തി കാണിക്കുന്നുണ്ട്. മറ്റു മേഖലകളിലെ കൂലി വർദ്ധനവും കാർഷിക പണികളിലെ വർദ്ധിച്ച അധ്വാനഭാരവും ഇതിനുള്ള കാരണങ്ങളാകാം. അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും കമ്പനികളിലും സർക്കാർ സ്ഥാപനങ്ങളിലുമായി പഞ്ചായത്തിൽ ഏകദേശം 48 ആളുകളാണ് ജോലിക്കാരായിട്ടുള്ളത്.

മുടക്കുഴ പഞ്ചായത്ത് പ്രദേശത്ത് പട്ടിക ജാതി കുടുംബങ്ങൾ കോളനികളിലും ഒറ്റയൊറ്റയായും താമസിക്കുന്നു. പഞ്ചായത്തിൽ ആകെ 23 കോളനികളിലായി 548 കുടുംബങ്ങൾ താമസിക്കുന്നു. മുൻ കാലങ്ങളിൽ കുടിലുകളിലാണ് ഈ വിഭാഗം ആളുകൾ കൂടുതൽ താമസിച്ചിരുന്നത്. എന്നാൽ ഓലമേഞ്ഞ കുടിലുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട ആളുകൾ കോളനികളിലായി താമസിക്കുമ്പോൾ അവരുടെ വിദ്യാഭ്യാസ-സാംസ്കാരിക വളർച്ചയിൽ മുരടിപ്പ് അനുഭവപ്പെടുന്നുണ്ട്. വിവിധ സംസ്കാരങ്ങളുമായി ഇടപഴകി ജീവിത നിലവാരം ഉയർത്തുന്നതിന് പ്രത്യേക കോളനികളാക്കുന്നതിനെ നിരുൽസാഹപ്പെടുത്തേണ്ടതാണ്. നിലവിലുള്ള കോളനികളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം ഊർജിതമായി തുടരേണ്ടതുണ്ട്.

സാമ്പത്തികമായി ഉന്നതിയിലെത്തിയിട്ടില്ലെങ്കിലും സാമാന്യ വിദ്യാഭ്യാസം നേടിയതു മൂലവും കാലാകാലങ്ങളിൽ സാമൂഹിക പ്രശ്നങ്ങളിൽ ഇടപ്പെടുകയും ചെയ്യുന്നതിനാൽ ചുരുങ്ങിയതോതിലെങ്കിലും യുവാക്കൾ പൊതു പ്രവർത്തനരംഗത്ത് ജനാധിപത്യ പ്രവർത്തനങ്ങളിലും സജീവമാണ് എന്നാൽ മുഴുവൻ സാദ്ധ്യതകളും ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. ജാതി പരമായ ഉച്ചനീചത്വങ്ങളും മൺമറഞ്ഞു എന്നു പറയാം. പട്ടികജാതിയിൽപ്പെട്ടവരുടെ വിവാഹങ്ങളിലും മറ്റു ആഘോഷ പരിപാടികളിലും ഇതര വിഭാഗങ്ങൾ പങ്കെടുക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നുണ്ട്. ജാതിപറഞ്ഞ് ആക്ഷേപിക്കുന്ന പ്രവണതയും വളരെ കുറഞ്ഞിട്ടുണ്ട്.

പട്ടിക ജാതിയിൽപ്പെട്ടവർക്കായി നടത്തിയിരുന്ന ക്ഷേമ പ്രവർത്തനങ്ങൾ പൂർണ്ണമായും വിജയിച്ചിട്ടില്ലെങ്കിലും അടിസ്ഥാന പരമായ വളരെയേറെ മാറ്റങ്ങൾക്ക് നിദാനമായിട്ടുണ്ട് എന്ന് കാണാം. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളായ പാർപ്പിടം, കുടിവെള്ളം, റോഡ്, കക്കൂസ്, വൈദ്യുതി എന്നീ കാര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള സർക്കാർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇത് ഇനിയും ഊർജിതമാക്കേണ്ടതുണ്ട്. പഞ്ചായത്തുവഴി **JRY**, അൺടൈഡ് ഫണ്ടിന്റെ 22.5%ത്തിൽ കുറയാത്ത തുക പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ഉപയോഗിച്ച് വരുന്നു. **IRDP** വായ്പാ പദ്ധതി, **TRYSEM** പദ്ധതി **DWCRA** എന്നീ പദ്ധതികളിലും പട്ടികജാതി വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഒരു നിശ്ചിത ശതമാനം പട്ടികജാതി വിഭാഗങ്ങൾക്കായി പ്രത്യേക ഘടകപദ്ധതിക്കായി മാറ്റിവക്കപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപെട്ടവർക്കുമാത്രമായി പഞ്ചായത്തു തലത്തിൽ തുരുത്തിയിൽ 'മുടക്കുഴ പഞ്ചായത്ത് ഹരിജൻ ക്ഷേമ വിവിധോദ്ദേശ സഹകരണസംഘം' പ്രവർത്തിച്ചുവരുന്നു. എന്നാൽ ഇവിടെനിന്നും ആവശ്യാനുസരണം വായ്പ നൽകുന്നതിനുള്ള സൗകര്യമില്ല. പവർടില്ലർ, പ്രൻറിംഗ് പ്രസ്, ടെയ്ലറിംഗ്, ഷോപ്പ് എന്നിവ സംഘം നേരിട്ടു നടത്തിൽ പ്രവർത്തിച്ചുവരുന്നു. ഒരു എൻജിനിയറിംഗ് വർക്ക് ഷോപ്പും വുഡ്ഫർണിച്ചർ യൂണിറ്റും താമസിയാതെ ആരംഭിക്കുന്നതാണ്. പട്ടിക ജാതിക്കാർക്കായുള്ള തൃശൂരിലെ പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന ഈ വിഭാഗക്കാർക്ക് കൃഷി ഭൂമി വാങ്ങുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും വ്യവസായ സംരംഭത്തിനും വായ്പകൾ നൽകുന്നുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ അതിന്റെ ഗുണം കാര്യമായി ലഭിച്ചിട്ടില്ല

കാർഷിക മേഖലയിൽ ജോലിചെയ്യുന്ന പട്ടിക ജാതിയിൽപ്പെട്ട കർഷക തൊഴിലാളികൾക്ക് കാർഷിക ജോലികളിൽ ഏർപ്പെടുന്നതിന് പ്രോൽസാഹനം നൽകുന്നതിനും തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും മീമ്പാറയിൽ ഒരു ആഗ്രോ സർവ്വീസ് സെൻറർ പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമ സഭയിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ.

ഭവന രഹിതരായ പട്ടികജാതി-പട്ടിക വർഗക്കാർക്ക് സൗജന്യമായി വീടുകൾ നിർമ്മിച്ചു കൊടുക്കുക.

പട്ടിക ജാതിക്കാർക്ക് ആട്, കോഴി തുടങ്ങിയവ വിതരണം ചെയ്യുന്നതിനുള്ള സ്കീമുകൾ ഊർജ്ജിതപ്പെടുത്തുക.

ആധുനിക കക്കൂസുകൾ നിർമ്മിക്കാനുള്ള ധന സഹായം നൽകുക.

പട്ടികജാതിക്കാർക്ക് സമ്പൂർണ്ണ വൈദ്യുതീകരണത്തിനും, വാട്ടർ കണക്ഷൻ എടുക്കുന്നതിനും മുൻഗണന നൽകുക.

പട്ടികജാതിക്കാരുടെ കോളനികൾ വൈദ്യുതീകരിക്കുക.

കോളനികളിലേക്കുള്ള റോഡ്, ഇടവഴി എന്നിവ സഞ്ചാര യോഗ്യമാക്കുക.

ചെറുകിട വ്യവസായ പദ്ധതികൾ സർക്കാർ ചിലവിൽ ഏർപ്പെടുത്തുക.

TV സെൻറുകൾ ഇല്ലാത്ത കോളനികളിൽ പുതിയവ തുടങ്ങുക.

പാരമ്പര്യ തൊഴിൽ പ്രോൽസാഹിപ്പിക്കുക.

പാരമ്പര്യ കലകളെ പ്രോൽസാഹിപ്പിക്കുക.

പട്ടിക ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പുസ്തകം, ബുക്ക്, യൂണിഫോറം മുതലായവ സൗജന്യമായി വിതരണം ചെയ്യുക.

പഠിത്തത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടിക ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുക.

മാതാപിതാക്കളില്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളെ പഞ്ചായത്ത് ചിലവിൽ ദത്തെടുത്ത് പഠിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

കൃഷിയുപയുക്തമായ പുറംപോക്കു ഭൂമി 'പാട്ടം' വ്യവസ്ഥയിൽ നൽകി അവരെ കൃഷിക്ക് പ്രോത്സാഹിപ്പിക്കുക.

സ്റ്റൈപ്പൻറ്, ലഞ്ച്സംഗ്രാൻറ് കൂട്ടിക്കൊടുക്കാൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുക

ലക്ഷം വീട് കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

പട്ടികജാതി / പട്ടികവർഗത്തിൽപ്പെട്ട വിഭാഗത്തിൻറെ സംവരണം നിലവിൽ കൃത്യമായി നടപ്പാക്കുക.

കൃഷി ഭൂമി വിലയ്ക്കു വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ വ്യാപകമാക്കുക. അവയ്ക്കുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക

പട്ടികജാതി വിഭാഗങ്ങൾമാത്രം താമസിക്കുന്ന കോളനി നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തുക വ്യത്യസ്ത സംസ്ക്കാരങ്ങളോടിഴപഴകാൻ അവർക്ക് കൂടുതൽ അവസരങ്ങൾ നൽകുക.

പട്ടികജാതിക്കാർക്ക് എല്ലാ മേഖലകളിലും തൊഴിൽ, വിദ്യാഭ്യാസം, സംവരണം എന്നിവ കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പു വരുത്തുക.

പട്ടികജാതിക്കാരുടെ വ്യാജ സർട്ടിഫിക്കറുകൾ വാങ്ങി ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതു യഥാകാലം തടയുക.

വിദ്യാലയങ്ങളിലെ പട്ടികജാതി-വർഗവിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് പരിഹാരം കാണുക

പട്ടികജാതിക്കാരുടെ വീടുകൾ മെയിൻറൻസിനുള്ള ഗ്രാൻറ് അനുവദിക്കുക

പട്ടിക ജാതിക്കാരോടുള്ള അവഹേളനം നടയുന്നതിന് നടപടികൾ സ്വീകരിക്കുക

പൊതുപ്രവർത്തനരംഗത്തെ പട്ടിക ജാതിക്കാരെ ബോധപൂർവ്വം കൈപിടിച്ചുയർത്തുക

പട്ടികജാതി സഹകരണസംഘങ്ങൾക്ക് കൂടുതൽ ഗ്രാൻറനുവദിക്കാൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുക.

വിദ്യാഭ്യാസം

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ തന്നെ മുടക്കുഴ പഞ്ചായത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ തിളക്കമാർന്ന തുടക്കം കുറിച്ചിരുന്നു. ഒരു സർക്കാർ L. P. S. ആണ് ഇവിടെ ആദ്യമായി തുടങ്ങിയത്. വലിയ ഭൂ ഉടമകളോ സമ്പന്നരോ ഇല്ലാത്ത സാധാരണക്കാരായ ജനങ്ങളാണ് വസിക്കുന്ന ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ തല്പരരായ ചില പൊതുപ്രവർത്തകരുടെ സേവനങ്ങളാണ് അവിസ്മരണീയമാണ്.

പോയ കാലങ്ങളിൽ സാധാരണ ജനങ്ങൾക്ക് വിദ്യാഭ്യാസം അഗമ്യമായിരുന്നുവല്ലോ. ജാതിഭേദവും സാമ്പത്തിക ക്ലേശവും ആരംഭത്തെ പ്രശ്നങ്ങളായിരുന്നു. പഞ്ചായത്തു് ആഫീസിനടുത്തുള്ള മുടക്കുഴ U. P S. ആണ് ഈ പഞ്ചായത്തിലെ ആദ്യ സ്കൂൾ. പിന്നീട് വരുന്നതു് പുഴക്കാട് L P. S, അകനാട് L. P S, വാണിയപ്പിള്ളി L. P. S. എന്നിങ്ങനെ മൂന്ന് പ്രൈമറി വിദ്യാലയങ്ങളും സർക്കാർ വക തന്നെ മുടക്കുഴയിലുള്ള H. S. 1977ൽ തുടങ്ങുകയും 1989ൽ H. S S. ആയി ഉയർത്തുകയും ചെയ്തു സഹകാര്യമേഖലയിൽ ഒരു U. P. സ്കൂൾ മാത്രമെ ഇവിടെയുള്ളൂ. അതും വിദ്യാർത്ഥിക്ഷാമംമൂലം നിലച്ചുപോകുന്ന അവസ്ഥയിലാണ്. നല്ല സ്കൂളുകൾ നോക്കി കുട്ടികൾ പോകുന്നതും ജനന നിയന്ത്രണ പ്രവർത്തനങ്ങളുടെ വിജയവും ഇതിനു് കാരണങ്ങളാണു്.

ഈ പഞ്ചായത്തിൽ ഇപ്പോൾ 1404 വിദ്യാർത്ഥികൾ പഠനം നടത്തികൊണ്ടിരിക്കുന്നു. അതിൽ 699 ആൺ കുട്ടികളും 705 പെൺകുട്ടികളുമാണുള്ളതു്. ആകെയുള്ള ഒരു H. S.ലെ S. S. L. C. വിജയ ശതമാനം അഭിമാനിക്കത്തക്കതല്ല. ഒരു സർക്കാർ സ്കൂളിനേറ്റതായി എല്ലാ പരിമിതികളുമുള്ള ഒന്നാണിതു്. പ്രൈമറി തലത്തിൽ കലാകായിക രംഗത്തു് അഭിമാനിയ്ക്കാവുന്ന നേട്ടങ്ങൾ വിദ്യാർത്ഥികൾ കൈവരിച്ചിട്ടുണ്ടു്.

അനൗപചാരിക വിദ്യാഭ്യാസ രംഗത്തു് സ്തുത്യർഹമായ സേവനം നടത്തുന്ന കുറെ വായനശാലകളും ജനവിദ്യാ കേന്ദ്രങ്ങളും ഈ പഞ്ചായത്തിലുണ്ടു്. ഇവയുടെ പ്രവർത്തനങ്ങൾക്കു് കൂടുതൽ സഹായങ്ങളും അംഗീകാരവും നൽകേണ്ടതാണു്. ഗ്രാമങ്ങളിൽ കുറെ ആർട്ടസ് ക്ലബ്ബുകളും സ്പോർട്ടസ് ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ടു്. അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ യുവാക്കൾക്കു് പ്രത്യേകിച്ചു് പ്രോത്സാഹനങ്ങൾ നൽകേണ്ടതാണു്.

വിദ്യാലയങ്ങളിൽ വർഷം തോറും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ജനന നിരക്കിലുള്ള കുറവും ഇംഗ്ലീഷ് മീഡിയത്തോടുള്ള കമ്പവും ഇതിനു് കാരണമാകാം സർക്കാർ സ്കൂളുകളുടെ പരിമിതികൾ മറ്റൊരു കാരണമാണു്.

വിദ്യാഭ്യാസ സ്ഥാപനങ്ങളും വിവരങ്ങളും

	അദ്ധ്യാപകർ			വിദ്യാർത്ഥികൾ			പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾ			തോറ്റു പോയ്ക്കുന്നവർ			പഠനം നിറുത്തിയവർ		
സ്കൂളുകൾ	ആണു്	പെണ്ണു്	ആകെ	ആ.	പെ.	ആകെ	ആ	പെ.	ആകെ	ആ.	പെ.	ആകെ	ആ	പെ.	ആകെ
ഗവ: L. P. S. പുഴക്കാട്	3	1	4	67	64	131	4	7	11	4	3	7	–	–	–
ഗവ: L. P. S. വാണിയപ്പിള്ളി	1	3	4	35	32	67	17	19	26	2	2	4	1	–	1
ഗവ: L. P. S. അകനാട്	3	4	7	140	158	298	36	33	69	6	1	7	2	–	2
ഗവ: U. P. S. മുടക്കുഴ	0	8	8	112	100	212	28	19	47	9	4	13	–	–	–
പട്ടം U. P. S. തുരുത്തി	4	3	7	41	29	70	4	3	7	6	2	8	–	–	–
ഗവ: ഹയർ സെക്കണ്ടറി സ്കൂൾ അകനാട്	11	14	25	304	322	626	84	75	159	58	31	89	9	5	14
ആകെ	22	33	55	699	705	1404	173	156	319	85	43	128	12	5	17

സ്കൂളുകളുടെ ഉച്ചഭക്ഷണ പരിപാടിയുടെ വിജയത്തിനും സ്കൂൾ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും P. T. Aയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ അകനാട് H. S. S. S. S. L. C. വിജയ ശതമാനം സംസ്ഥാന ശരാശരിയോട് അടുത്തു നിൽക്കുന്നു. കായികതലത്തിലും ജില്ലാതലത്തിലും കലാ രംഗത്തു സംസ്ഥാന തലത്തിലും അംഗീകാരം കീട്ടിയിട്ടുണ്ട്. H. S. Sൽ സ്കൗട്ടും നാഷണൽ സർവ്വീസ് സ്കീമും നിലവിലുണ്ട്. ഈ പഞ്ചായത്തിലെ കുട്ടികളുടെ പ്രധാന കായിക വിനോദം ഫുട്ബോൾ കളിയാണു. ഈ സ്കൂളിൽ ഒരു നല്ല ഫുട്ബോൾ ഗ്രൗണ്ട് ഉണ്ട്. ഹൈസ്കൂളിൽ ലൈബ്രറി പ്രവർത്തിക്കുന്നുണ്ടെങ്കിലും കാര്യക്ഷമമല്ല. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഉച്ചഭക്ഷണ പരിപാടിയുണ്ട്.

അകനാട് ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഒരു ട്യൂഷൻ സെൻററും പ്രവർത്തിച്ചു വരുന്നു. ഈ പഞ്ചായത്തിൽ ആകെ 6 ബാലവാടികളുണ്ട്. ബാലവാടികളില്ലാത്ത വാർഡുകളിൽ ബാലവാടികൾ ആരംഭിക്കേണ്ടതും മുഴുവൻ ബാലവാടികളും അംഗൻവാടികളാക്കി ഉയർത്തേണ്ടതുമാണു.

ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

1) പുഴക്കാട് ഗവ: L.P.S. സെമിപെർമനൻറ് കെട്ടിടം പെർമനൻറ് ആക്കുക.

2) പുഴക്കാട് ഗവ: L. P. Sനോടനുബന്ധിച്ചു പ്രീപ്രൈമറി സ്കൂൾ ആരംഭിക്കുക.

3) തുരുത്തി ബാലവാടിയുടെ ചുറ്റുമതിൽ നിർമ്മിക്കുകയും പാത്രങ്ങൾ, കളിക്കോപ്പുകൾ എന്നിവ നൽകുകയും ചെയ്യുക.

4) പുഴക്കാട് L. P. S. ഗ്രൗണ്ടിനോടനുബന്ധിച്ചു ഒരു സ്റ്റേജ് നിർമ്മിക്കുക.

5) പുഴക്കാട് L.P.Sന്റെ ചുറ്റുമതിൽ ബലപ്പെടുത്തുക.

6) മുടക്കുഴ U. P. Sൽ ചുറ്റുമതിൽ, ഗെയിററ്, സ്റ്റേജ് എന്നിവ നിർമ്മിക്കുക.

7) മുടക്കുഴ U. P. Sനോട് അനുബന്ധിച്ചു പ്രീ പ്രൈമറി ആരംഭിക്കുക.

8) മുടക്കുഴ U. P. Sന്റെ ഓഫീസിനു സീലിംഗ് നടത്തുകയും സ്കൂളിൽ കക്കൂസ്, മൂത്രപ്പുര എന്നിവ നിർമ്മിക്കുകയും ചെയ്യുക.

9) വാണിയപ്പിള്ളി L. P. Sന്റെ ചുറ്റുമതിൽ കെട്ടുകയും കുടിവെള്ള പ്രശ്നം പരിഹരിക്കുകയും ചെയ്യുക.

10) വാണിയപ്പിള്ളി L. P. Sനോട് അനുബന്ധിച്ചു പ്രീ പ്രൈമറി അനുവദിക്കുക.

11) അകനാട് H. S. Sൽ പെൺകുട്ടികൾക്കു പുതിയ മൂത്രപ്പുര നിർമ്മിക്കുക.

12) അകനാട് H. S. Sന്റെ ചുറ്റുമതിൽ പൂർത്തികരിക്കുകയും വാട്ടർ കണക്ഷൻ കാര്യക്ഷമമാക്കുകയും ചെയ്യുക.

13) അകനാട് H. S. Sൽ +2 കോഴ്സിനു ആവശ്യമായ പുതിയ കെട്ടിടങ്ങൾ പണിയുക.

14) അകനാട് H. S. Sൽ ലൈബ്രറി വിപുലീകരിക്കുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.

15) അകനാട് ഗവ: L. P. Sനു ചുറ്റുമതിൽ, മൂത്രപ്പുര, സ്റ്റേജ്, എന്നിവ നിർമ്മിക്കുക.

16) അകനാട് ഗവ: L P. S. ഷെഡ് പെർമനൻറ് കെട്ടിടമാക്കുക.

17) മുടക്കുഴ ബാലവാടികെട്ടിടം പുതുക്കി പണിയുക.

18) ചുണ്ടക്കുഴി ബാലവാടിയിലേയ്ക്കു ഫർണീച്ചർ നിർമ്മിച്ചു നൽകുക.

19) അകനാട് ശിശുവിഹാർ എത്രയും വേഗം പ്രവർത്തനക്ഷമമാക്കുക.

20) ഇളമ്പകപ്പള്ളിയിൽ ഒരു ഗവ: L. P. സ്കൂൾ സ്ഥാപിക്കുക.

പൊതു നിർദ്ദേശങ്ങൾ

1) സ്കൂളുകളിൽ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും വൈദ്യ പരിശോധന നടത്തുക.

2) പഞ്ചായത്തിലെ 6 സ്കൂളുകളിലും ഓരോ T. V. സെറും, V. C. P.യും സ്ഥാപിക്കുക.

3) പഞ്ചായത്തു തലത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുക.

4) സിലബസ് കാലാനുസൃതമായി പരിഷ്കരിക്കുകയും, വിദ്യാർത്ഥികളുടെ പഠനഭാരം കുറയ്ക്കുകയും ചെയ്യുക.

5) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.

6) ജില്ലാ തലത്തിൽ ഒരു സ്പോർട്സ് സ്കൂൾ സ്ഥാപിക്കുക.

സാക്ഷരത പരിപാടി

ഇന്ത്യയിലെ സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ഏക സംസ്ഥാനമാണ് കേരളം എന്നു പറയുമ്പോൾ അറിയാതെയാണെങ്കിലും അഭിമാനബോധത്താൽ നമ്മുടെ ശിരസ്സ് ഉയർന്നു നില്ക്കുന്നു.

സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ സ്തുത്യർഹമായ സേവനം ചെറുതാണെങ്കിലും ഈ പഞ്ചായത്തിനു കാഴ്ച വയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്വന്തം പേരും, മേൽവിലാസവും എഴുതാൻ അറിയാത്തവരായി അനേകം പേർ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. പ്രത്യേകിച്ച് അധഃസ്ഥിത ജനവിഭാഗങ്ങൾ. അന്നുവരെ അപ്രാപ്യമായി അക്ഷരം പഠിയ്ക്കുക എന്ന ആശയം വന്നപ്പോൾ അനേകം പേർ അക്ഷരം പഠിയ്ക്കുവാനും, വായിയ്ക്കുവാനും മുന്നോട്ടു വന്നു. ഇവരെ എല്ലാവരേയും അക്ഷരം പഠിപ്പിയ്ക്കുക എന്ന ആ മഹത് പ്രവർത്തനം സ്വയം ഏറ്റെടുത്തു പ്രവർത്തിപഥത്തിലേക്കിറങ്ങിയ മഹാമനസ്ക്കരായ യുവതീയുവാക്കളെ നാം എത്ര അഭിനന്ദിച്ചാലും മതിയാവില്ല. അങ്ങനെ മുടക്കഴ പഞ്ചായത്തിന്റെ മുക്കിലും മൂലയിലും അക്ഷര ദീപം തെളിഞ്ഞു. എല്ലായിടങ്ങളിലും ഒരു പുത്തൻ ഉണർവ് ദൃശ്യമായി.

ഒന്നാം ഘട്ടത്തിൽ ഈ പഞ്ചായത്തിൽ സർവ്വേ പ്രകാരം 1528 നിരക്ഷരർ ഉണ്ടായിരുന്നു. ഇതിൽ 105 പേർ ക്ലാസ്സിൽ ഹാജരായില്ല. എന്നിരുന്നാലും ഒന്നാം ഘട്ടം വൻ വിജയമായിരുന്നു. രണ്ടാം ഘട്ടമായപ്പോഴേയ്ക്കും നിരക്ഷരരുടെ എണ്ണം 606 ആയി കുറയ്ക്കുവാൻ കഴിഞ്ഞു. ഇതിൽ 60 പേർ ക്ലാസ്സിൽ ചേർന്നിട്ടില്ല. രണ്ടാം ഘട്ടം മൂല്യ നിർണ്ണയ പരീക്ഷയിൽ 850 പേർ പങ്കെടുത്തതിൽ 666 പേർ വിജയിച്ചു.

രണ്ടാം ഘട്ടം സാക്ഷരതാ പ്രവർത്തനങ്ങൾ ഒന്നാം ഘട്ടത്തെ അപേക്ഷിച്ച് മന്ദീഭവിച്ചു പോയിട്ടുണ്ട്. 1-ാം ഘട്ടം ജില്ലാ കളക്ടർ മുതൽ താഴോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും കൂട്ടായി പ്രവർത്തിച്ചിട്ടുണ്ട്. തന്മൂലം ഈ രംഗത്തു വളരെയധികം ജനകീയ മുന്നേറ്റം ദർശിയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്. അർപ്പണ ബോധമുള്ള യുവതീ യുവാക്കളുടെ സ്തുത്യർഹമായ സേവനം ഒന്നാം ഘട്ടത്തെ പ്രവർത്തനം വിജയത്തിലെത്തിയ്ക്കുവാൻ വളരെയധികം സഹായിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തേപ്പോലെ രണ്ടാം ഘട്ടം അത്ര ചലനാത്മകമായിരുന്നില്ലെങ്കിലും പല കാര്യങ്ങളും സാക്ഷരതാ സമിതിയുടെ ആഭിമുഖ്യത്തിൽ നമുക്ക് നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ എല്ലാ വാർഡുകളിലും അക്ഷരസംഘങ്ങളും, തുക്കേപ്പാറയിൽ ആരാധനാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബിന്റെ ഭാഗമായി ജനവിദ്യാ കേന്ദ്രവും, തുരുത്തിയിൽ ഗ്രാമോദ്ധാരണ വായനശാലയോടനുബന്ധിച്ചും, ചുണ്ടക്കുഴിയിൽ സാംസ്ക്കാരിക നിലയത്തോടനുബന്ധിച്ചും ജനവിദ്യാ കേന്ദ്രങ്ങളും സ്ഥാപിയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഈ കേന്ദ്രങ്ങളാണ് ഇന്ന് ഈ പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തനങ്ങളുടെ മുഖ്യ ധാരകൾ

പഠിതാക്കളിൽ നിലവിലുള്ള സാമൂഹ്യ പ്രശ്നങ്ങളെ കുറിച്ച് ഏകദേശ രൂപം കൊടുക്കുവാനും, ഒരു സാമൂഹ്യ അവബോധം വളർത്തുവാനും, അവരിലെ കലാ കായിക വാസനകളെ പ്രോത്സാഹിപ്പിയ്ക്കുവാനും കഴിഞ്ഞു എന്നുള്ളതു പ്രധാനപ്പെട്ട സംഗതികളാണ്. നിരവധി പഠിതാക്കൾ തങ്ങളുടെ കലാവാസനകൾ സമൂഹത്തിന്റെ മുന്നിൽ പ്രദർശിപ്പിയ്ക്കുകയും, അനവധി സമ്മാനങ്ങൾ നേടുകയും, സമൂഹത്തിന്റെ പ്രശംസ പിടിച്ചു പറ്റുകയും ചെയ്തു.

ഒക്കൽ സ്കൂളിൽവച്ചു നടന്ന ജില്ലാ കലാമത്സരങ്ങളിൽ അന്നത്തെ കളക്ടർ ശ്രീ K. R. രാജൻ പങ്കെടുത്ത ചടങ്ങിൽ കലാപരിപാടികൾ പ്രദർശിപ്പിയ്ക്കുകയും അനേകം സമ്മാനങ്ങൾ നേടുവാനും ഈ പഞ്ചായത്തിലെ പഠിതാക്കൾക്കു കഴിഞ്ഞുവെന്നുള്ളതു അഭിമാനാർഹമാണ്.

പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ സാക്ഷരതാ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിനും, അതുപോലെ തന്നെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ സെമിനാറുകൾ, ബോധവൽക്കരണം എന്നിവ നടത്തുന്നതിൽ ഈ പഞ്ചായത്തു വളരെയധികം ശ്രദ്ധിച്ചിട്ടുണ്ട്.

ഇപ്പോൾ സാക്ഷരതാ പ്രവർത്തനം മൊത്തത്തിൽ ഭാഗികമായി മാത്രമേ നടക്കുന്നുള്ളൂ. പ്രവർത്തനത്തിനു വേണ്ടി സർക്കാർ മുടക്കുന്ന ഫണ്ട് ഫലപ്രദമല്ല

പരിഹാര മാർഗ്ഗങ്ങൾ, നിർദ്ദേശങ്ങൾ

1) മന്ദീഭവിച്ചു കിടക്കുന്ന സാക്ഷരതാ ക്ലാസ്സുകൾ പുനർജീവിപ്പിയ്ക്കുവാൻ നടപടികൾ സ്വീകരിയ്ക്കുക.

2) കൂടുതൽ പഠിതാക്കളെ ക്ലാസ്സുകളിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിയ്ക്കുക.

3) സാക്ഷരതാ പ്രവർത്തനങ്ങളിൽ ജനപ്രതിനിധികളുടേയും, സന്നദ്ധ സംഘടനാ പ്രവർത്തകരുടേയും സേവനം കൂടുതൽ ലഭ്യമാക്കേണ്ടതാണ്.

4) ജനവിദ്യാ കേന്ദ്രങ്ങളിൽ വൈദ്യുതി ലഭ്യമാക്കുകയും T. V., റേഡിയോ എന്നിവ വാങ്ങാനുള്ള നടപടി സ്വീകരിയ്ക്കുകയും ചെയ്യുക

5) പഠിതാക്കളിൽ ബോധവൽക്കരണവും ആരോഗ്യ പ്രവർത്തനങ്ങളും നടത്തുക.

6) സാക്ഷരതാ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സാമ്പത്തിക സഹായങ്ങൾ ചെയ്തു കൊടുക്കുക.

ആരോഗ്യം

അലോപ്പതി

നിലവിൽ മുടക്കഴയിൽ ഒരു ഗവ: ആശുപത്രി മാത്രമാണുള്ളതു്. പേരു് പ്രൈമറി ഹെൽത്തു് സെൻറർ എന്നാണെങ്കിലും ഒരു ഡിസ്പെൻസറി മാത്രമായിട്ടാണു് പ്രവർത്തിക്കുന്നതു്. ദിവസം 300-ൽ പരം രോഗികൾ പരിശോധനയ്ക്കായി വരുന്നുണ്ടെങ്കിലും ഇവിടെ ഒരു ഡോക്ടർ മാത്രമാണുള്ളതു്. സ്പെഷ്യലിസ്റ്റു് ഡോക്ടർമാരുടെ അഭാവം മൂലം രോഗികൾ അടുത്തുള്ള കുറ്റപ്പംപടി, പെരുമ്പാവൂർ എന്നീ സ്ഥലത്തേയ്ക്കു് പോകേണ്ട സ്ഥിതിയാണു് ഇപ്പോൾ ഉള്ളതു്. ഇപ്പോൾ രണ്ടു് ഹെൽത്തു് സെൻറുകൾ പ്രവർത്തിക്കുന്നുണ്ടു്. പഞ്ചായത്തിൽ സ്വകാര്യ അലോപ്പതി ആശുപത്രികൾ ഒന്നും പ്രവർത്തിക്കുന്നില്ല.

ആയുർവ്വേദം

മുടക്കഴ പഞ്ചായത്തിൽ പഞ്ചായത്താഫീസിനു സമീപം സർക്കാർ കെട്ടിടത്തിൽ ഒരു ആയുർവേദാശുപത്രി പ്രവർത്തിക്കുന്നുണ്ടു്. ഒരു ഡോക്ടറും ഫാർമസിസ്റ്റും, ശിപായിയും ഉൾപ്പെടെ മൂന്നുപേർ സേവനം അനുഷ്ഠിക്കുന്നു. ദിവസം 50-ൽ പരം രോഗികൾ ഇവിടെ ചികിത്സ തേടുന്നു.

ഹോമിയോ

തുരുത്തിയിൽ ഒരു ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്നു. ദിവസവും 70-ൽ പരം രോഗികൾ ചികിത്സയ്ക്കായി എത്തുന്നു. അത്യാവശ്യത്തിനു് ഉദ്യോഗസ്ഥർ ഇവിടെ സേവനം അനുഷ്ഠിക്കുന്നുണ്ടു്.

നിർദ്ദേശങ്ങൾ

1. തുരുത്തി ഹെൽത്തു സെൻററിൻെറ അറകുറ പണികൾ നടത്തുക.
2. സെൻററിൽ ആഴ്ചയിൽ അരദിവസം ഡോക്ടറുടെ സേവനം ലഭ്യമാക്കണം.
3. തുരുത്തി ഹോമിയോ ആശുപത്രിയ്ക്കു് ചുറ്റുമതിൽ കെട്ടുക.
4. മുടക്കഴ PHC-യിൽ 25 കിടക്കകളോടുകൂടിയ ഇൻപേഷ്യൻറ് വാർഡ് തുടങ്ങുക.
5. ഒരു ഗൈനക്കോളജിസ്റ്റിനെ നിർബന്ധമായും നിയമിക്കുക.
6. ലബോറട്ടറി, എക്സറേ സൗകര്യങ്ങൾ ഉണ്ടാക്കുക.
7. പ്രതിരോധ കുത്തിവയ്പിനുള്ള മരുന്നുകൾ ലഭ്യമാക്കുക.
8. എല്ലാ മരുന്നുകളും ആവശ്യത്തിനു് വിതരണം ചെയ്യുക.
9. എല്ലാ ജീവനക്കാരേയും നിയമിക്കുക.
10. എല്ലാ വാർഡിലും ഓരോ ഹെൽത്തു് സെൻറുകൾ സ്ഥാപിക്കുക. (ആകെ 6)
11. പഞ്ചായത്തടിസ്ഥാനത്തിൽ സൗജന്യ മെഡിക്കൽ പരിശോധന ക്യാമ്പുകൾ നടത്തുക.

പരിസര ശുചീകരണം

1) പാണ്ടിക്കാടു് പ്രദേശത്തുള്ള ഇറച്ചിക്കടകൾ റോഡിൽ നിന്നും 50 മീറ്റർ മാറ്റി സ്ഥാപിക്കുക.

2) തുരുത്തി, മുടക്കഴ എന്നിവിടങ്ങളിൽ ചപ്പുചവറുകൾ കുന്നുകൂടി പരിസര മലിനീകരണം സംഭവിക്കുന്നതായി അറിയുന്നു. ഇതു് ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.

കുടിവെള്ളം:

മുടക്കഴ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ നമ്മുടെ പഞ്ചായത്ത് തികച്ചും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. മുഖ്യമായും മഴയെ ആശ്രയിച്ചാണ് ഈ പ്രദേശത്തെ കിണറുകളിലെ കുടിവെള്ള ലഭ്യത നിലനിൽക്കുന്നത്. പ്രകൃതിയുടെ വരദാനമാണ് നീരുറവകൾ. നിർഭാഗ്യമെന്നു പറയാം നമ്മുടെ പഞ്ചായത്തിൽ നീരുറവകളില്ല എന്നതാണ് സത്യം. പെട്ടമല, അതിനോട് തോളുരുമ്മി നില്ക്കുന്ന കല്ലുമല, കണ്ണഞ്ചേരിമുകൾ, മീമ്പാറ, ചൂരമുടി, ചുണ്ടക്കഴി, അകനാട് എന്നീ പ്രദേശങ്ങളാണ് ഏറ്റവും ഉയർന്ന ഭാഗങ്ങൾ. ഈ പ്രദേശങ്ങളെല്ലാം സമുദ്രനിരപ്പിൽ നിന്നും ഏകദേശം 110 മുതൽ 800 അടി വരെ ഉയർന്ന നില്ക്കുന്നു. വിരിച്ച പാറയും താഴേയ്ക്കുള്ള നീർവാഴ്ചയും ഈ പ്രദേശത്തിന്റെ പ്രത്യേകതയായതിനാൽ, ഈ പ്രദേശങ്ങളിൽ കിണർ കുഴിച്ചാൽ വെള്ളം ലഭിയ്ക്കാത്ത അവസ്ഥയാണ് — കുഴൽക്കിണറിനു പോലും സാധ്യതയില്ല പഞ്ചായത്തിലെ താഴ്ന്ന പ്രദേശമാണ് ഇളമ്പകപ്പള്ളി. ഈ പ്രദേശത്തേയും മറ്റു താഴ്ന്ന പ്രദേശങ്ങളിലേയും ജല ലഭ്യതയും തൃപ്തികരമല്ല.

പൊതുശുദ്ധജലവിതരണരംഗത്തെക്കുറിച്ചു പറയുമ്പോഴും തൃപ്തികരമല്ലാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. 1986 ൽ കമ്മീഷൻ ചെയ്ത ശുദ്ധജലവിതരണ പദ്ധതി കൊണ്ട് പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളിലും ശുദ്ധജലവിതരണം നടത്താൻ കഴിഞ്ഞില്ല എന്നതും വലിയ പോരായ്മയായി കണക്കാക്കാം. പെട്ടമലയിൽ 1,00,000 ലിറ്റർ ജലം കൊള്ളുന്നതും കണ്ണഞ്ചേരിമുകളിൽ 10,000 ലിറ്റർ ജലം കൊള്ളുന്നതുമായ രണ്ട് ടാങ്കുകളാണ് നിർമ്മിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ വടക്കു ഭാഗത്തു് -പ്രളയിക്കാട്-കോടനാട് റോഡിന്റെ പടിഞ്ഞാറു ഭാഗത്തു് മുടക്കഴ തോടിന്റെ സമീപത്തു സ്ഥിതിചെയ്യുന്ന പമ്പുഹൗസിൽ നിന്നുമാണ് മേൽ വിവരിച്ച രണ്ട് ടാങ്കുകളിലേയ്ക്കു് വെള്ളം പമ്പുചെയ്യുന്നത്. പ്ലാനിങ്ങിലുള്ള അപാകത മൂലം കണ്ണഞ്ചേരിമുകളിലുള്ള ടാങ്കിലേയ്ക്ക് ജലം അടിച്ചുകയറ്റുക എന്ന പ്രക്രിയ നിർത്തിയ അവസ്ഥയാണിപ്പോൾ. ഈ ടാങ്ക് ഒരു സ്മാരകസ്തൂപം പോലെ ഇന്നും ഉയർന്ന നില്ക്കുന്നു. പമ്പിരിക്കുന്ന സ്ഥലത്തെ അപേക്ഷിച്ച് പെട്ടമല വളരെ ഉയർന്ന പ്രദേശമാകയാൽ ഇവിടെയിരിക്കുന്ന ടാങ്കിലേയ്ക്ക് വെള്ളം അടിച്ചുകയറ്റാൻ നിലവിലുള്ള മോട്ടോറിനു് ശക്തിയില്ല. ഇപ്പോൾ ഏകദേശം 50,000 ലിറ്റർ മാത്രമേ ഈ ടാങ്കിലെത്തുന്നുള്ളൂ. അതുകൊണ്ടുതന്നെ ഇവിടെയുള്ള ജനങ്ങൾക്ക് പ്രാഥമികാവശ്യത്തിനു പോലും ജലം തികയാത്ത അവസ്ഥയാണ് ഇന്നുള്ളതു്. ടാങ്കിനു ചുറ്റുമുള്ള പ്രദേശത്തെ (ടാങ്കിരിക്കുന്നതു് പാറയുടെ മുകളിലാണ്) പാറകൾ പൊട്ടിക്കുന്നു എന്നതു കൊണ്ട് ഇതു് ഈ ടാങ്കിന്റെ നിലനില്പിനു് വലിയ ഭീഷണിയായി മാറിയിരിക്കുന്നു. ഏറ്റവും താഴ്ന്ന പ്രദേശമായ ഇളമ്പകപ്പള്ളിയിലേയ്ക്ക് കുവപ്പടി പഞ്ചായത്തിലെ (കയ്യത്തിയാൽ, ചേരാനല്ലൂർ) വാട്ടർ ടാങ്കുകളിൽ നിന്നുമാണ് ശുദ്ധജലവിതരണം നടത്തുന്നതു്. ചുണ്ടക്കഴിയുടെ വടക്കുഭാഗം, അകനാട് എന്നീ പ്രദേശങ്ങളിൽ കുവപ്പടി പഞ്ചായത്തിലെ മയൂരപുരം ടാങ്കിൽ നിന്നും ജലവിതരണം നടത്തുന്നു. വേങ്ങൂർ, മുടക്കഴ, കുവപ്പടി ഈ മൂന്നു പഞ്ചായത്തിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി ചൂരമുടിയിൽ ലോകബാങ്കിന്റെ ധനസഹായത്തോടെ കേരള സർക്കാർ ഒരു ബൃഹത്തായ ശുദ്ധജല വിതരണ പദ്ധതിക്കു് തുടക്കമിട്ടുകയുണ്ടായി. എന്നാൽ, ജനങ്ങളെയാകെ നിരാശയിലാഴ്ത്തിക്കൊണ്ട് (കോൺട്രാക്ടറുടെ അലംഭാവം നിമിത്തം) ഈ സ്കീമിന്റെ പണി ഏതാണ്ട് നിലച്ച മട്ടിലാണ്. ഈ സ്കീമിന്റെ പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചാൽ മുഴുവൻ ഭാഗങ്ങളിലും കുടിവെള്ളം എത്തുമെന്ന പ്രതീക്ഷയുണ്ട്. പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി ലോറികളിൽ കുടിവെള്ള വിതരണം നടത്തുക എന്ന ശ്രമകരമായ പ്രവർത്തനവും സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ട് എങ്കിലും അത്യാവശ്യഘട്ടങ്ങളിൽ ഇവ ലഭിക്കാറില്ല. ഇതിനു വേണ്ടി ജനങ്ങളും ക്ഷോഭങ്ങളും വരെ സംഘടിപ്പിച്ചിട്ടുണ്ട്. പൊതുകിണറുകൾ നിലവിലുണ്ടെങ്കിലും പല കിണറുകളും ഉപയോഗശൂന്യമാണ്. പെട്ടമലയിൽ നിന്നും പടിഞ്ഞാറു ഭാഗത്തേക്കു പോകുന്ന പൈപ്പുലൈൻ, പാറകളിൽ നിന്നും പോകുന്ന ലോറി ഗതാഗതം നിമിത്തം നാശം സംഭവിക്കുന്ന സ്ഥിതി നിലവിലുണ്ട്. നമ്മുടെ പഞ്ചായത്തിൽ പതിനാലു പൊതുകിണറുകളുണ്ടെങ്കിലും അതിൽ ഏകദേശം ആറോളം കിണറുകൾ ഉപയോഗശൂന്യമാണ്. കുഴൽകിണറുകളിലെ ജലം ഉപയോഗിക്കത്തക്ക രീതിയിലല്ല. പ്രകൃതിയിൽ വന്ന മാറ്റം കൊണ്ട് മഴ വേണ്ടത്ര ലഭിക്കാത്ത നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള പൊതുകിണറുകൾ നന്നാക്കിയും കുഴൽകിണറുകളിലെ ജലം ശുദ്ധീകരിച്ചും സമയാസമയങ്ങളിൽ ലോറികളിൽ കുടിവെള്ളമെത്തിച്ചുമുള്ള ത്വരിതപ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമേ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ.

പഞ്ചായത്തിലെ ജലസ്രോതസുകളും മറ്റു വിവരങ്ങളും

പൊതു കിണറുകൾ	14 എണ്ണം
കുഴൽ കിണറുകൾ	6 എണ്ണം
സ്വകാര്യ വ്യക്തികളുടെ കിണറുകൾ	60% കുടുംബങ്ങൾക്ക്
പഞ്ചായത്തിൽ ഇട്ടിരിക്കുന്ന പൈപ്പുകളുടെ നീളം	13 K. M.
ടാപ്പുകളുടെ എണ്ണം	82 എണ്ണം
ഹൗസ് കണക്ഷൻ	60 എണ്ണം
ജലവിതരണം നടത്തുന്ന മണിക്കൂർ	8 മണിക്കൂർ

വാർഡുകളിൽ നിന്നുമുള്ള പരിഹാര നിർദ്ദേശങ്ങൾ.

1. ചൂരമുടി വാട്ടർ സപ്ലൈ സ്കീം സത്വരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുക.
2. കാഞ്ഞിരക്കോട്ട്, കൊക്കാമറ്റം. ചുണ്ടക്കഴി എന്നീ കോളനികളിലും മറ്റു കോളനികളിലും ശുദ്ധജലവിതരണം ഏർപ്പെടുത്തുക.
3. അകനാട്ട് പള്ളിക്കടി ഭാഗത്തേക്ക് കുടിവെള്ള മെത്തിക്കുക.
4. എട്ടാം വാർഡിലെ പഞ്ചായത്ത് കിണറിന്റെ പടിഞ്ഞാറു ഭാഗത്തേക്ക് തറക്കാട്ട കോളനിയിലേക്ക് ശുദ്ധജലമെത്തിക്കുക.
5. മുത്തച്ചാലിലേക്ക് ശുദ്ധജലമെത്തിക്കുക.
6. ചുണ്ടക്കഴി അകനാട്ട് റോഡിൽ ചൂരമുടി പദ്ധതിയുടെ പൈപ്പുലൈൻ ഇടാത്ത ഭാഗത്തു 30മീറ്റർകൂടി യോജിപ്പിക്കുക.
7. അകനാട്ട്-കടവെള്ളവച്ചാൽ ഭാഗത്തേക്ക് അകനാട്ട് റേഷൻ ഭാഗത്തുനിന്നും തെക്കോട്ടുള്ള റോഡിൽ അരകിലോമീറ്റർകൂടി നീട്ടുക.
8. ചൂരമുടി പദ്ധതി കമ്മീഷൻ ചെയ്യുന്നതുവരെ ചേരാനല്ലൂർ പദ്ധതിവഴി എത്തിക്കുക.
9. വരൾച്ച സമയത്തു ലോറികളിൽ കുടിവെള്ള മെത്തിക്കുന്ന നടപടി കൃത്യമായി തുടരുക.
10. മുടക്കഴ തോട്ടിൽ പമ്പുഹൗസ് സ്ഥാപിച്ച് കണിച്ചപറമ്പ് ഹരിജൻ കോളനിയിലേക്ക് ശുദ്ധജല വിതരണം നടത്തുക.
11. ഹരിജനങ്ങൾക്ക് സൗജന്യ വാട്ടർ കണക്ഷൻ നൽകുക.
12. വാട്ടർ ടാങ്കിന്റെയും, പൈപ്പുലൈനിന്റെയും ടാപ്പുകളുടേയും അറകുറപണികൾ യഥാസമയം നന്നാക്കുക.
13. നിലവിലുള്ള വെള്ളമില്ലാത്ത കിണറുകൾ താഴ്ത്തി വെള്ളം ലഭിക്കത്തക്ക നടപടി സ്വീകരിക്കുക.
14. നിലവിൽ കുടിവെള്ളം ലഭ്യമല്ലാത്ത ഭാഗങ്ങളിൽ പൈപ്പുലൈൻ നീട്ടി പുതിയ കണക്ഷൻ നൽകുക.

സാമൂഹ്യ ക്ഷേമം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ദരിദ്ര ജനവിഭാഗങ്ങളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. V. E. O.മാർ ശേഖരിച്ച I. R. D. P. സർവ്വെ പ്രകാരം ഈ പഞ്ചായത്തിൽ മൂന്നിൽ ഒന്ന് കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയാണ്. ആകെ 4287 കുടുംബങ്ങളിൽ 1259 കുടുംബങ്ങൾ I.R.D P. ലിസ്റ്റിൽ ഉണ്ട്. ഇതിൽ 211 കുടുംബങ്ങൾ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്. നാളിതുവരെ 142 പട്ടികജാതിക്കാർ ഉൾപ്പെടെ 260 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ ഇന്ന് നടപ്പാക്കുന്നത് ബ്ലോക്ക് തലത്തിലാണ്. അനുവദിക്കുന്ന സാമ്പത്തിക സഹായം വേണ്ട രീതിയിൽ വിനിയോഗിക്കുന്ന കാര്യത്തിൽ ഉപഭോക്താവ് ഉത്തരവാദിത്വം പുലർത്തേണ്ടതുണ്ട്. D. W. C. R. A. പദ്ധതിപ്രകാരമുള്ള സ്കീമുകൾ I, IV, IX വാർഡുകളിലായി 30 അംഗങ്ങൾ മാത്രമാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളത്. ടൈസം പദ്ധതിപ്രകാരം വർഷം തോറും പത്തു പേർക്ക് പരിശീലനം നൽകുന്നുണ്ടെങ്കിലും പരിശീലനം ലഭിച്ച മേഖലയിൽ ജോലി ചെയ്യുന്നവർ വിരളമാണ്. ഇത് പരിശോധിക്കുമ്പോൾ പദ്ധതി പരാജയമാണെന്നു കാണാവുന്നതാണ്.

വിധവാ പെൻഷൻ, വാർദ്ധക്യ പെൻഷൻ തുടങ്ങിയ ഇനങ്ങൾ ഇനി മുതൽ ഗ്രാമ പഞ്ചായത്തുകൾ വഴിയാണ് വിതരണം ചെയ്യുന്നത്. നമ്മുടെ കുടുംബ സർവ്വെ പൂർത്തിയാകുന്നതിലൂടെ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാവുകയുള്ളൂ. നിലവിൽ 11550 രൂപ ലഭിക്കുകയും 9452 രൂപ വിവിധ ഇനങ്ങളിൽ വിതരണം നടത്തിയിട്ടുണ്ട്. വാർദ്ധക്യകാല പെൻഷനുള്ള 47 അപേക്ഷയിൽ 18 പേർക്ക് തുക അനുവദിച്ചിട്ടുണ്ട്. 42 പേർക്ക് വിധവാ പെൻഷൻ അനുവദിച്ചതിൽ ലഭിച്ചത് 4 പേർക്ക് മാത്രമാണ് 2 പേർക്ക് അഗതി പെൻഷനും ലഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ ഏകീകൃത രൂപത്തിലല്ല ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നത്. അതിനാൽ ഇക്കാര്യത്തിൽ ശരിയായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക പ്രയാസമാണ്. ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ വിവിധ ഏജൻസികളെ ചേർത്തു പഞ്ചായത്തു അംഗീകാരത്തോടെ പദ്ധതികൾ ആവിഷ്കരിക്കുക, ഓരോ പഞ്ചായത്തിന്റേയും പരിധിയിൽ വരുന്ന ക്ഷേമപദ്ധതികൾ ഗ്രാമ പഞ്ചായത്തുവഴി ഗുണഭോക്താവിൽ എത്തി

ക്കുക, പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ചും പദ്ധതികൾ സംബന്ധിച്ച് ശരിയായ അവബോധം സൃഷ്ടിച്ചും ഗ്രാമ പഞ്ചായത്തുകൾ വഴി ജനകീയ പദ്ധതി ആവിഷ്കരിച്ചും മാത്രമേ നിലവിലുള്ള പോരായ്മകൾ പരിഹരിക്കാൻ കഴിയൂ.

ഗ്രാമസഭയിൽവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

1. ഓരോ വാർഡിലും ഓരോ അംഗൻവാടി സ്ഥാപിക്കുക.
2. വിധവകളുടെ മക്കൾക്ക് അനുവദിച്ചിട്ടുള്ള വിവാഹ ധനസഹായം വർദ്ധിപ്പിക്കുക.
3. വിവിധ പെൻഷനു് അർഹതയുള്ളവർക്ക് നിബന്ധനകൾ ലഘൂകരിച്ചുകൊണ്ട് കൂടുതൽപേർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
4. ദുർബല വിഭാഗങ്ങളിൽപ്പെട്ട വാർദ്ധക്യ സഹജമായ രോഗങ്ങൾകൊണ്ട് അവശതയനുഭവിക്കുന്നവർക്ക് ധനസഹായം ലഭ്യമാക്കുക.
5. അമ്മമാർക്ക് ആരോഗ്യ പരിപാലനത്തിനും, ശിശു സംരക്ഷണത്തിനും ആവശ്യമായ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക
6. അംഗൻവാടികൾക്ക് എല്ലാവിധ ഭൗതീക സാഹചര്യങ്ങളും, സൗകര്യങ്ങളും ഒരുക്കുക.
7. 8-ാംവാർഡിലെ മാതൃശിശു സംരക്ഷണകേന്ദ്രം ചുറ്റുമതിൽകെട്ടി സംരക്ഷിക്കുക.
8. റേഷൻ കടകൾവഴി എല്ലാവിധ നിത്യോപയോഗ സാധനങ്ങളും കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുക.
9. പഞ്ചായത്തിൽ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പൊതുമരാർക്കറ്റും, ആഴ്ചചന്തകളും സ്ഥാപിക്കുക.
10. എല്ലാ വാർഡുകളിലും വാർത്താബോർഡുകൾ സ്ഥാപിച്ച് ജനങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ സമയാസമയങ്ങളിൽ എഴുതി പ്രദർശിപ്പിക്കുക.
11. ഇളമ്പകപ്പിള്ളി പോസ്റ്റാഫീസ് IX-ാംവാർഡിൽ തന്നെ സ്ഥാപിക്കുക.
12. ഇളമ്പകപ്പിള്ളി റേഷൻകട വാർഡിന്റെ മദ്ധ്യസ്ഥാനത്തേക്ക് മാറ്റി സ്ഥാപിക്കുക.
13. പഞ്ചായത്ത് ഓഫീസിനു സമീപം പോസ്റ്റാഫീസ് സ്ഥാപിക്കുക.
14. ദാരിദ്ര്യ രേഖക്ക് താഴെയുള്ള മുഴുവൻ ആളുകൾക്കും അർഹതയുള്ള പെൻഷൻ അനുവദിക്കണം. (ഇപ്പോഴത്തെ വരുമാനപരിധി 5000 രൂപയാണ്.)

വികലാംഗ ക്ഷേമം

ഈ പഞ്ചായത്തിൽ 52 സ്ത്രീകളും, 88 പുരുഷന്മാരും ഉൾപ്പെടെ 140 വികലാംഗരുണ്ട്. ഇതിൽ 17 പേർ 15 വയസ്സിൽ താഴെ പ്രായമുള്ളവരും 66 പേർ 15നും 30നും ഇടയ്ക്ക് പ്രായമുള്ളവരും 39 പേർ 30നും 60നും ഇടയ്ക്ക് പ്രായമുള്ളവരും 18 പേർ 60നു മുകളിൽ പ്രായമുള്ളവരുമാണ്. വിവിധങ്ങളായ അംഗവൈകല്യമുള്ള ഇവരിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നവർ വളരെ തുച്ഛമാണ്. വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്നവർക്ക് അർഹതയുള്ള തൊഴിലിൽ മുൻഗണന നൽകേണ്ടതാണ്. അല്ലാത്തുള്ള മുഴുവൻ ആളുകൾക്കും അനുയോജ്യമായ തൊഴിൽ നൽകുകയും യാത്രാസൗജന്യം ഏർപ്പെടുത്തുകയും പെൻഷൻ അനുവദിക്കുകയും ചെയ്ത് വികലാംഗരായ ആളുകളെ സാമ്പത്തികമായും സാമൂഹ്യമായും ഉന്നതിയിലേക്കെത്തിക്കേണ്ടതാണ്.

പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ബധിര-മൂക വിദ്യാലയം ആരംഭിക്കുക, സർക്കാർ മുടക്കുമുതലിൽ വികലാംഗരെ ലക്ഷ്യമാക്കി തൊഴിൽ കേന്ദ്രങ്ങൾ തുടങ്ങുക, ചലന വൈകല്യങ്ങൾ ഉള്ളവർക്ക് സൗജന്യമായി വീൽചെയർ മുതലായവ വാങ്ങിക്കൊടുക്കുക, വാക്കിംഗ് സ്റ്റിക്ക്, കണ്ണട മുതലായവ സൗജന്യമായി വിതരണം ചെയ്യുക തുടങ്ങിയവ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

വിഭവ സമാഹരണം

മുടക്കഴ ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതിയുടെ കൃത്യമായ കണക്കെടുപ്പ് പരിച്ചുകൊണ്ടുമാത്രമെ വിഭവ സമാഹരണത്തെപ്പറ്റി ചിന്തിക്കുവാൻ കഴിയുകയുള്ളു. ആദ്യമായി വരവും ചിലവും കണക്കെടുപ്പുതന്നെ പരിശോധിക്കാം.

വരവ്

നമ്പർ	ഇനം	രൂപ
1.	കെട്ടിട നികുതി	1,42,191
2.	തൊഴിൽ നികുതി	79,440
3.	ലൈസൻസ് ഫീസ്	4583
4.	വസ്തു കൈമാറ്റ നികുതി (75%)	64,915
5.	വസ്തു കൈമാറ്റ നികുതി (25%)	75,000
6.	മറ്റു വരവുകൾ	57,841-34
7.	ഡിപ്പോസിറ്റ്	13,100
8.	മറ്റു ഗവണ്മെന്റ് ഗ്രാന്റുകൾ	9,53,928
	ആകെ	13,90998-34

ചെലവ്

നമ്പർ	ഇനം	രൂപ
1.	ഭരണം	2,63514
2.	പൊതു മരാമത്തു്	3,59620
3.	വിദ്യാഭ്യാസം	11,177
4.	ജലവിതരണം, ഓടകൾ, ജനപാതുജനാരോഗ്യം	812
5.	തെരുവ് വിളക്കുകൾ കത്തിക്കുന്നതു്	36779
6.	മറ്റുള്ളവ	145665-15
	ആകെ	8,17,567-15

പൊതു സാമ്പത്തിക നില

	പൊതുകണക്കു്	മൂലധനകണക്കു്	കടം സംബന്ധിച്ച കണക്കു്
1	2	3	4
വരവു്	3277500	140000	60000
ചെലവു്	3274950	140000	60000

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന വരവു ചെലവു കണക്കുകൾ പരിശോധിച്ചാൽ പഞ്ചായത്തിന്റെ വരുമാനാടിസ്ഥാനത്തിൽ ഇടത്തരം വിഭാഗത്തിലും താഴെയാണെന്നു് കാണാം. കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ കൊണ്ടു മാത്രമാണു് കഴിഞ്ഞ വർഷങ്ങളിലായി പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിപ്പോന്നിട്ടുള്ളതു്. അതുകൊണ്ടു് പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും ജനപങ്കാളിത്തത്തോടെയുള്ള വിഭവ സമാഹരണത്തിന്റെ ആവശ്യകത നാം ചിന്തിക്കേണ്ടതുണ്ടു്. വികസന പ്രവർത്തനം കൂടുതൽ വിഭാവനം ചെയ്യുമ്പോൾ വിഭവ സമാഹരണത്തിനു് നമുക്കു് എന്തു ചെയ്യുവാൻ കഴിയും എന്നതിനെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു.

1995-96 ൽ സർക്കാരിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റുകൾ അൺടൈഡ് ഫണ്ടു്, JRY ഫണ്ടു് എന്നിവകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1	VRM	50796-00 രൂപ
2	MI	9840-00 ,,
3	VTC	437667-00 ,,
4	അടിസ്ഥാന നികുതി (25%)	75000-00 ,,
5	അടിസ്ഥാന നികുതി (75%)	64915-00 ,,
6	JRY	346715-00 ,,
7	അൺടൈഡ് ഫണ്ടു്	319750-00 ,,
	ആകെ	1304683-00 ,,

പഞ്ചായത്ത്‌രാജ് നിയമപ്രകാരം മററു വകുപ്പുകളിൽനിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

വകുപ്പ്	തുക		
	പദ്ധതി വിഹിതം	പദ്ധതിയേതരവിഹിതം	ആകെ
മൃഗസംരക്ഷണം	—	100	100
ആരോഗ്യം	—	79600	79600
കൃഷി	—	267800	267800
ആകെ	—	347500	347500

മുകളിൽ ഉദ്ധരിച്ച കണക്കുപ്രകാരം ചെലവിനങ്ങളിൽ ഏറ്റവും പ്രധാനമായി വരുന്നത് എസ്റ്റാബ്ലിഷ്മെൻറ് ചെലവാണ്. പഞ്ചായത്തുകൾക്ക് ജോലിഭാരം കൂടുമ്പോൾ കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടിവരുന്നതും ഇതിന് കൂടുതൽ തുക കണ്ടെത്തേണ്ടതായും വരുന്നു. ഇതിനൊരു പരിഹാരമാർഗ്ഗം ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സർക്കാരിൽ നിന്നു നേരിട്ട് നൽകുക എന്നതാണ്.

വിഭവസമാഹരണം എന്നാൽ മനുഷ്യപ്രയത്നം, വിദഗ്ദ്ധ പങ്കാളിത്തം, സാമ്പത്തികം, എന്നിങ്ങനെ നാലായി തിരിക്കാവുന്നതാണ്.

വിഭവ സമാഹരണത്തിനു് ഗ്രാമ സഭകളിൽ നിന്നും ലഭിച്ച ശുപാർശകൾ

1 സർക്കാർ വകസ്ഥലങ്ങളിൽ മരംവച്ചു പിടിപ്പിച്ച് അതിൽ നിന്നും കിട്ടുന്ന ആദായം പഞ്ചായത്തിനു് വിനിയോഗിക്കാൻ അധികാരം നൽകുക.

2 നിലവിലുള്ള P W D പുറമ്പോക്കുകളിൽ നിൽക്കുന്ന മരങ്ങളും വെട്ടി ആദായമെടുക്കുന്നതിനും, പുതിയവ വച്ചുപിടിപ്പിക്കുന്നതിനും പഞ്ചായത്തിനു് അധികാരം നൽകുക

3 തേക്ക്, ഈട്ടി മുതലായ 40''നു് മേൽ വണ്ണമുള്ള മരങ്ങളും വെട്ടി മാറ്റുന്നതിനുള്ള അനുവാദം പഞ്ചായത്തു്നൽകുകയും ഉദ്ദേശവില്പന വിലയുടെ 1% പഞ്ചായത്തിൽ ഫീസായി നൽകുകയും ചെയ്യുക.

4 ഭൂനികുതി പരിഷ്കരിക്കുക.

5 കെട്ടിട നികുതി കൃത്യമായി പിരിക്കാൻ നടപടി എടുക്കുക.

6 ഒരേക്കറിനു മേൽ വിസ്തീർണ്ണമുള്ള റബ്ബർ തോട്ടങ്ങളിൽ വിളവെടുപ്പുള്ള വർഷങ്ങളിൽ ഓരോ വർഷവും മരമൊന്നിനു് 25 പൈസ നിരക്കിൽ നികുതി വസൂലാക്കുക.

7 തൊഴിൽ നികുതി കൃത്യമായി പിരിക്കുക.

8 വില്പന നികുതി സമ്പ്രദായം കാര്യക്ഷമമാക്കുകയും ഇതിൽ നിന്നുള്ള വരുമാനത്തിൻെറ ഒരു വിഹിതം പഞ്ചായത്തിനു് കൊടുക്കുകയും ചെയ്യുക.

9 പാറ മടകൾക്കു് ലൈസൻസ് കൊടുക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം പഞ്ചായത്തിനു നല്കുകയും പാറ പൊട്ടിക്കുന്നതിൻെറ വ്യാപ്തി അനുസരിച്ച് ഉള്ള ഫീസ് പഞ്ചായത്തു് പിരിക്കുകയും ചെയ്യുക.

10 പാറമടയിൽ നിന്നും കയറി പോകുന്ന പാറ ലോഡ് ഒന്നുക്കു് നിശ്ചിത നിരക്കു് നിശ്ചയിച്ചു് പിരിക്കുക.

11 ക്രഷറിൻെറ വലിപ്പം അനുസരിച്ചു് ലൈസൻസ് ഫീസ് വർഷത്തിൽ 5000 രൂപ വരെയാക്കി ഉയർത്തുക.

12 മദ്യഷാപ്പുകൾക്കു് ഉയർന്ന നികുതി ഏർപ്പെടുത്തുക.

13 പഞ്ചായത്തിൻെറ പരിധിയിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുമ്പോൾ മുനിസിപ്പാലിറ്റി മാതൃകയിൽ ടാക്സ് ഈടാക്കാവുന്നതാണ്.

14 പുതിയ കെട്ടിടം പണിയുമ്പോൾ മുനിസിപ്പൽ മാതൃകയിൽ കെട്ടിട നികുതി ഈടാക്കാവുന്നതാണ്. (നിർമ്മാണ നികുതി)

15 ഈ പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥ പരി

ഗണിച്ച് സർക്കാരിൽനിന്നും കൂടുതൽ ഫണ്ട് ആവശ്യപ്പെടുക.

16 എല്ലാ മതവിഭാഗങ്ങളുടേയും വിവാഹം മതാചാര പ്രകാരം നടക്കുമ്പോഴും വിവാഹാനന്തരം വിവാഹ വിവരം പഞ്ചായത്തു് രജിസ്റ്ററിൽ നിർബന്ധമായും ചേർക്കേണ്ടതും ആയതിന്റെ ഒരു ഫീസ് ഈടാക്കുകയും ചെയ്യുക.

17 പഞ്ചായത്തു് അതിർത്തിയിൽ വച്ച് നടത്തുന്ന വിവാഹ സദ്യകൾക്കു് ഫീസ് ഈടാക്കുക.

18 സ്കൂളുകളിൽ ഉച്ചഭക്ഷണം നടത്തുന്നതു് വ്യക്തികളെക്കൊണ്ടു് സ്പോൺസർ ചെയ്യിക്കുക.

19 പുതിയ റോഡുകൾ ഉണ്ടാക്കുക, തോടുകൾ വീതികൂട്ടി കെട്ടുക, ക്രോസ്ബാറുകൾ കെട്ടുക മുതലായ വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഗുണഭോക്തൃവിഹിതം നിശ്ചിത നിരക്കിൽ സംഭാവന പിരിക്കാവുന്നതാണു്.

20 പഞ്ചായത്തു കുളങ്ങളിൽ മത്സ്യം വളർത്തി അതു് ലേലം ചെയ്തു് വരുമാനം ഉണ്ടാക്കാവുന്നതാണു്.

21 പഞ്ചായത്തു വിറകുകൾക്കു് ചുറ്റും വൃക്ഷവിളകൾ കൃഷിചെയ്തു് പഞ്ചായത്തിനു് സ്ഥിരവരുമാനം ഉണ്ടാക്കുക.

22 ആഡിറേറാറിയങ്ങൾ മുതലായവ വാടകയ്ക്കു് കൊടുത്തു് വരുമാനം ഉണ്ടാക്കുക.

23 സ്വകാര്യചിട്ടിക്കാർ, സ്വർണ്ണപ്പണ്ടം പണയം വച്ചു് പണം കൊടുക്കുന്ന ബാങ്കുകാർ എന്നിവരിൽ നിന്നും ചെറിയതോതിലെങ്കിലും ഫീസ് ഈടാക്കുക.

24 ദേശീയ സമ്പാദ്യ പദ്ധതിയിൽ പരമാവധി അംഗങ്ങളെ ചേർത്തു് കിട്ടുന്ന വരുമാനം പഞ്ചായത്തിൽ ഉപയോഗിക്കുക.

25 പഞ്ചായത്തിൽ പൊതുസ്ഥലത്തു് പാർക്കു് ചെയ്യുന്ന വാഹനങ്ങൾക്കു് എല്ലാം ഫീസ് ഈടാക്കുക.

26 കുടിവെള്ളത്തിനു് വീടുകളിൽ കണക്ഷൻ എടുക്കുന്ന വീട്ടുകാരിൽ നിന്നും ചെറിയ ഫീസ് ഈടാക്കാവുന്നതാണു്.

27 സ്വന്തമായി വാഹനം (ലോറി, ടെമ്പോ, കാർ, മോട്ടോർസൈക്കിൾ, സ്കൂട്ടർ, ഓട്ടോറിക്ഷ) ഉള്ള ഉടമസ്ഥന്മാരിൽ നിന്നും വർഷം തോറും നിശ്ചിത ഫീസ് പഞ്ചായത്തിനു് ഈടാക്കാവുന്നതും ഈ തുക റോഡുകൾ നന്നാക്കുന്നതിനു് ഉപയോഗിക്കാവുന്നതുമാണു്.

മനുഷ്യപ്രയത്നം
വിദഗ്ദ്ധ പങ്കാളിത്തം

പഞ്ചായത്തിലുള്ള മഹിളാസമാജപ്രവർത്തകർ, തൊഴിലില്ലായ്മ വേതനം സ്വീകരിക്കുന്നവർ, മറ്റുസാമൂഹ്യസന്നദ്ധസംഘടനകൾ, എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടു് ജനപങ്കാളിത്തത്തോടുകൂടി വികസന പ്രവർത്തനം നടത്തേണ്ടതും തന്മൂലം ചെലവിന്റെ 20% ലാഭിക്കാവുന്നതുമാണു്. കനാൽ മെയിന്റനൻസ് പുതിയ റോഡ് നിർമ്മിക്കൽ തുടങ്ങിയ വികസന പ്രവർത്തനങ്ങൾ സന്നദ്ധസംഘടനകളെ ഏൽപ്പിക്കാവുന്നതാണു്. എല്ലാ മേഖലകളിലും, ഈ പഞ്ചായത്തിൽ താമസിച്ചു് പുറത്തു് ജോലി ചെയ്യുന്നവരും, പെൻഷൻ പറ്റി ഇവിടെ താമസിക്കുന്നവരുമായ വിദഗ്ദ്ധന്മാരുടെ സേവനം പഞ്ചായത്തിനു് ഗുണകരമായി പ്രയോജനപ്പെടുത്തേണ്ടതാണു്.

I സഹകരണ രംഗം

ലോകം മുഴുവൻ നിറഞ്ഞു നിൽക്കുന്ന മഹത്തായ ഒരു ജനകീയപ്രസ്ഥാനമാണ് സഹകരണം. 1828 ൽ ബ്രിട്ടനിലെ 25 ചർക്കുമിൽ തൊഴിലാളികൾ ചേർന്നാണ് ആദ്യമായി ഒരു സഹകരണസംഘം രൂപീകരിച്ചത്. ലോകത്തിലെ സഹകരണപ്രസ്ഥാനം ഇന്നു വർഷങ്ങൾ പിന്നിട്ടുകഴിഞ്ഞു ലോകരാഷ്ട്രങ്ങളുടെ ഇടയിൽ സഹകരണരംഗത്ത് ഇന്ത്യ ഒന്നാമതായി നിൽക്കുന്നു. കേരളം സഹകരണരംഗത്ത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയാണ്. ഗ്രാമീണ മേഖലയിൽ ജനങ്ങളുടെ സാമ്പത്തിക സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ പ്രസ്ഥാനം വളരെയേറെ പ്രയോജനം ചെയ്യുന്നുണ്ട്. 'അധികാരം ജനങ്ങളിലേക്ക്' എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിന് തുടക്കം കുറിച്ചിരിക്കുന്ന ജനകീയ ആസൂത്രണ പരിപാടികൾ വിജയിപ്പിക്കുന്നതിന് നിരവധി സംഭാവനകൾ നൽകുവാൻ ഈ പ്രദേശത്തെ സഹകരണ സ്ഥാപനങ്ങൾക്ക് കഴിയും. പഞ്ചായത്തിലെ ജനങ്ങൾ സാമ്പത്തികമായി ആശ്രയിക്കുന്ന ഏക സഹകരണ സ്ഥാപനമാണ് മുടക്കുഴ സർവ്വീസ് സഹകരണബാങ്ക്. സഹകരണരംഗം പുഷ്ടിപ്പെടുത്തുവാൻ വിദ്യാഭ്യാസപരമായി മുന്നാക്കം നില്ക്കുന്ന പ്രദേശമാണ് മുടക്കുഴ ഗ്രാമപഞ്ചായത്ത്.

നാളിതുവരെ രജിസ്റ്റർചെയ്യപ്പെട്ടിട്ടുള്ള സഹകരണ സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. മുടക്കുഴ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 693
2. തുരുത്തി ക്ഷീരോല്പാദക സഹകരണസംഘം
3. മുടക്കുഴ ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘം, തുരുത്തി
4. മുടക്കുഴ ഈസ്റ്റ് ക്ഷീരോൽപ്പാദക സഹകരണ സംഘം, മുടക്കുഴ
5. മുടക്കുഴ വെസ്റ്റ് ക്ഷീരോല്പാദക സഹകരണ സംഘം, അകനാട്
6. മീമ്പാറ ക്ഷീരോല്പാദക സഹകരണ സംഘം, മീമ്പാറ
7. അഗ്രോ സർവ്വീസ് സെൻറർ, മീമ്പാറ

ഇതുകൂടാതെ സ്കൂളുകളുമായി ബന്ധപ്പെട്ട പ്രവർത്തിയ്ക്കുന്ന സഹകരണ സംഘങ്ങളുമുണ്ട്. ഈ പഞ്ചായത്തിലെ ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്ന സഹകരണ സ്ഥാപനം മുടക്കുഴ സർവ്വീസ് സഹകരണബാങ്കാണ്.

II സഹകരണരംഗത്തെ ആവശ്യങ്ങൾ

1 കാർഷികോല്പന്നങ്ങൾ (വിഭവങ്ങൾ) സമാഹരിക്കുവാൻ കാർഷികസംഘങ്ങൾ ഉണ്ടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

2 പഞ്ചായത്ത് തലത്തിൽ വനിതാ സഹകരണ സംഘങ്ങൾ തുടങ്ങുക അതിനുവേണ്ടി തയ്യൽ എംബ്രോയ്ഡറി, പ്രസ്സ്, ബയൻറിംഗ്, മെഴുകുതിരി, സോപ്പ് എന്നിവയുടെ സഹകരണസംഘങ്ങൾ തുടങ്ങുവാൻവേണ്ട നടപടികൾ സ്വീകരിക്കുക

3, മുടക്കുഴ സർവ്വീസ് സഹകരണബാങ്കിൻറെ ഒരു ശാഖ ഈ പഞ്ചായത്തിൻറെ മദ്ധ്യഭാഗമായ മുടക്കുഴ പോസ്റ്റോഫീസ് കവലയിൽ തുടങ്ങുന്നതിനുവേണ്ട നടപടി സ്വീകരിക്കുക

4 തുരുത്തിയിൽ പ്രവർത്തിക്കുന്ന ഹരിജൻ സഹകരണസംഘത്തിൻറെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

5. കാർഷികമേഖലയിൽ ഇപ്പോൾ ഈ പഞ്ചായത്തിൽ റബ്ബർ ഉല്പാദനം കൂടുതൽ ഉള്ളതിനാൽ റബ്ബർ ബോർഡിൻറെ ഒരു സഹകരണസംഘം പഞ്ചായത്ത് അടിസ്ഥാനത്തിൽ തുടങ്ങുക.

6. പഞ്ചായത്തടിസ്ഥാനത്തിൽ കാർഷിക സഹകരണസംഘങ്ങൾ രൂപീകരിച്ച് വിത്ത്, വളം, കീടനാശിനി, കുമിൾനാശിനി മറ്റ് സാങ്കേതിക ഉപകരണങ്ങളും സഹായവും നല്കുക. കൂടാതെ കൃഷിക്കാരുടെ ഉല്പന്നങ്ങൾ വാങ്ങാനുള്ള ഒരു സഹകരണ മാർക്കറ്റ് തുടങ്ങുകയും ഇതിനുവേണ്ടി മുടക്കുഴ സർവ്വീസ് സഹകരണബാങ്കിൻറെ സഹായ സഹകരണം തേടുകയുംവേണം.

III മുടക്കുഴ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന സഹകരണ സംഘങ്ങളെ സംബന്ധിച്ച വിവരങ്ങൾ

സ്ഥാപനത്തിൻറെ പേരു്:
1 മുടക്കുഴ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 693

മുടക്കുഴ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഏറ്റവും വലിയ സഹകരണ സംഘമാണ് ഈ ബാങ്ക്. കാർഷികമേഖലയായ ഈ പഞ്ചായത്ത് പ്രദേശത്തുള്ള കർഷകർക്ക് ഏക ആശ്രയം ഈ സ്ഥാപനമാണ്. അതിനുവേണ്ട പ്രവർത്തനത്തിൽ നല്ലപങ്ക് ഈ സ്ഥാപനം നിർവ്വഹിക്കുന്നു. കൂടാതെ സാധാരണജനങ്ങളുടെ അത്യാവശ്യ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ വലിയപങ്കുവഹിക്കുന്നുണ്ട്.

a) പ്രവർത്തനപരിധി — മുടക്കുഴ പഞ്ചായത്ത് പ്രദേശം

b) പ്രവർത്തനം ആരംഭിച്ച വർഷം — 11.4.1924

c) ആകെ അംഗങ്ങളം — 8608

d) ഒരു ഓഹരിയുടെ വില — 5 രൂപ

e) അംഗീകൃത ഓഹരി മൂലധനം — 37,55000രൂപ

f) നൽകുന്ന വായ്പകളം —

- കാർഷിക വായ്പകളം
- സാധാരണ വായ്പകളം
- ഭവനനിർമ്മാണ വായ്പകളം
- സ്വയംതൊഴിൽ വായ്പകളം
- നിക്ഷേപ വായ്പകളം
- സ്വർണ്ണപണയ വായ്പകളം
- പ്രത്യേക വായ്പകളം

g) ജില്ലാസഹകരണ ബാങ്കിൽനിന്നും ലഭിക്കുന്ന വായ്പകളം

ഹ്രസ്വകാലവായ്പ, മദ്ധ്യകാല വായ്പ ദീർഘകാല വായ്പ

h സഹകരണരംഗത്തു് നടത്തുന്ന പ്രവർത്തനങ്ങൾ–

- വായ്പ വിതരണം ചെയ്യുന്നു.
- നിക്ഷേപം സ്വീകരിക്കുന്നു.
- കൺസ്യൂമർ സ്റ്റോർ നടത്തുന്നു.
- വളം, കീടനാശിനി, എന്നിവ വില്പന നടത്തുന്നു.
- ചിട്ടികളം നടത്തുന്നു.

2) മുടക്കുഴ പഞ്ചായത്ത് ഹരിജൻ വിവിധോദ്ദേശ സഹകരണസംഘം (E/729) തുരുത്തി

a) തുടങ്ങിയ വർഷം — 1981

b) ആകെ അംഗങ്ങളം — 429

c) മൂലധനം — 2,51000/-

d) പ്രവർത്തനപരിധി — മുടക്കുഴ ഗ്രാമപഞ്ചായത്തു് പ്രദേശം.

e) സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളം

പ്രിന്റിംഗ് പ്രസ്സ്, ടൈലറിംഗ് യൂണിറ്റ് പവ്വർ ടില്ലർ.

3) മീമ്പാറ ആഗ്രോസർവ്വീസ്, സെന്റർ മീമ്പാറ–

തുടങ്ങിയ വർഷം — 1992

സേവനം:– കാർഷിക ആവശ്യങ്ങൾക്ക് പവ്വർടില്ലർ ഡീസൽ പമ്പ്സെറ്റ്, സ്പ്രെയറുകളം എന്നിവ വാടകയ്ക്ക് കൊടുക്കുന്നു

4) മുടക്കുഴ ഈസ്റ്റ് ക്ഷീരോല്പാദക സഹകരണസംഘം–

APCOS-E/185 (D) മുടക്കുഴ

മുടക്കുഴ പഞ്ചായത്താഫീസിനു് സമീപം 3-ാവാർഡിൽ പ്രവർത്തിക്കുന്നു. ഈ പ്രദേശത്തെ ക്ഷീരകർഷകരുടെ ആശാകേന്ദ്രമായി പ്രവർത്തിക്കുന്നു.

5) മുടക്കുഴ വെസ്റ്റ് ക്ഷീരോല്പാദക സഹകരണ സംഘം

മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ മധ്യഭാഗമായ 7-ാം വാർഡിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന സംഘമാണിതു്. സ്വന്തമായ സ്ഥലത്തു് തനതായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മുടക്കുഴ, അകനാട്, ഇളമ്പകപ്പിള്ളി, ചുണ്ടക്കുഴി എന്നീ പ്രദേശങ്ങളിലെ ക്ഷീരകർഷകർക്കു് ആശ്വാസമാണ് ഈ സ്ഥാപനം.

6) മീമ്പാറ ക്ഷീരോല്പാദക സഹകരണ സംഘം മീമ്പാറ.

മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ വടക്കുകിഴക്കു ഭാഗമായ 5-ാം വാർഡിലെ മീമ്പാറയിൽ പ്രവർത്തിക്കുന്നു. ക്ഷീരോല്പാദനരംഗത്തു് കൂടുതൽ വളർച്ച പ്രാപിച്ചുക്കൊണ്ടിരിക്കുന്ന ഈ പ്രദേശത്തെ മാതൃകാ സ്ഥാപനമായി സംഘം പ്രവർത്തിയ്ക്കുന്നു.

7) തുരുത്തി ക്ഷീരോല്പാദക സഹകരണസംഘം–തുരുത്തി

ഈ പഞ്ചായത്തിന്റെ തെക്കുകിഴക്കു് പ്രദേശമായ 1-ാം വാർഡിലെ തുരുത്തിയിൽ പ്രവർത്തിയ്ക്കുന്നു മുടക്കുഴ പഞ്ചായത്തിൽ ആദ്യമായി തുടങ്ങിയ ക്ഷീരോല്പാദക സഹകരണ സംഘമാണിതു്. ക്ഷീരകർഷകരുടെ ആശാകേന്ദ്രമായി സംഘം പ്രവർത്തിയ്ക്കുന്നു.

കാഷിക മേഖലയെ ആശ്രയിച്ചു് ഉപജീവന മാർഗ്ഗം നടത്തുന്ന ആളുകൾ തിങ്ങിപാർക്കുന്ന പ്രദേശമാകയാൽ കാർഷിക വിഭവങ്ങൾ സമാഹരിക്കുകയും, സംസ്കരിക്കുകയും, വിപണനം നടത്തുകയും ചെയ്യുന്നതിനായി ഈ മേഖലയിൽ കാർഷിക സഹകരണ സംഘവും വിപണനകേന്ദ്രവും അനിവാര്യമാണു്

ഇപ്പോഴും കാർഷിക ഉൽപ്പന്നങ്ങളും വാങ്ങുന്നതിനും വിൽക്കുന്നതിനും തൊട്ടടുത്ത പട്ടണപ്രദേശമായ പെരുമ്പാവൂരിലേക്ക് പോകേണ്ടി വരുന്നു. അതേപോലെ ഈ പഞ്ചായത്തിൽ വനിതകളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനം ആരംഭിയ്ക്കേണ്ടത് അത്യാവശ്യമാണ്.

വനിതക്ഷേമം

കേരളത്തിലെ സ്ത്രീകളും ഇന്നും സാമൂഹിക-സാംസ്കാരിക രംഗത്ത് പിന്നിലാണ്. മുടക്കുഴ പഞ്ചായത്തിലും സ്ഥിതി വ്യത്യസ്തമല്ല. കഴിഞ്ഞ കാലങ്ങളിൽ നിലനിന്നിരുന്ന സ്ത്രീകളോടുള്ള വിവേചനവും അസ്വാതന്ത്ര്യവും വിദ്യാഭ്യാസം നേടുന്നതിൽ അവരെ പിന്തിരിപ്പിച്ചിരുന്നു പുറത്തു തൊഴിലിനു പോകുന്നതും സാമൂഹിക രംഗത്തു പ്രവർത്തിക്കുന്നതും ഒരു കുറവായിട്ടാണ് അന്ന് കരുതിയിരുന്നത്. കേരളത്തിലെ ജാതിവ്യവസ്ഥയും ജന്മിത്ത വാഴ്ച അനാചാരവും, അന്ധവിശ്വാസങ്ങളും സ്ത്രീകളുടെ ഉന്നമനത്തിന് തടസമായിട്ടുണ്ട്. തൊഴിൽ ചെയ്യുന്നത് ഒരു കുറവായി സ്ത്രീകൾ ഇന്നു കരുതുന്നില്ല പൊതു പ്രവർത്തനരംഗത്ത് ഇന്നും സ്ത്രീകൾ മടിച്ചു നിൽക്കുന്നവരായിട്ടാണ് അനുഭവപ്പെടുന്നത്.

മുടക്കുഴപഞ്ചായത്തിലെ ആകെ ജനസംഖ്യയായ 15346-ൽ 7769 പേർ സ്ത്രീകളാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ 1404 വിദ്യാർത്ഥിനികളിൽ 705 പേർ വിദ്യാർത്ഥിനികളാണ് 55 അദ്ധ്യാപകരുള്ളതിൽ 33 പേർ അദ്ധ്യാപികമാരാണ്. പഞ്ചായത്തുപ്രദേശത്തെ സ്ത്രീകൾ കരിങ്കൽ ക്വാറികൾ ക്രഷറുകൾ, പ്രിന്റിംഗ് പ്രസുകൾ, പ്ലാസ്റ്റിക് നിർമ്മാണശാലകൾ, ഡെഡിമെയ്ഡ് സെന്ററുകൾ, കറി പൗഡർ നിർമ്മാണകേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളിലും കർഷകരംഗത്തും പ്രധാനമായും പണിയെടുക്കുന്നു കൂടാതെ തയ്യൽ നൂൽനൂൽപ് തുണിനെയ്ത്ത് പനമ്പുനെയ്ത്ത്, തഴപ്പായനെയ്ത്ത്, പശുവളർത്തൽ, പന്നിവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ തൊഴിലുകളിലും ധാരാളം സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നു. അദ്ധ്യാപനരംഗത്തും സർക്കാർ ആഫീസുകളിലും, വ്യവശായശാലകളിലും വനിതകൾ ജോലി ചെയ്യുന്നുണ്ട്. ടൗണുകളിൽ ഷോപ്പുകളിലും മറ്റും സെയിൽസ്ഗേളുകളായും ജോലി കണ്ടെത്തുന്നവരുണ്ട്. പഞ്ചായത്തുപ്രദേശത്തെ സ്ത്രീകളിൽ 50%പേർ വിവിധതരത്തരത്തിലുള്ള തൊഴിലാളികളാണ്. ഗൃഹഭരണം കഴിഞ്ഞ് ബാക്കിയുള്ള സമയം കൃഷി, പശുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയവയ്ക്കായി ചെലവഴിക്കുന്നു.

സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ അനുദിനം വളർന്നുവരികയാണ്. അർദ്ധപട്ടിണിയും പോഷകാഹാരങ്ങളുടെ കുറവും, ബാക്കിവരുന്നതും, കേടായതുമായ ഭക്ഷണം കഴിക്കുന്നതിലൂടെയും ഗുണനിലവാരം കുറഞ്ഞ ഔഷധങ്ങളുടെ ഉപയോഗംമൂലവും കൂടാതെ പുരുഷന്മാരുടെ പീഡനവും കുടുംബകാര്യങ്ങളിലുള്ള അലംഭാവംമൂലവും ഇവരുടെപ്രശ്നംഗുരുതരമാക്കുന്നു.

പഞ്ചായത്തുപ്രദേശത്തു വനിതാ വ്യവസായ സഹകരണ സംഘങ്ങളില്ല. DWCRA പദ്ധതിപ്രകാരം തുരുത്തിയിൽ ബൈൻഡിംഗ് യൂണിറ്റും ആനകല്ല്ഭാഗത്ത് കോഴിവളർത്തൽ യൂണിറ്റും, ഇളമ്പകപ്പിള്ളിയിൽ പശുവളർത്തലും നടന്നുവരുന്നു. ഈ രംഗത്ത് 30 വനിതകൾ ജോലിയെടുക്കുന്നുവെന്ന് കണക്കാക്കുന്നു. ഈ പഞ്ചായത്തിൽ വിധവാപെൻഷൻ വാങ്ങുന്ന 46 ആളുകളാണുള്ളത്.

ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

1. സ്വയംതൊഴിൽ യൂണിറ്റുകളും ചെറുകിട യൂറ്റുകളും തുടങ്ങുന്നതിനുള്ള സാങ്കേതിക-സാമ്പത്തിക സഹായം നൽകുക.
2. വനിതാവ്യവസായ സഹകരണസംഘം രൂപീകരിക്കണം.
3. അശ്ലീലകരമായി സ്ത്രീകളെ ചിത്രീകരിക്കുന്ന പോസ്റ്ററുകളും മറ്റുമാധ്യമങ്ങളിലും നിയന്ത്രണം ഏർപ്പെടുത്തുക.
4. മൊബൈൽ വായനശാലയ്ക്കുള്ള സൗകര്യം പഞ്ചായത്തു ലൈബ്രറിയിൽനിന്നും സഹായം നൽകുക.
5. തുല്യജോലിക്ക് തുല്യവേതനം നടപ്പാക്കുക.
6. വനിതകൾക്കായി തയ്യൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഗ്രാന്റ് നൽകുക.
7. മഹിളാസമാജങ്ങളില്ലാത്ത പ്രദേശങ്ങളിൽ രൂപീകരിക്കുന്നതിനു സഹായം നൽകുക.
8. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുവാൻ ശ്രമിക്കുക.
9. ബഹുജന സംഘടനകളിൽ വനിതയ്ക്ക് പ്രാതിനിധ്യം ഉറപ്പാക്കുക.
10. സഹകരണാടിസ്ഥാനത്തിൽ ബുക്ക് ബയിൻറിംഗ്, പ്രസ്, എംബ്രോയിഡറി, ഡെഡിമെയ്ഡ്, കറിപൗഡർ നിർമ്മാണം തുടങ്ങിയ യൂണിയറുകൾ തുടങ്ങുക.
11. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായവും മറ്റാനുകൂല്യങ്ങളും നൽകുക.
12. പഞ്ചായത്ത് തലത്തിൽ ഒരു വനിതാ നിയമ സഹായസെൽ രൂപീകരിക്കണം.

വനിതാക്ഷേമ പ്രവർത്തനങ്ങൾക്ക് ജനകീയാസൂത്രണ പ്രക്രിയയിൽ വമ്പിച്ച പ്രാധാന്യം കൽപ്പിക്കേണ്ടതുണ്ട്.

സംയോജിത ഗ്രാമവികസന പരിപാടി

മുടക്കുഴ പഞ്ചായത്ത്

(IRDP-Integrated Rural Development Programme)

ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കുവാനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളും തുല്യതോതിൽ ചെലവു പങ്കിട്ടു നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പരിപാടിയാണിത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (കുടുംബത്തിന്റെ മൊത്ത വാർഷിക വരുമാനം 11000 രൂപയ്ക്ക് താഴെ) കുടുംബങ്ങളെ സർവ്വേനടത്തി കണ്ടുപിടിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തുകൊണ്ട് തൊഴിലും വരുമാനവും ലഭ്യമാക്കി ദാരിദ്ര്യ നിർമ്മാർജ്ജനം തരണം ചെയ്യുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. വരുമാനക്ഷമമായ ആസ്തിയും നിക്ഷേപവും നൽകി വരുമാനം വർദ്ധിപ്പിക്കുകയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിലേക്ക് ഉള്ള മുതൽ മുടക്ക് തുകയിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും സർക്കാരിൽ നിന്നുള്ള ധനസഹായവും ഉൾപ്പെടുന്നു. പട്ടിക ജാതി / വർഗ്ഗ കുടുംബങ്ങൾക്ക് 50%ും (പരമാവധി 6000/- രൂപയും) മറ്റു വിഭാഗക്കാർക്ക് $33\frac{1}{3}$%ും (പരമാവധി 4000/-രൂപയും) 40%ന് മേൽ അംഗവൈകല്യമുള്ളവർക്ക് 50%ും (പരമാവധി6000/ രൂപ) ധനസഹായം നൽകുന്നു. ഓരോ വർഷവും ധനസഹായം ചെയ്യുന്ന കുടുംബങ്ങളുടെ ലക്ഷ്യത്തിൽ 50% പട്ടികജാതി / വർഗ്ഗ വിഭാഗത്തിനും 40% വനിതകൾക്കും 3% വികലാംഗർക്കും നീക്കിവയ്ക്കേണ്ടതാണ്. നടപ്പു സ്കീമിൽ ഓരോ കുടുംബത്തിനും ആസ്തി സ്വരൂപിക്കുന്നതിനു് ചുരുങ്ങിയതു് 15,000/- രൂപയെങ്കിലും നൽകണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ആസ്തി സ്വരൂപിയ്ക്കുന്ന നാൾ മുതൽ തൊഴിലും വരുമാനവും ഉണ്ടാകണമെന്നും പദ്ധതിയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. 1992 ലേയും, 1995ലേയും കുടുംബ സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1284 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്, ഇതിൽ പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട 186 കുടുംബങ്ങളും ഉണ്ട്. 1992-93 മുതൽ 95-96 വരെയുള്ള കാലയളവിൽ 260 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. അതിൽ 142 പട്ടികജാതി / വർഗ്ഗ കുടുംബങ്ങളാണ്. 19.64 ലക്ഷം രൂപ വായ്പ ഇനത്തിലും 10.16 ലക്ഷം രൂപ സബ്സിഡിയും കൂടി ഒമ്പത്തം 29.80 ലക്ഷം രൂപ പ്രസ്തുത 260 കുടുംബങ്ങൾക്കായി വിതരണം നടത്തിയിട്ടുണ്ട്.

സ്വരൂപിക്കുന്ന ആസ്തികൾ ചുരുങ്ങിയതു് അഞ്ചുവർഷം വരെയെങ്കിലും സംരക്ഷിച്ചു കൊള്ളണമെന്നും വ്യവസ്ഥയുണ്ട്. ആജ്ജീക്കുന്ന ആസ്തി വഴി തൊഴിലിൽ ഏർപ്പെടേണ്ടതും വരുമാനമുണ്ടാക്കിയ കാലയളവിനുള്ളിൽ ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ എത്താതെ വരുന്ന അവസരങ്ങളിൽ പ്രത്യേകിച്ച് പട്ടികജാതി / വർഗ്ഗ കുടുംബങ്ങൾക്ക് നിലവിലുള്ള പദ്ധതിക്കോ അനുബന്ധ പദ്ധതികൾക്കോ പുനർവായ്പയും ധനസഹായവും നൽകുന്നതു് ഈ പദ്ധതിയുടെ മറ്റൊരു സവിശേഷതയാണ്.

നടപ്പു വർഷത്തിൽ 96-97 ഈ പഞ്ചായത്തിൽ 34 കുടുംബങ്ങളെ ഈ പദ്ധതിയിൽ പങ്കെടുപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 30-11-96 വരെയുള്ള കാലയളവിൽ 2.21 ലക്ഷം രൂപ വായ്പയും 84,321 രൂപ ധനസഹായവും കൂടി ആകെ 3.05 ലക്ഷം രൂപ 19 കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. വായ്പാ വിഹിതത്തിനു് നിലവിൽ 12.5% പലിശയാണ് ഗുണഭോക്താവ് നൽകേണ്ടിവരുന്നതു്.

ട്രൈസം

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ തൊഴിലില്ലാത്ത യുവതി യുവാക്കൾക്കായി (18 നും 35നും മദ്ധ്യേ) അഭിരുചിക്കനുസരിച്ച് വിദഗ്ധമായ പരിശീലനം നൽകുന്ന ഒരു പരിപാടി IRDPയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനെ ട്രൈസം എന്നുവിവക്ഷിക്കുന്നു TRYSEM Training Rural Youth for self Employment. ഗ്രാമാന്തരീക്ഷത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വിഷയങ്ങൾക്ക് പരിശീലനാർത്ഥികൾക്ക് 200 രൂപയും പരിശീലനം നൽകുന്ന സ്ഥാപനത്തിനു് 100രൂപയും പ്രതിമാസ പ്രതിഫലം നൽകുന്നു. സാങ്കേതിക പരിശീലനം നല്ലുന്ന കുട്ടികൾക്കായി പണിയായുധങ്ങൾ വാങ്ങുന്നതിനു് 800 രൂപ ധനസഹായം നൽകുന്ന പരിപാടിയും ഈ പദ്ധതിയിൽ ഉണ്ട്.

92-93മുതൽ 95-96 വരെയുള്ള കാലയളവിൽ 26 പേർക്ക് ഈ പദ്ധതിയിലൂടെ പരിശീലനം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ 63546 രൂപ ചെലവഴിച്ചിട്ടുണ്ട്. അവരിൽ 8 പേർ IRDP സ്കീമിൽ സ്വയം തൊഴിൽ കണ്ടെത്തുകയും 18 പേർ വിവിധ സ്ഥാപനങ്ങളിൽ ജോലി നേടുകയും ചെയ്തിട്ടുണ്ട്. നടപ്പു

വർഷത്തേക്ക് ബ്ലോക്കിനു നിശ്ചയിച്ചിട്ടുള്ള 43 എന്ന ലക്ഷ്യത്തിൽ അർഹമായ വിഹിതം ഈ പഞ്ചായത്തിനു നൽകുന്നതും ആണ്. യുവതി യുവാക്കളെ പരിശീലനത്തിനു് തെരഞ്ഞെടുക്കുന്ന പരിപാടി നടന്നു കൊണ്ടിരിക്കുകയാണ്.

ടൈസം പദ്ധതിയിലെ ഒരു വിഹിതം തുക ഗ്രാമീണ കരകൗശല വിദഗ്ധർക്ക് മെച്ചപ്പെട്ട പണിയായുധങ്ങൾ വാങ്ങുന്നതിനു് ആളൊന്നിനു് 4050/- എന്ന ക്രമത്തിൽ 94-95 വർഷങ്ങളിൽ ഈ പഞ്ചായത്തിൽ 30 പേർക്ക് മെച്ചപ്പെട്ട പണിയായുധങ്ങൾ നല്കുക വഴി 1.22 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽപറഞ്ഞ പദ്ധതികൾ ഗുണഭോക്താക്കളെ IRDP ലിസ്റ്റിൽ നിന്നും കുടുംബങ്ങളുടെ വാർഷിക വരുമാന അടിസ്ഥാനത്തിൽ അന്ത്യോദയ സമീപനം നടത്തി അതായതു വർഷത്തേക്കുള്ള പട്ടിക തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിനു വിധേയമായി നടപ്പിലാക്കുന്നു.

ചെറുകിട, പരിമിത കർഷകരുടെ കാഷ്യൂ കൃഷിപുരോഗതിക്കുവേണ്ടി ജലസേചന സൗകര്യത്തിനു് മോട്ടോർ പമ്പ്സെറ്റ്, എൻജിൻ പമ്പ്, കിണർകുഴിക്കൽ എന്നിവയ്ക്ക് ചെറുകിട ജലസേചന പദ്ധതി പ്രകാരം ധനസഹായ സ്ഥാപനങ്ങളിൽ നിന്നു് വായ്പ നൽകുന്നു. വായ്പ വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ ചെറുകിട കർഷകർക്ക് 25%വും പരിമിത കർഷകർക്ക് 33⅓% പരമാവധി 3000/- രൂപ.) ബ്ലോക്കുവഴി ധനസഹായം നൽകുന്നു. 8-ാം പദ്ധതിക്കാലത്തു് നാളിതുവരെ 9 ഗുണഭോക്താക്കൾക്ക് വായ്പയായി 49417 രൂപയും ധനസഹായമായി 22783/- രൂപയും നൽകിയിട്ടുണ്ട്.

നിലവിലുള്ള വനിതാക്ഷേമ പദ്ധതികൾ

1. പോഷകാഹാര വിതരണം

മുടക്കുഴ പഞ്ചായത്തിൽ 5 ബാലവാടികളും (CPWP) 3 A N P സെൻറുകളും പ്രവർത്തിക്കുന്നുണ്ട്. 1995 ജൂൺ മാസം വരെ World food പ്രോഗ്രാം അനുസരിച്ച് C S M, B. W., Oil എന്നീ പോഷകാഹാരങ്ങൾ എല്ലാ സെൻറുകളിലും വിതരണം നടത്തിയിട്ടുണ്ട്. അതിനു ശേഷം 1996 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഗവണ്മെൻറിന്റെ ധനസഹായത്തോടെ മാവേലിസ്റ്റോർ വഴി അരി, ചെറുപയർ എന്നീ സാധനങ്ങൾ ഉപയോഗിച്ച് സെൻറുകളിൽ ഉച്ചഭക്ഷണം നടത്തിയിട്ടുണ്ട്.

ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 5 വയസ്സുവരെയുള്ള കുട്ടികൾ എന്നിവരാണിതിന്റെ ഗുണഭോക്താക്കൾ.ഓരോ വർഷവും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു് പദ്ധതി ബാലവാടി, A. N. P. സെൻറുകൾ എന്നിവ വഴി നടപ്പിൽ വരുത്തുന്നു.

എല്ലാ ബാലവാടികളിലും 3 വയസ്സു മുതൽ 5 വയസ്സുവരെയുള്ള കുട്ടികളെ പഠിപ്പിയ്ക്കുന്നുണ്ട്. ഓരോ ബാലവാടിയിലും ഓരോ അദ്ധ്യാപികയും അവരെ സഹായിക്കുന്നേതിനും ഫീഡിങ്ങ് സാധനങ്ങൾ ഉണ്ടാക്കുന്നേതിനും ഹെൽപ്പറും ഉണ്ട്. A. N. P. സെൻറുകളിൽ ഹെൽപ്പർ മാത്രമേയുള്ളൂ.

2. ദാരിദ്ര്യ വനിതാ ബോധവൽക്കരണ ക്യാമ്പ്

ഓരോ ക്യാമ്പ് വീതം ഓരോ വർഷവും മുടക്കുഴപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ മഹിളാ സമാജത്തിൻറേയും പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഓരോ വർഷവും ഓരോ ബാലവാടിയിൽ വച്ച് രണ്ടുദിവസം വീതം ക്യാമ്പ് നടത്തിവരുന്നു. 50 അമ്മമാരെയാണ് പങ്കെടുപ്പിക്കാൻ ഗവണ്മെൻറിൽ നിന്നും നിർദ്ദേശിച്ചിരിയ്ക്കുന്നതു്. 600 രൂപ ഗവണ്മെൻറിൽ നിന്നും ഗ്രാൻറായി രണ്ടു ദിവസത്തെചിലവിലേയ്ക്കായി ലഭിക്കാറുണ്ട്. ജീവിത ചെലവുകൾ വർദ്ധിച്ചിരിയ്ക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ തുക വളരെകുറവാണ്. 600രൂപ കഴിച്ചുള്ളതുക മഹിളാസമാജങ്ങൾ അംഗങ്ങളിൽ നിന്നും പിരിച്ചുണ്ടാക്കിയാണ് ഇതു പോലുള്ള ക്യാമ്പുകൾ സംഘടിപ്പിയ്ക്കുന്നതു്. ഈരണ്ടു ദിവസത്തെ ക്യാമ്പിൽ വിവിധ വിഷയങ്ങളെക്കുറിച്ച് അതാതിന്റെ വിദഗ്ധർ ചർച്ചാക്ലാസ്സുകൾ നടത്താറുണ്ട്.

3 J. R. Y. സോഷ്യൽ ഫോറസ്ട്രി

സാമൂഹ്യ വനവൽക്കരണ പരിപാടിയനുസരിച്ച് 90-91 സാമ്പത്തിക വർഷത്തിൽ മുടക്കുഴ പഞ്ചായത്തിലെ മഹിളാസമാജത്തിലെ അംഗങ്ങൾ, വഴിവൃക്ഷതൈകൾ സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. 92-93,93-94,

94_95 സാമ്പത്തിക വർഷത്തിൽ മുടക്കഴ പഞ്ചായത്തിലെ ചെറുകിട പരിമിത കർഷകർക്കും SC/ST വിഭാഗങ്ങൾക്കുമായി 1200 ഫല വൃക്ഷത്തൈകളും വിതരണം നടത്തിയിട്ടുണ്ട്. ചെറുകിട പരിമിത കർഷകർക്ക് 50% സബ്സിഡിയും SC/STക്കു മുഴുവൻ തുകയും സബ്സിഡിയായിട്ടാണ് തൈകളും വിതരണം നടത്തിയതു്. നടപ്പുവർഷത്തിൽ ഈ പദ്ധതിക്കു് തുക അനുവദിച്ചിട്ടില്ല.

4. ഗ്രാമീണ വനിതാ ശിശു വികസന പദ്ധതി (DWCRA)

IRDP സർവ്വേലിസ്റ്റിൽ പെട്ട 10 വനിതകളെ തെരഞ്ഞെടുത്തു് അവർക്കു് ബാങ്കുമുഖേന ലോണും സബ്സിഡിയും കൊടുത്തു് താല്പര്യമുള്ള പദ്ധതി തെരഞ്ഞെടുത്തു് ഗ്രൂപ്പായിട്ടു് സ്വയം തൊഴിൽ ചെയ്യുന്ന പദ്ധതിയാണിതു്. ചാരിറ്റബിൾ സൊസൈറ്റി ആക്ടു് അനുസരിച്ചു് ഈ ഗ്രൂപ്പു് രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിക്കുന്ന 10ൽ 5 പേർ SC/ST വിഭാഗത്തിൽപെട്ടവരായിരിയ്ക്കുമെന്നു് നിബന്ധനയുണ്ടു്. SC/ST യിൽ പെട്ട ഓരോ അംഗത്തിനും 6000 രൂപയും അല്ലാത്തവർക്കു് 4000/- സബ്സിഡിയായി ലഭിക്കുന്ന ബാക്കി തുക ലോണായി ബാങ്കിൽ തിരിച്ചടയ്ക്കേണ്ടതാണു്. ഈ പദ്ധതി അനുസരിച്ചു് ഓരോ അംഗത്തിനും 15000 രൂപ ലോണും സബ്സിഡി കൂടി ലഭിക്കുന്നു. ഇതു മൂലം ഓരോ അംഗത്തിന്റേയും കുടുംബവരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുന്നു.

കൂടാതെ ഗവണ്മെൻറിൽ നിന്നും ഓരോ യൂണിറ്റിനും ഇപ്പോൾ 25000/- റിവോൾവിങ്ങു് ഫണ്ടായി ലഭിക്കുന്നു. നേരത്തെ ഈ തുക 15200/- ആയിരുന്നു (94_95 വരെ). ടെയിനിങ്ങു് ആവശ്യമുള്ള പദ്ധതിയാണെങ്കിൽ ടയിസം പരിപാടി പ്രകാരം അവർക്കു് ടെയിനിങ്ങു് കൊടുത്തു വരുന്നു. മുടക്കഴ പഞ്ചായത്തിലെ ഗ്രാമശ്രീ DWCRA അംഗങ്ങൾക്കു് ടയിസം പരിപാടിയിൽ ടെയിനിങ്ങു് 6 മാസം കൊടുത്തിട്ടുണ്ടു്.

മുടക്കഴ പഞ്ചായത്തിൽ 3 DWCRA യൂണിറ്റുകളും പ്രവർത്തിയ്ക്കുന്നുണ്ടു്. അവയുടെ വിശദ വിവരങ്ങളും താഴെ ചേർക്കുന്നു.

ക്രമനമ്പർ (94_95)	യൂണിറ്റിന്റെ പേരു്	പദ്ധതി	അംഗങ്ങളും	ലോൺ	സബ്സിഡി	റിവോൾവിങ്ങു് ഫണ്ടു്
1.	ഗ്രാമശ്രീ DWCRA തുരുത്തി	ബുക്കു് ഉണ്ടാക്കൽ	10	1,53,520	39500	15200/-
2.	ഹരിശ്രീ DWCRA കണ്ണഞ്ചിരമോളം	കോഴിവളർത്തൽ	10	1,00,000/-	38820/-	,,
3.	പ്രതീക്ഷ DWCRA എളമ്പകപ്പിള്ളി	പശുവളർത്തൽ	10	1,00,000	45000/-	,,

എല്ലാ യൂണിറ്റിന്റേയും പ്രവർത്തനം നടക്കുന്നുണ്ടു്.

റിപ്പോർട്ട് തയ്യാറാക്കിയവർ

1. ശ്രീ കെ. എം ഐസക് (റിട്ടയേർഡ് ഹെഡ്മാസ്റ്റർ)
2. ,, എ. ജെ. പൗലോസ് (റിട്ടയേർഡ് അദ്ധ്യാപകൻ)
3. ,, പി. രാജപ്പൻ നായർ (റിട്ടയേർഡ് അദ്ധ്യാപകൻ)
4. ,, കെ. വി സുകുമാരൻ (കൃഷി വകുപ്പ്)
5. ,, പി. പി. തമ്പി (സാക്ഷരതാ കോ. ഓർഡിനേറ്റർ)
6. ,, കെ ആർ. ശിവശങ്കരൻ (തൊഴിലാളി വിദ്യാഭ്യാസ ബോർഡ് റൂറൽ എജ്യുക്കേറ്റർ)
7. ,, ടി. കെ. ഇട്ടീര (റിട്ടയേർഡ് ജോ. ഡയറക്ടർ കൃഷിവകുപ്പ്)
8. ,, ടി. കെ ചന്ദ്രൻ (സെക്രട്ടറി, ആഗ്രാസർവ്വീസ് സെന്റർ മീനാറ)
9. ,, പി. എം. ചന്ദ്രൻ (പ്രസിഡന്റ്, പട്ടികജാതി സഹകരണസംഘം തുരുത്തി)
10. ,, പി. പി. അവറാച്ചൻ (മുടക്കുഴ സർവ്വീസ് സഹകരണബാങ്ക് – ബോർഡ് മെമ്പർ)

എഴുതാൻ സഹായിച്ചവർ

1. കുമാരി കെ. കെ. ഗിരിജ (സാക്ഷര ഇൻസ്ട്രക്റ്റർ)
2. ,, കെ. കനകകുമാരി (,,)

വാർഡുതല റിപ്പോർട്ട് തയ്യാറാക്കിയവർക്കും പഞ്ചായത്തു റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ചപഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾക്കും സെക്രട്ടറി ശ്രീമതി **കെ ജി. സുലോചന**യ്ക്കും ഓഫീസ് സ്റ്റാഫ് **ശ്രീ. V. K. ജോണി, ശ്രീ. K. N. രാജൻ, ശ്രീ. K. K. നാരായണൻ, ശ്രീ. K. C. ബാലകൃഷ്ണൻ, ശ്രീ. P. K. തങ്കപ്പൻ, ശ്രീ. K. പൊവുകുഞ്ഞ്** എന്നിവർക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു.

ജനറൽ കൺവീനർ

(ഒപ്പ്)

A.K. മത്തായി

(പ്രസിഡന്റ്, മുടക്കുഴ സർവ്വീസ് സഹകരണ ബാങ്ക്)



അധികാരം ജനങ്ങൾക്ക്

9-ാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശ സ്ഥാപനങ്ങൾക്ക്.

ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്തം.

ആസൂത്രണം താഴെ നിന്നും മുകളിലോട്ട്.

ജനലക്ഷങ്ങൾ കർമ്മരംഗത്തേക്ക്.

സമഗ്ര വികസനം നമ്മുടെ ലക്ഷ്യം

Cologne Graphics, Pbr, Phone : 525450